# സംയോജിത നീർത്തട പരിപാലന പരിപാടി

# വിശദ പദ്ധതി രേഖ

### *പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്*
### *എറണാകുളം ജില്ല*

ഭാഗം: 01

# 1. ആമുഖം

അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണ്, വായു, ജലം, ജൈവസമ്പത്ത് എന്നിവയെ ആശ്രയിച്ചാണ് ഭൂമിയിൽ ജീവൻ നിലനിൽക്കുന്നത്. എന്നാൽ ഇവയുടെ അശാസ്ത്രീയമായ ഉപഭോഗവും ചൂഷണവും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായി തീർന്നുകൊണ്ടിരിക്കുന്നു. ആയതിനാൽ ഇവയെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് കാർഷികോൽപാധന വർദ്ധനവും, പരിസ്ഥിതി സംരക്ഷണവുമാണ് നീർത്തട പരിപാടിയിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടിയിലൂടെ മണ്ണും, ജലവും, ജൈവസമ്പത്തും നിലനിർത്തുന്നതിനാവശ്യമുളള പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പാക്കുകയും മണ്ണിലെ ജല സന്തുലിതാവസ്ഥ നിലനിർത്തുകയുമാണ് ചെയ്യുന്നത്. മുൻ പദ്ധതികൾക്കു സംഭവിച്ച ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പരിപൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കപ്പെടുന്നത്.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി ബ്ലോക്ക് പഞ്ചായത്ത് നിലകൊളളും. വിശദമായ പദ്ധതി രേഖ നിർവ്വഹണം പാലക്കാട് മുണ്ടൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സാങ്കേതിക സഹായ സംഘമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, (ഐ.അർ.ടി.സി) ആണ് നിർവഹിക്കയുന്നത്.

പദ്ധതി പ്രദേശത്തെ മുഴുവൻ വിസ്തീർണ്ണം 4428 ഹെക്ടറാണ്. സംയോജിത നീർത്തട പരിപാലന പരിപാടി പാമ്പാക്കുട ബ്ലോക്കിൽ നടപ്പാക്കുമ്പോൾ 3 ഗ്രാമ പഞ്ചായത്തുകളിലായി പ്രത്യക്ഷത്തിൽ 25 ഓളം വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് - ഇലഞ്ഞി, പിറവം, പാമ്പാക്കൂട എന്നി പഞ്ചായത്തുകൾക്കാണ് ഇതിന്റെ ഗുണം ലഭിയ്ക്കുന്നത്. ഈ പഞ്ചായത്തുകളിലായി ഏഴ് നീർത്തടങ്ങളാണ് ഉൾപ്പെടുന്നത്- ഓണക്കൂർ, പിറവം, മുളക്കുളംവടക്കേക്കര, ഇലഞ്ഞി, പെരുമ്പടവം, മുളക്കുളം, വലിയതോട്.

### 1.1. പശ്ചാത്തലം

പൊതുമാർഗ്ഗനിർദേശത്തിലെ നിബന്ധനകളും പാർത്ഥസാരഥികമ്മിറ്റിയുടെ കണ്ടെത്തലുകളും Department of Land Resources ന്റെ നീർത്തട പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കി. Department of Land Resources ന്റെ DPAP, DDP, IWDP തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് ഒരു പുതിയ പദ്ധതിക്ക് രൂപം നല്കി, Integrated Watershed Management Programme (IWMP). ചെറു നീർത്തടങ്ങളെ സംയോജിപ്പിച്ച് പരിപാലിക്കുക, ഫണ്ടിന്റെ ഗഡുക്കളുടെ എണ്ണം കുറക്കുക, ഓരോ സംസ്ഥാനത്തിനും പദ്ധതി അംഗീകരിക്കാനുള്ള അധികാരം കൈമാറുക, കൃത്യമായി ഫണ്ട് വിനിയോഗിക്കുന്ന സ്ഥാപനങ്ങൾ പരിഗണിക്കുക, പദ്ധതി നടപ്പിലാക്കുന്നവരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, നിയന്ത്രണവും വിശകലനവും, ഡി.പി.ആർ.തയ്യാറാക്കുന്നതിന് ബഡ്ജ്ക്ടിലുള്ള കൃത്യമായ വ്യവസ്ഥ, ഭൂരഹിതർക്കായുള്ള ജീവസന്ധാരണ പ്രവർത്തനം, ഉല്പാദനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന സവിശേഷതകൾ.

### 1.2.നീർത്തടാധിഷ്ഠിത വികസനത്തിന്റെ ആവശ്യകതയും സാധ്യതയും.

അടിസ്ഥാന വിഭവമായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ച് പ്രകൃതിക്ക് യോജിച്ച വികസന പരിപാടികൾ ഏറ്റെടുക്കാൻ കഴിയുന്ന ഏറ്റവും ഉത്തമമായ പ്രകൃതിദത്ത യൂണിറ്റുകളാണ് വലുതും ചെറുതുമായ നീർത്തടങ്ങൾ. മണ്ണ് ജലം ജൈവസമ്പത്ത് എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ ജലസ്രോതസ്സുകൾ സംരക്ഷിയ്ക്കുക, ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുക, അനുയോജ്യമായ കൃഷിയിലൂടെയും കൃഷി പരിപാലന രീതികളിലൂടേയും സ്ഥിരതയുള്ളതും മെച്ചപ്പെട്ടതുമായ കാർഷിക ഉൽപാദനം നേടിയെടുക്കുക, വിവിധതരത്തിൽ ഉള്ള ജീവനോപാധി പ്രവർത്തനങ്ങളിലൂടെ വ്യക്തികളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും വർദ്ധനവുണ്ടാക്കുക, പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുക തുടങ്ങി വിവിധ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള വികസനമാണ് നീർത്തടാധിഷ്ഠിത വികസനം.

നീർത്തട വികസനത്തിലൂടെ പ്രദേശത്ത് നടപ്പാക്കുന്ന വിവിധ തരത്തിലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനത്തിന്റെ ഫലമായി സ്ഥലത്തിന്റെ കാര്യക്ഷമതയ്ക്ക് അനുസരിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ മുഴുവൻ പ്രദേശത്തും നടത്താൻ സാധിക്കുന്നു. നീർത്തടത്തിന്റെ ഉയർന്ന ഭാഗത്ത് നിന്ന് താഴ്ന്ന ഭാഗത്തേക്ക് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന രീതിയിലൂടെ മഴവെള്ളം പെയ്യുന്ന സ്ഥലത്ത് തന്നെ പിടിച്ചു നിർത്തുന്നു. അധികം വരുന്ന ജലം കുളത്തിലേക്കും കിണറുകളിലുമായി ശേഖരിച്ച് ഭാവി ഉപയോഗത്തിനായി മാറ്റുന്നു. മണ്ണൊലിപ്പിലൂടെയുള്ള നീർച്ചാൽ രൂപീകരണം തടയുന്നു. കാർഷിക വിളകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നു. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിള വ്യാപനവും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു.

നീർത്തട പ്രദേശത്തെ ജനങ്ങളുടെ പരസ്പര പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനാൽ പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ വികസനവും ഉപയോഗവും സാധ്യമാകും വിധം പരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുകയും പരമ്പരാഗത അറിവും നൂതന സാങ്കേതിക വിദ്യയും ഒരുമിപ്പിയ്ക്കുന്ന ഒരു സുസ്ഥിര വികസന മാതൃകയ്ക്ക് രൂപം നൽകുകയും അതിലൂടെ ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങളുടെ വർദ്ധന സമ്പത്തിന്റെ നീതിപൂർണ്ണമായ വിതരണം വികസന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ നിയന്ത്രണം എന്നിവ സാധ്യമാക്കുന്നു.

### 1.3. പ്രധാന ലക്ഷ്യങ്ങൾ

സംയോജിത നീർത്തടവികസന പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് :

- ❖ മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കുകയും ഭൂഗർഭജലവിതാനം ക്രമാനുഗതമായി ഉയർത്തികൊണ്ട് വരികയും ചെയ്യുക.
- ❖ ജൈവസമ്പത്തിന് സംഭവിച്ച് കൊണ്ടിരിക്കുന്ന ശോഷണം തടയുകയും പരമാവധി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി പരിസ്ഥിതി പുന:സ്ഥാപനം ഉറപ്പാക്കുകയും ചെയ്യുക.
- ❖ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കി കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം സംജാതമാക്കുക.
- ❖ രൂക്ഷമായികൊണ്ടിരിക്കുന്ന മണ്ണൊലിപ്പ് തടയുക, മണ്ണിന്റെ ഫലഭൂയിഷ്ടതയും ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക.

- ❖ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കുക.
- ❖ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനമായ പ്രകൃതി വിഭവ അടിത്തറ ശക്തമാക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
- ❖ വരൾച്ച വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ കാഠിന്യവും രൂക്ഷതയും കുറയ്ക്കുക.
- ❖ തരിശായി കിടക്കുന്ന ഭൂമി കൃഷിയ്ക്ക് ഉപയുക്തമാവും വിധം മാറ്റിയെടുക്കുക.
- ❖ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- ❖ കൃഷി യോഗ്യമായ മുഴുവൻ തരിശു ഭൂമികളിലും അനുയോജ്യമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ തരിശുരഹിത ഗ്രാമപഞ്ചായത്തുകൾ സൃഷ്ടിക്കുക.

### 1.4.സംഘടനാ സംവിധാനം

സംസ്ഥാനത്ത് IWMPയുടെ നിർവ്വഹണത്തിനുള്ള നോഡൽ ഡിപ്പാർട്ടമെന്റ് തദ്ദേശ്ശസ്വയംഭരണ വകുപ്പായിരിക്കും. സംസ്ഥാനത്തെ IWMP പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നതിനും ഓരോ പ്രോജക്ടിന്റെയും ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ, തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിനും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി ഒരു സംസ്ഥാനതല നോഡൽ ഏജൻസി ഉണ്ടായിരിക്കും. ഇത് കൂടാതെ ഗ്രാമവികസന കമ്മീഷണറേറ്റിൽ കണങജ പ്രവർത്തനങ്ങളുടെ സുഗമമായ നിർവ്വഹണത്തിന് വേണ്ട ഭരണപരവും സാങ്കേതികവും ആയ സഹായം നൽകുന്നതിനും സമയബന്ധിതമായി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു സാങ്കേതിക കണങജ സഹായ യൂണിറ്റും ഉണ്ടായിരിക്കുന്നതാണ്.

#### 1) ഭരണ നിർവ്വഹണം

**കേരള സർക്കാർ**
എസ്.എൽ.എൻ.എ യുടെ രൂപികരണം

↓

**ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി)**
ഏകീകരണം,മോണിറ്ററിംഗ്,വിലയിരുത്തൽ

↓

**ബ്ലോക്ക്പഞ്ചായത്ത് (പി ഐ.എ)**
ഡി.പി. ആർ തയ്യാറാക്കലും, പദ്ധതി നിർവ്വഹണവും

↓

**നീർത്തട കമ്മിറ്റി**
പദ്ധതി നിർവ്വഹണം

↓

**ഗ്രാമ സഭ**
മുൻ ഗണനാക്രമം നിശ്ചയിക്കലും പ്രവർത്തനനുമതിയും

**2) കാര്യനിർവ്വഹണം**

സംസ്ഥാനതല നോഡൽ ഏജൻസി (SLNA)
സംസ്ഥാനതലത്തിലുള്ള ഭരണവും മുൻ ഗണനാക്രമം നിശ്ചയിക്കലും

ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി (DLCC)
പദ്ധതികളുടെ സാങ്കേതികാനുമതി

ബ്ലോക്ക് തല കോ-ഓർഡിനേഷൻ കമ്മിറ്റി (BLCC)
ഡിപി ആറിന്റെ മേൽ നോട്ടവും പദ്ധതി നിർവ്വഹണവും

നീർത്തട കോ-ഓർഡിനേഷൻ കമ്മിറ്റി (WCC)
നീർത്തട പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയും യൂസർഗ്രൂപ്പുമായി സംയോജിപ്പിക്കൽ

യൂസർഗ്രൂപ്പ് (UG) /SHGs
നീർത്തട വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക

**3) സാങ്കേതിക തലം**

ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ (TSU)
സംസ്ഥാനതലത്തിൽ സാങ്കേതിക സഹായം നല്കുന്ന സംഘടന

വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (WCDC)
ഭരണപരവും സാങ്കേതികവുമായ അറിവ് പി ഐ എക്കും ഡിപിസിക്കും നല്കുന്ന സമിതി

നീർത്തട ഡെവലപ്മെന്റ് ടീം (WDT)

| നീർത്തട കമ്മിറ്റിയെ സാങ്കേതികമായി സഹായിക്കുക | ഡിപിആർ നിർമ്മാണം ,പദ്ധതി നിർവ്വഹണം എന്നിവയിൽ ബ്ലോക്കിനെ സഹയിക്കുക |
|---|---|

**1.5.ധനകാര്യ മാനേജ്മെന്റ്**

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ യൂണിറ്റ് കോസ്റ്റായി മലപ്രദേശങ്ങളിൽ ഒരു ഹെക്ടറിന് 15000 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 12000 രൂപയുമാണ് അനുവദിക്കുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കിയ നീർത്തടാധിഷ്ഠിത സമഗ്ര വികസനത്തിനായുള്ള ദീർഘകാല പരിപ്രേഷ്യത്തിന്റെ (സ്റ്റേറ്റ് പേർസ്പെക്റ്റീവ് & സ്ട്രാറ്റജിക് പ്ലാൻ) അടിസ്ഥാനത്തിലാണ് സംസ്ഥാന നോഡൽ ഏജൻസിയ്ക്ക് ഫണ്ടനുവദിക്കുന്നത്. ഈ ഫണ്ട് ടഘചഅ ദീർഘകാല പരിപ്രേഷ്യ പദ്ധതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

{Kma hnIk\ hlp¸v → ജില്ലാ നിർവ്വഹണ അധികാരി → ബ്ലോക്ക് പഞ്ചായത്ത് → നീർത്തട കമ്മിറ്റി → യൂസർ ഗ്രൂപ്പ്, സ്വയം സഹായ സംഘം

പാമ്പാക്കുട സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഫണ്ട് ഒരു ഹെക്ടറിന് 15000 രൂപ പ്രകാരം താഴെ പറയുന്ന അനുപാതത്തിലായിരിക്കും വിനിയോഗിക്കുക..

*പട്ടിക നം: 01 ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചുള്ള പൊതുവിവരങ്ങൾ*

| ക്രമ നമ്പർ | ഇനം | ശതമാനം | തുക |
|---|---|---|---|
| 1 | ഭരണപരമായ ചെലവുകൾ | 10 | 6642000 |
| 2 | മോണിറ്ററിംഗ് | 1 | 664200 |
| 3 | വിലയിരുത്തൽ | 1 | 664200 |
| പ്രാരംഭ ഘട്ടം | | | |
| 4 | മുന്നൊരുക്ക പ്രവർത്തനങ്ങൾ | 4 | 2656800 |
| 5 | പ്രാദേശിക സംവിധാനങ്ങൾ സ്ഥാപിയ്ക്കലും പരിശീലനവും | 5 | 3321000 |
| 6 | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ | 1 | 664200 |
| നിർവ്വഹണ ഘട്ടം | | | |
| 7 | പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ | 56 | 37195200 |
| 8 | ജീവനോപാധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | 9 | 5977800 |
| 9 | ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട സൂക്ഷ്മ സംരംഭങ്ങൾ | 10 | 6642000 |
| പൂർത്തീകരണ ഘട്ടം | | | |
| 10 | തുടർ പ്രവർത്തനങ്ങൾ | 3 | 1992600 |
| ആകെ | | 100 | 66420000 |

## 2. പദ്ധതി പ്രദേശത്തെക്കുറിച്ചുള്ള *പൊതുവിവരങ്ങൾ*

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ തെക്ക് കിഴക്ക് ഭാഗത്തായി മണീട്, രാമമംഗലം, പിറവം, പാമ്പാക്കുട, തിരുമാറാടി, ഇലഞ്ഞി, കൂത്താട്ടുകുളം, പാലക്കുഴ തുടങ്ങിയ പഞ്ചായത്തുകളിലായി 213.31 ച.കി.മീ. വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പാമ്പാക്കയുട ബ്ലോക്ക് പഞ്ചായത്ത്. ഇതിൽ പിറവം, ഇലഞ്ഞി, പാമ്പാക്കുട പഞ്ചായത്തുകളിലായി 4555.90 ഹെക്ടർ സ്ഥലത്തായിട്ടാണ് ഈ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്. പിറവം, ഓണക്കൂർ, മുളക്കുളം  വടക്കേക്കര, മുളക്കുളം, ഇലഞ്ഞി, പെരുമ്പടവം, വലിയതോട് തുടങ്ങിയ 7 നീർത്തടങ്ങൾ ചേർന്നതാണ് ഈ പദ്ധതി പ്രദേശം. ഇതിൽ 4428 ഹെക്ടർ സ്ഥലമാണ് പ്രവർത്തികൾ നടത്തുവാനായി തിരഞ്ഞെടുത്തിരിക്കുന്നത്.എറണാകുളം ജില്ലയുടെ പ്രധാന കാർഷിക മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണിത്. **വടക്ക്:** ഉഴവൂർ തോടും, **കിഴക്ക്:** തിരുമാറാടി പഞ്ചായത്ത്, മുത്തോലപുരം നീർത്തടവും, **തെക്ക്:** വലിയതോട്, മുളക്കുളം തോട്, ഞീഴൂർ പഞ്ചായത്തും, **പടിഞ്ഞാറ്:** പിറവം പുഴയും അതിരുപങ്കിടുന്നു.

### 2.2.സ്ഥാനം

*പട്ടിക നം: 02 പദ്ധതി പ്രദേശത്തെക്കുറിച്ചുള്ള പൊതുവിവരങ്ങൾ*

| | | |
|---|---|---|
| 1 | ജില്ലയുടെ പേര് | എറണാകുളം |
| 2 | ബ്ലോക്കിന്റെ പേര് | പാമ്പാക്കുട |
| 3 | താലൂക്ക് | മൂവാറ്റുപുഴ |
| 4 | ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ പേര് | ഇലഞ്ഞി |

| | | | |
|---|---|---|---|
| | | പിറവം | |
| | | പാമ്പാക്കുട | |
| 5 | ലോകസഭാ മണ്ഡലം | കോട്ടയം | |
| 6 | നിയമസഭാ മണ്ഡലം | പിറവം | |
| 7 | പരിധി | 9°54’18’’N 76°28’02’’E | |
| | | 9°48’01"N 76°33’32"E | |
| 8 | പദ്ധതി പ്രദേശ വിസ്തൃതി | 4428 ഹെ. | |
| 9 | നീർത്തടത്തിന്റെ പേര് & കോഡ് | ഓണക്കൂർ | (13M59j) |
| | | പിറവം | (13M60a) |
| | | മുളക്കുളംവടക്കേക്കര | (13M60b) |
| | | ഇലഞ്ഞി | (13M60c) |
| | | പെരുമ്പടവം | (13M60e ) |
| | | മുളക്കുളം | (13M60f ) |
| | | വലിയതോട് | (13M64c ) |
| 10 | ഉൾപ്പെടുന്ന വില്ലേജുകളുടെ പേരും സെൻസസ് കോഡും | ഓണക്കൂർ | 87000 |
| | | പിറവം | 86900 |
| | | ഇലഞ്ഞി | 87400 |
| 11 | നീർത്തട പ്രദേശത്തു കൂടി ഒഴുകുന്ന പ്രധാന പുഴ | മൂവാറ്റുപുഴ | |
| 12 | ഈ നീർത്തടങ്ങളെ തിരഞ്ഞെടുക്കാനുള്ള പ്രധാന നാലു മാനദണ്ഡങ്ങൾ | മണ്ണിൽ നിന്നുള്ള കുറഞ്ഞ ഉത്പാദനം | |
| | | ജല ദൗർലഭ്യവും,ജല സേചന സൗകര്യങ്ങളുടെ അപര്യാപ്തതയും | |
| | | ഉയർന്ന ഉത്പാദന ചിലവ് | |
| | | കാലാവസ്ഥ വ്യതിയനത്തിന് അനുയോജ്യമല്ലാത്ത കൃഷി രീതി | |

## 2.4.ഭൂപ്രകൃതി ശാസ്ത്രം, ഉയരവ്യത്യാസങ്ങൾ, നീരൊഴുക്ക്

### 2.4.1. ഭൂപ്രകൃതി ശാസ്ത്രം

സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉന്നതിയെ അടിസ്ഥാനമാക്കി കേരളത്തെ മൂന്ന് പ്രധാന ഭൂമേഖലകളായി തരം തിരിച്ചിരിക്കുന്നു. ഇതിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് മധ്യ ഇടനാട് മേഖലയിൽ (Central Midland Zone) ഉൾപ്പെടുന്നു. പ്രധാനമായും ചെങ്കൽ മണ്ണ് കണ്ടു വരുന്ന കുന്നിൻ പ്രദേശങ്ങളിൽ റബ്ബറുകളും തോട്ടവിളകളുമാണ് കൃഷി ചെയ്തു വരുന്നത്. താഴ്‌വര പ്രദേശങ്ങൾ കൂടുതലായും നെൽ വയലുകളോ നികത്തിയെടുത്ത വയലുകളോ ആണ്. കുന്നിൻ മണ്ടകൾക്കും താഴ്‌വരകൾക്കും മധ്യത്തിലായി സ്ഥിതിചെയ്യുന്ന

പ്രദേശങ്ങളുടെ തോത് ഒരോ പ്രദേശത്തിലും വിഭിന്നമാണ്. ചെറിയ ചെരിവു മുതൽ കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ വരെ ഈ പദ്ധതി പ്രദേശത്ത് കാണാൻ സാധിക്കും.

### 2.4.2.ഉയരവ്യത്യാസങ്ങൾ

ഈ പദ്ധതി പ്രദേശത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ശരാശരി സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ ഔടഘ നും 200 മീറ്റർ MSL നും മധ്യേ സ്ഥിതി ചെയ്യുന്നു. മുകൾ ഭാഗം തരതമ്യേന ചെരുവ് കുറഞ്ഞ് ഒറ്റപ്പെട്ട് കിടക്കുന്നതും അല്ലാത്തതുമായ കുന്നിൻ പ്രദേശങ്ങളും, ഏറ്റവും താഴ്ന്നതും ചെരിവിന്റെ തോത് തീരെക്കുറഞ്ഞതുമായ താഴ്‌വരകളും അടങ്ങിയ ഭൂപ്രദേശങ്ങളുമാണ്.

***പട്ടിക നം: 04 പദ്ധതി പ്രദേശത്തെ ഉയരവ്യത്യാസങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ. നം. | ഉയരവ്യത്യാസങ്ങൾ (മീറ്ററിൽ) | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം (%) |
|---|---|---|---|
| 1 | 20 | 2453.22 | 53.85 |
| 2 | 40 | 825.1 | 18.11 |
| 3 | 60 | 567.17 | 12.45 |
| 4 | 80 | 384.32 | 8.44 |
| 5 | 100 | 200.4 | 4.4 |
| 6 | 120 | 75.21 | 1.65 |
| 7 | 140 | 29.31 | 0.64 |
| 8 | 160 | 15.5 | 0.34 |
| 9 | 180 | 4 | 0.09 |
| 10 | 200 | 1.67 | 0.04 |
| ആകെ | | 4555.9 | 100 |

പദ്ധതിപ്രദേശത്തിന്റെ 2453.22 ഹെക്ടർ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇത് നീർത്തട പ്രദേശത്തിന്റെ 53.85 ശതമാനത്തോളം വരും.

### 2.4.3.നീരൊഴുക്ക്

പദ്ധതി പ്രദേശത്തെ പ്രധാന പുഴ പിറവം പുഴയും പ്രധാന തോടുകൾ ഉഴവൂർ തോട്, മുളക്കുളം തോട്, ഇലഞ്ഞി പെരുമ്പടവം തോട്, പൈങ്കുറ്റി- മുളക്കുളം തോട്, വലിയ തോട് (ഇരുട്ട് തോട്) തുടങ്ങിയവയാണ്. പിറവം പുഴയിൽ 12 മാസക്കാലം ജലലഭ്യത ഉണ്ട് എങ്കിലും തോടുകളിൽ ശരാശരി 6 മാസക്കാലത്തേക്ക് മാത്രമേ ജലലഭ്യത ഉള്ളു. പുഴകളിലേയും തോടുകളിലേയും ജലലഭ്യത നീർത്തട നിവാസികളുടെ വർഷം മുഴുവനുമുള്ള ആവശ്യത്തിന് തികയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

*പട്ടിക നം: 05 പദ്ധതി പ്രദേശത്തെ പ്രധാന പുഴയേയും തോടുകളേയും സംബന്ധിച്ച വിവരങ്ങൾ*

| നീർത്തടത്തിന്റെ പേര് | പ്രധാന തോടിന്റെ പേര് | നീർത്തടത്തിനുള്ളിലെ നീളം (മീറ്ററിൽ) | ജലലഭ്യത |
|---|---|---|---|
| പിറവം | പിറവം പുഴ | 9.47 Km | 12 മാസം |
| ഓണക്കൂർ | ഉഴവൂർ തോട് | 6.64 Km | 7 മാസം |
| മുളക്കുളം | മുളക്കുളം തോട് | 3.17 Km | 6 മാസം |
| ഇലഞ്ഞി<br>പെരുമ്പടവം | ഇലഞ്ഞി പെരുമ്പടവം തോട് | 5.07 Km | 7 മാസം |
| മുളക്കുളം - വടക്കേക്കര | പൈങ്കുറ്റി- മുളക്കുളം തോട് | 1.75 Km | 6 മാസം |
| വലിയതോട് | വലിയ തോട് (ഇരുട്ട് തോട്) | 1.21 Km | 6 മാസം |

**2.4.4.ചെരിവിന്റെ തരം**

പുഴകൾക്കും തോടുകൾക്കും കുന്നിൻ മണ്ടകൾക്കും താഴ്‌വരകൾക്കും മധ്യത്തിലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ 'ചെരിവുകൾ' എന്ന വിഭാഗത്തിലുൾപ്പെടുന്നു. ചെരിവിന്റെ തോത് വ്യത്യസ്ത പ്രദേശങ്ങളിൽ വിഭിന്നമാണ്. ചെറിയ ചെരിവ് മുതൽ കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ വരെ ഈ നീർത്തടത്തിൽ സ്ഥിതിചെയ്യുന്നുണ്ട്.

*പട്ടിക നം: 06 പദ്ധതി പ്രദേശത്തെ പ്രധാന ചെരിവിന്റെ തരങ്ങളെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം. | ചെരിവിന്റെ തരം | ചെരിവ് (ശതമാനത്തിൽ) | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം (%) |
|---|---|---|---|---|
| 1 | താഴ്‌വര പ്രദേശം | <3 | 621.14 | 13.63 |
| 2 | നേരിയ ചെരിവ് | 35 | 2064.53 | 45.32 |
| 3 | ഇടത്തരം ചെരിവ് | 515 | 974.78 | 21.40 |
| 4 | കുത്തനെയുള്ള ചെരിവ് | 1530 | 476.77 | 10.46 |
| 5 | വളരെ കുത്തനെയുള്ള ചെരിവ് | >30 | 66.44 | 1.46 |
| 6 | കുന്നിൻ മുകൾ പ്രദേശം | | 116.7 | 2.56 |
| 7 | നീർമറി പ്രദേശം | | 235.54 | 5.17 |
| ആകെ | | | 4555.9 | 100 |

*ആകൃതി നം: 01 പദ്ധതി പ്രദേശത്തെ പ്രധാന ചെരിവിന്റെ തരങ്ങളുടെ വിവരണം*

പദ്ധതി പ്രദേശത്തിന്റെ 45.45 % നേരിയ ചെരിവോടു കൂടിയതും 21.39 % ഇടത്തരം ചെരിവോടുകൂടിയതും 20.56 % കുന്നിൻ മുകൾ പ്രദേശവും 13.57% താഴ്‌വര പ്രദേശങ്ങളും 10.44 % കുത്തനെ ചെരിവുള്ള പ്രദേശങ്ങളും 5.17 % നീർമറി പ്രദേശത്തോടുകൂടിയതും 1.46% വളരെ കുത്തനെയുള്ള ചെരിവോടുകൂടിയതുമാകുന്നു.

**2.5.കാലാവസ്ഥ**

3000 മി.മീറ്റർ ശരാശരി മഴ ലഭിക്കുന്ന സംസ്ഥാനത്ത് മൊത്തം മഴയുടെ 60% ഉം ഇടവപ്പാതി സമയത്തും 30% തുലാവർഷ സമയത്തുമായി പെയ്തൊഴിയുന്നു. ചുരുങ്ങിയ കാലയളവിനുള്ളിലുളള ശക്തിയായ മഴ കേരള

ത്തിന്റെ പ്രത്യേക ഭൂപ്രകൃതിയിൽ വളരെ വേഗം ഒഴുകി നഷ്ടപ്പെടുന്നു. ജലസംഭരണവും മഴക്കൊയ്ത്തും വേണ്ടത്ര രീതിയിൽ നടക്കാത്തതു കാരണം, മഴക്കാലം കഴിയുന്നതോടെ മിക്കയിടങ്ങളിലും രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടേണ്ടി വരുന്നു. ആളോഹരി പ്രതിദിന ജലലഭ്യത നോക്കുമ്പോൾ കേരളം മഴ കുറവു ലഭിക്കുന്ന രാജസ്ഥാൻ, ഗുജറാത്ത് എന്നി സംസ്ഥാനങ്ങളെക്കാളും പിന്നിലാണ്, CWRDMന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്; ഉപരിതലം, മഴ, ഭൂഗർഭ ജലം എന്നിവയുടെ ആകെ പ്രതിശീർഷ ലഭ്യത ഭാരതത്തിൽ പ്രതിദിനം 19492 ലിറ്റർ ആയിരിക്കുമ്പോൾ കേരളത്തിൽ അത് 14932 മാത്രമാണ്. രാജസ്ഥാനിൽ 49597- ഉം ഗുജറാത്തിൽ 16301-ഉം ആണ്. കേരളം ജലവിഭവത്തിന്റെ വിനിമയത്തിനും സംരക്ഷണത്തിനും ശരിയായ ശ്രദ്ധ നൽകേണ്ടതിന്റെ ആവശ്യകത ഇതിൽ നിന്നും വ്യക്തമാണ്. കേരളത്തിലെ കാലാവസ്ഥ പരിഗണിയ്ക്കുമ്പോൾ ഈ പദ്ധതി പ്രദേശത്ത് നനവുള്ള ഈർപ്പമുള്ള കാലാവസ്ഥയാണ് പ്രകടമാക്കുന്നത്. വടക്കു കിഴക്കൻ കാലവർഷത്തിനു ശേഷം എത്തുന്ന തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ ഈ പദ്ധതി പ്രദേശത്ത് സമൃദ്ധമായി മഴ ലഭിക്കുന്നു. എന്നാൽ മറ്റു മാസങ്ങളിൽ മഴ താരതമ്യേന വളരെക്കുറവാണ്. മാർച്ച് ഏപ്രിൽ മാസങ്ങൾ വളരെ ചൂടേറിയ മാസങ്ങൾ കൂടിയാണ്. എന്നാൽ ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസം വളരെ തണുപ്പേറിയ മാസങ്ങൾ ആണ്.

### 2.5.1.മഴനിരക്ക്

*പട്ടിക നം:* **07.** *20042013 വർഷത്തെ ശരാശരി വാർഷിക മഴ നിരക്ക്*

| കഴിഞ്ഞ 10 വർഷത്തെ ശരാശരി വാർഷിക മഴ നിരക്ക് | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ശരാശരി വാർഷിക മഴ നിരക്ക് മില്ലി മീറ്ററിൽ (mm / month)നല്കിയിരിക്കുന്നു | | | | | | | | | | | | | |
| കടപ്പാട്: സി.ഡബ്ല്യു.ആർ.ഡി .എം.മണിമലമുക്ക്,കൂത്താട്ടുകുളം | | | | | | | | | | | | | |
| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | വാർഷിക ശരാശരി |
| 2004 | 4 | 0 | 118.2 | 229.5 | 673.8 | 551.2 | 288 | 398 | 210.6 | 455.6 | 239 | 0 | **3167.6** |
| 2005 | 12.5 | 0.4 | 6.9 | 260.3 | 109.6 | 624.4 | 807 | 457 | 480.1 | 227.7 | 135 | 64.6 | **3185.7** |
| 2006 | 21.3 | 0 | 121 | 84.8 | 557.2 | 497.8 | 614 | 474 | 379.4 | 558.9 | 271 | 0 | **3579.4** |
| 2007 | 10.2 | 1.4 | 0.7 | 171 | 182.6 | 597.8 | 910 | 429.5 | 525.2 | 468.3 | 104 | 11.3 | **3412.2** |
| 2008 | 0 | 14.6 | 293.8 | 104 | 106.1 | 293.7 | 510 | 343.5 | 397.8 | 395.6 | 46.9 | 77 | **2582.8** |
| 2009 | 27.9 | 0 | 86.4 | 66.3 | 312.4 | 536.2 | 760 | 251.8 | 440 | 171.4 | 255 | 125.2 | **3032.3** |
| 2010 | 2.1 | 0 | 24.4 | 275.6 | 233.9 | 766.2 | 640 | 322.2 | 314.8 | 515.4 | 525 | 22.4 | **3641.5** |
| 2011 | 36.6 | 49.4 | 25.6 | 271.2 | 187 | 848 | 475 | 528 | 408.6 | 134 | 165 | 61 | **3188.9** |
| 2012 | 2 | 15.6 | 22.2 | 271.8 | 90.6 | 367.2 | 472 | 329.2 | 317.4 | 366 | 241 | 5 | **2499.2** |
| 2013 | 0 | 31.6 | 70.3 | 109.8 | 118.8 | 989.8 | 759 | 485.6 | 284.3 | 277.2 | 298 | 31.2 | **3456.2** |

പദ്ധതി പ്രദേശത്തിന്റെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്ന പ്രധാന ഉറവിടം മഴയാണ്. ജൂൺ മുതൽ സെപ്റ്റംബർ വരെ നീളുന്ന തെക്കുപടിഞ്ഞാറൻ കാലവർഷമാണ് ഇതിൽ പ്രധാനം. കൂടാതെ ഒക്ടോബർ മുതൽ നംവംബർ വരെ നീളുന്ന വടക്കു കിഴക്കൻ കാലവർഷവും ഇതെ തുടർന്നു ലഭിക്കുന്നു. പദ്ധതി പ്രദേശത്തെ കഴിഞ്ഞ 10 വർഷത്തെ ശരാശരി വാർഷിക മഴ നിരക്ക് പരിശോധിച്ചാൽ 2499.2 മില്ലി മീറ്ററിനും 3641.5 മില്ലി മീറ്ററിനും ഇടയിലാണ്. ഏറ്റവും കൂടുതൽ മഴലഭിച്ച വർഷം 2010 ഉം ഏറ്റവും കുറവ് മഴ ലഭിച്ച വർഷം 2012 ഉം ആണ്. 2005, 2007, 2011, 2012 വർഷങ്ങളിൽ എല്ലാമാസത്തിലും ഈപ്രദേശത്ത് മഴ ലഭിച്ചിട്ടുണ്ട്.

ഈ നീർത്തട പ്രദേശത്തെ കഴിഞ്ഞ 10 വർഷത്തെ വാർഷിക മഴയുടെ അളവ് പരിശോധിച്ചാൽ മഴയുടെ 67.4% ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷത്തിലും. 16.6% വടക്ക് കിഴക്കൻ കാലവർഷത്തിലും ബാക്കി 16% വേനൽക്കാല മഴയായും കാലവർഷത്തിന് മുൻപുള്ള മഴയായും ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ പെയ്യുന്നുവെന്നും മനസ്സിലാക്കാം.

### 2.5.2.ആർദ്രത

കാലവർഷ കാലമായ ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലാണ് ആർദ്രത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. പകൽ സമയങ്ങളിൽ 93% വും വൈകുന്നേരങ്ങളിൽ 76% വുമാണ് ആർദ്രത ഉള്ളത്. കഴിഞ്ഞ 10 വർഷത്തെ ശരാശരി ആർദ്രതയുടെ അളവ് താഴെ കൊടുത്തിരിക്കുന്നു. കഴിഞ്ഞ 10 വർഷത്തെ ശരാശരി വാർഷിക ആർദ്രത പരിശോധിച്ചാൽ ഏറ്റവും ഉയർന്ന ആർദ്രത നിരക്ക് 2005, 2006 വർഷങ്ങളിലും (96%) ഏറ്റവും താഴ്ന്ന ആർദ്രത നിരക്ക് 2010 ലും (64.84%) ആണ്. കഴിഞ്ഞ 10 വർഷത്തെ ശരാശരി ആർദ്രതാ നിരക്ക് 83.67% ആണ്.

*പട്ടിക നം:* **07.** *20042013 വർഷത്തെ ശരാശരി വാർഷിക* **ആർദ്രത**

| കഴിഞ്ഞ 10 വർഷത്തെ ശരാശരി വാർഷിക ആർദ്രത | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഏറ്റവും ഉയർന്ന നിരക്കും കുറഞ്ഞ നിരക്കും ശതമാനത്തിൽ തന്നിരിക്കുന്നു | | | | | | | | | | |
| കടപ്പാട്: സി.ഡബ്ല്യു.ആർ.ഡി .എം. മണിമലമുക്ക്,കൂത്താട്ടുകുളം | | | | | | | | | | |
| നിരക്ക് | വർഷം | | | | | | | | | |
| | 2004 | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 |
| ഉയർന്ന നിരക്ക് | 90 | 96 | 96 | 92 | 92 | 92 | 88.84 | 92.6 | 89.43 | 92.88 |
| താഴ്ന്ന നിരക്ക് | 68 | 72 | 74 | 70 | 73 | 77 | 64.84 | 66 | 66 | 78.2 |
| വാർഷിക ശരാശരി | 82.33 | 86.33 | 86.75 | 81.33 | 85.5 | 85.5 | 80.15 | 80.75 | 82.23 | 85.92 |

### കാറ്റിന്റെ വേഗത

കാറ്റിന്റെ വേഗത ഡിസംബർ, ജനുവരി മാസങ്ങളിൽ വളരെ കൂടുതലും ഒക്ടോബർ മാസത്തിൽ വളരെ കുറവുമാണ് അനുഭവപ്പെടുന്നത്.

### 2.5.3.താപനില

പദ്ധതി പ്രദേശത്തെ കൂടിയ താപനില 28.2 മുതൽ 32.9 ഡിഗ്രിയും, കുറഞ്ഞ താപനില 22 മുതൽ 25.8 ഡിഗ്രി വരെയുമാണ്. കൂടിയ ശരാശരി വാർഷിക താപനില 31.6 ഡിഗ്രിയും കുറഞ്ഞ ശരാശരി വാർഷിക താപനില 26.2 ഡിഗ്രിയുമാണ്. പൊതുവെ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൂടിയ ചൂടും, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാസങ്ങളിൽ കൂടിയ തണുപ്പും അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തെ ശരാശരി താപനില താഴെ കൊടുത്തിരിക്കുന്നു.

*പട്ടിക നം:* **08.** *20042013 വർഷത്തെ ശരാശരി വാർഷിക താപനില*

| കഴിഞ്ഞ 10 വർഷത്തെ ശരാശരി വാർഷിക താപനില | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഉയർന്ന നിരക്കും താഴ്ന്ന നിരക്കും 0C ൽ തന്നിരിക്കുന്നു | | | | | | | | | | |
| കടപ്പാട്: സി.ഡബ്ല്യു.ആർ.ഡി .എം.മണിമലമുക്ക്,കൂത്താട്ടുകുളം | | | | | | | | | | |
| നിരക്ക് | വർഷം | | | | | | | | | |
| | 2004 | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 |
| ഉയർന്ന നിരക്ക് | 31.3 | 31 | 29.9 | 31.6 | 29.5 | 30.7 | 31.3 | 30.2 | 30.3 | 30.8 |
| താഴ്ന്ന നിരക്ക് | 27 | 26.3 | 26.7 | 27 | 27 | 26.8 | 26.6 | 26.7 | 27.1 | 26.2 |
| വാർഷിക ശരാശരി | 28.6 | 28.3 | 28 | 28.7 | 28.4 | 28.8 | 28.5 | 28.4 | 28.5 | 28.4 |

### 2.5.4.വരൾച്ചയും വെളളപ്പൊക്കവും

ശരാശരി 3000 മില്ലി മീറ്റർ മഴ ലഭിക്കുന്ന സംസ്ഥാനമാണെങ്കിലും വേനൽക്കാലത്ത് പുഴകളും തോടുകളും വറ്റിപോകുന്നതും, ഭൂഗർഭജല നിരപ്പ് വളരെ താഴ്ന്നു പോകുന്നതും പല പ്രദേശങ്ങളും വരൾച്ചയുടെ പിടിയില മർന്നു പോകുന്നതുമായ കാര്യങ്ങൾ മിക്കവാറും എല്ലാക്കൊല്ലവും സംഭവിക്കുന്നുണ്ട്. അതുപോലെ തന്നെ മഴക്കാ ലത്ത് ശരിയായ ജലസംരക്ഷണ പ്രവർത്തനങ്ങളുടെയും നീർവാഴ്ച്ച സൗകര്യത്തിന്റെയും അഭാവത്തിലും ശാസ്ത്രീയ ഭൂവിനിയോഗത്തിന്റെയും ഫലമായി ഏകദേശം 25% ഭൂപ്രദേശത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. പിറവം നീർത്തടത്തിലെ പിറവം പുഞ്ചയും മുളക്കുളം പാടശേഖരവും മുളക്കുളം വടക്കേക്കര നീർത്തടത്തിലെ കാളികുളം പാടശേഖരവും ഓണക്കൂർ നീർത്തടത്തിലെ കുളവയൽ തോടിന്റെ ഇരു വശങ്ങളും വെളളക്കെട്ട് ദുരിതം അനുഭവിക്കുന്ന പ്രദേശങ്ങളാണ്.

*പട്ടിക നം: 09. വെളളപ്പൊക്കം വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരങ്ങൾ*

| 1 | 2 | 3 | 4 | | 5 |
|---|---|---|---|---|---|
| ക്രമ.നം. | വിശദാംശം | വില്ലേജ് | തവണകൾ | | ബാധിക്കാത്തവ |
| | | | വാർഷികമായി | മറ്റുള്ളവ | |
| 1 | വെള്ളപ്പൊക്കം | വില്ലേജുകളുടെ എണ്ണം | | 1 | |
| | | വില്ലേജുകളുടെ പേര് | | പിറവം | |
| 2 | വരൾച്ച | വില്ലേജുകളുടെ എണ്ണം | | 5 | |
| | | വില്ലേജുകളുടെ പേര് | | പിറവം, ഓണക്കൂർ, ഇലഞ്ഞി | |

### 2.6.ഭൂഗർഭ ശാസ്ത്രം (GEOLOGY)

പദ്ധതി പ്രദേശത്ത് 2 തരത്തിലുള്ള ഭൂഗർഭശാസ്ത്ര വിഭാഗങ്ങളാണ് കാണപ്പെടുന്നത്

1. Lower Precambrian (Charnokites)
2. Pleistocene Laterite

ഇലഞ്ഞി, പെരുമ്പടവം, മുളക്കുളംവടക്കേക്കര, വലിയതോട് എന്നീ നീർത്തടങ്ങളിൽ പൂർണ്ണമായും Pleistocene Laterite വിഭാഗവും പിറവം, ഓണക്കൂർ, മുളക്കുളം, എന്നീ നീർത്തടങ്ങളിൽ Lower Precambrian (Charnokites) Dw Pleistocene Laterite ഉം കാണപ്പെടുന്നു.

*പട്ടിക നം: 10. ഭൂഗർഭശാസ്ത്ര വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ*

| നീർത്തടത്തിന്റെ പേര് | വിഭാഗം | |
|---|---|---|
| | Lower Precambrian (Charnokites) | Pleistocene Laterite |
| പിറവം | 853.51 | 636.8 |
| ഓണക്കൂർ | 924.3 | 142.3 |
| മുളക്കുളം | 131.54 | 56.2 |
| ഇലഞ്ഞി | 404 | 0 |
| പെരുമ്പടവം | 364.67 | 0 |
| മുളക്കുളം - വടക്കേക്കര | 884.22 | 0 |
| വലിയതോട് | 158.31 | 0 |

## 2.7.ഭൂഉപരിതല പഠനം (GEOMORPHOLOGY)

മണൽകുന്നുകൾ, പർവ്വതശിഖരങ്ങൾ, പുഴകൾ തുടങ്ങിയ ഭൂഉപരിതല സ്വരൂപങ്ങളുടെ രൂപാന്ത രണത്തെപ്പറ്റിയുള്ള ശാസ്ത്രീയ പഠനമാണ് ഭൂ ഉപരിതല പഠനം. ആദ്യ രൂപത്തിൽനിന്ന് നിലവിലുള്ള രൂപം എങ്ങനെ കൈവന്നുവെന്നാണ് ഈ ശാസ്ത്രരേഖ പരിശോധിക്കുന്നത്.

വെള്ളമൊഴുക്കി പാറകൾ വെളിപ്പെട്ടും പുഴയുടെ രൂപാന്തരപ്പെടലിലൂടെയും, ഒക്കെയാണ് ഇന്ന് കാണുന്ന ഈ നീർത്തടമായി പാമ്പാക്കുട മാറിയത്. വളരെ ദുർബലവും ലോലവുമായ ഈ ഉപരിതല സ്വരൂപങ്ങൾ പേമാരിയിലൂടെയും ഭൂചലനത്തിലൂടെയും കരുത്തുറ്റതായി മാറി. മണ്ണൊലിപ്പിന്റെയും ഭ്രംശനങ്ങളുടെയും ഫല മായി സമതലങ്ങൾ രൂപാന്തരപ്പെടുകയും ചില പ്രദേശങ്ങളിൽ എക്കലുകൾ അടിഞ്ഞു കൂടുകയും ഉറഞ്ഞു കിടന്ന എക്കലുകൾ പിൽക്കാലത്ത് മധ്യമേഖലയായി രൂപാന്തരപ്പെടുകുയും ചെയ്തു. സമതലങ്ങൾ വഴി രൂപപ്പെട്ട നീർച്ചാ ലുകൾ പിന്നീട് തോടുകളായി രൂപാന്തരപ്പെട്ടു. ആദ്യം കാലിയാർ പുഴ ആയിരുന്നത് പിന്നീട് രൂപാന്തരം പ്രാപിച്ച് മൂവാറ്റുപുഴയായി മാറി. പുഴയിലുള്ള ഒഴുക്ക് വർദ്ധിച്ചതോടുകൂടി ഇത് സമതലത്തിലൂടെ വളഞ്ഞു പുളഞ്ഞു ഒഴുകിത്തുടങ്ങി.

## 2.8.ഭൂഗർഭജലം

വിവിധ നദികളും തോടുകളും ഉൾക്കൊണ്ട് ജല സമൃദ്ധമാണ് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രദേശം. കിണറുകൾ, വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം, തദ്ദേശ സ്ഥാപനങ്ങളുടെ കുടിവെള്ളം എന്നിവയാണ് പ്രധാന ജലസ്രോതസ്സുകൾ. ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ള ലഭ്യതയ്ക്ക് വലിയ പ്രശ്നങ്ങളില്ല എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം ഇപ്പോഴും രൂക്ഷമാണ്. ഇവിടെ പ്രധാനമായും ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ് കിണറുകളുടെ പരിപാലനക്കുറവും ശരിയായ ജലസംഭരണ പാളികളുടെ അഭാവവും കിണറുകളുടെ അടിവശത്ത് പാറ കാണുന്നതിനാലും ബ്ലോക്കിലെ നല്ലൊരു ശതമാനം കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു. ശാസ്ത്രീയമായ ജലസംഭരണികളുടെ അഭാവം മൂലം തൽസ്ഥല സംഭരണം നട ക്കുന്നില്ല എന്നതും ഭൂഗർഭജലം ശോഷിക്കുന്നതിന് ഒരു കാരണമാണ്.

പ്രകൃതിദത്ത ജലസംഭരണികളുടെ പരിപലനകുറവ്, മണ്ണൊലിപ്പ് അനുയോജ്യമണ്ണ്/ജലസംഭരണ ഉപാധിക ളുടെ അഭാവം, ഭൂപ്രകൃതികളുടെ സ്വാധീനം, ചെമ്മണ്ണ്-കളിമണ്ണ്-മണൽ എന്നിവയുടെ ഖനനം നെൽവയലുകളുടെ അശാസ്ത്രീയവും അനിയന്ത്രിതവുമായ നികത്തൽ ഭൂഗർഭജല സംഭരണത്തിനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം എന്നിവ ബ്ലോക്കിലെ ജലലഭ്യത ക്രമാനുഗതമായി കുറച്ചുകൊണ്ടു വരുന്നതിൽ കാര്യമായ പങ്ക് വഹിക്കു ന്നു.

ഭൂഗർഭജല വിതാനം ഉയർത്തുന്നതിനുള്ള പ്രധാന ഉറവിടം മഴയാണ്. ഏകദേശം 3400 മില്ലീമീറ്ററാണ് ജില്ല യിൽ ലഭിക്കുന്ന ശരാശരി വാർഷിക മഴ. ഇതിൽ 84% വും ലഭിക്കുന്നത് രണ്ട് മൺസൂൺ കാലങ്ങളിലാണ്. ഒരു വർഷം ഏകദേശം 133 മഴ ദിനങ്ങൾ 8 മാസം കൊണ്ട് ലഭിയ്ക്കുന്നു. വേനൽ മഴയുടെ ശാസ്ത്രീയമായ ഉപയോഗമില്ലായ്മ വേനൽക്കാലങ്ങളിൽ ഭൂഗർഭജലം കുറയുന്നതിന് ഒരു പരിധിവരെ കാരണമാകുന്നു. 46.09 MCM ജലമാണ് പാമ്പാക്കുട ബ്ലോക്കിൽ ആകെ ഒരു വർഷം കൊണ്ട് മണ്ണിലേക്ക് താഴ്ത്താൻ സാധിക്കുന്നുള്ളൂ. അർദ്ധവാർഷിക ഭൂഗർഭജല ബോർഡിന്റെ അർദ്ധവാർഷിക കണക്ക് പ്രകാരം ഭൂഗർഭ ജലവികസനം 79.84% ആണ്. ഇതിനർത്ഥം ഭൂഗർഭജല വിതാനം പാമ്പാക്കുട ബ്ലോക്കിൽ ക്രമാതീതമായി കുറഞ്ഞു കൊണ്ടിരിക്കുന്നു. ആയതിനാൽ CGWB പാമ്പാക്കുട ബ്ലോക്കിനെ critical stage ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക നം: 11..***പദ്ധതി പ്രദേശത്തെ ശരാശരി ഭൂഗർഭജല വിതാനത്തിന്റെ വിവരങ്ങൾ (മീറ്ററിൽ)***

| സ്ഥാനം | കിണറിന്റെ തരം | ശരാശരി മീറ്റർ/വർഷം |
|---|---|---|
| കുടുംബക്ഷേമ കേന്ദ്രം,മുത്തോലപുരം ,ഇലഞ്ഞി | കുഴൽ കിണർ | 5.04 |
| ഗവ.എൽ.പി.സ്കൂൾ,ഇലഞ്ഞി | കിണർ | 4.77 |
| ഹെൽത്ത് സെന്റർ കോമ്പൌൻഡ്, പാമ്പാക്കുട, ഓണക്കൂർ | കുഴൽ കിണർ | 3.79 |
| വില്ലേജ് ഓഫീസ്, പിറവം | കുഴൽ കിണർ | 7.52 |
| എം.കെ.എം ഹൈസ്കൂൾ,പിറവം | കിണർ | 5.96 |

**2.9.ജലവിതരണ ജലസേചന സൗകര്യങ്ങൾ**

മലനാടിന്റെയും ഇടനാടിന്റെയും സവിശേഷതകൾ ഉള്ള ഈ പ്രദേശത്തെ സമ്പുഷ്ടമാക്കുന്നത് മൂവാറ്റുപുഴയാർ ആണ് കൂടാതെ വലിയ തോട് പെരുമ്പടവം തോട് (ഇലഞ്ഞി തോട്) മുളക്കുളം തോട്, പൈങ്കുറ്റി തോട്, ഉഴവൂർതോട് എന്നിവയും ഈ തോടുകളിലേക്ക് ഒഴുകിയെത്തുന്ന അനേകം കൈതോടുകളും 123 പൊതുകുളങ്ങളും 92 സ്വകാര്യകുളങ്ങളും ആണ് പ്രധാന ജലസ്രോതസ്സുകൾ. എന്നാൽ മൂവാറ്റുപുഴയാർ ഒഴികെ ഉള്ള എല്ലാ തോടുകളും കൈത്തോടുകളും വേനൽ കാലത്ത് വറ്റി പോകുന്നു കുടിവെള്ളത്തിനായി 15% പേർ പൊതുകിണറുകളേയും 35% പേർ സ്വകാര്യ കിണറുകളേയും 50% പേർ പഞ്ചായത്ത്/വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ കുടിവെള്ള പദ്ധതിയേയും ആശ്രയിക്കുന്നു. ജലസേ ചനത്തിനായി എം.വി.ഐ.പി കനാലുകളേയും കിണറുകളെയും കുളങ്ങളേയുമാണ് ആശ്രയിക്കുന്നത്. ബ്ലോക്കിന്റെ 75% വും ചെരിവോടുകൂടിയ പ്രദേശമായതിനാൽ പെയ്യുന്ന മഴവെള്ളത്തെ തടഞ്ഞു നിർത്താൻ കഴിയാത്തത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഉയർന്ന പ്രദേശത്ത് കടുത്ത ജലക്ഷാമത്തിന് കാരണമാകുന്നു. പദ്ധതി പ്രദേശത്തെ ജലവിതരണ ജലസേചന സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ നല്കുന്നു.

പട്ടിക നം: 10..***പദ്ധതി പ്രദേശത്തെ ജലവിതരണ ജലസേചന സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| കിണർ | | കുളം | | പൊതു ടാപ്പ് | പൊതു ടാങ്ക് | പൊതു കുഴൽ കിണർ | വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള കുടുംബങ്ങൾ | ഓലി |
|---|---|---|---|---|---|---|---|---|
| പൊതു | സ്വകാര്യം | പൊതു | സ്വകാര്യം | | | | | |
| 83 | 5113 | 123 | 92 | 357 | 19 | 21 | 2970 | 37 |

| വറ്റാത്ത പുഴ/തോടുകളുടെ എണ്ണം | വേനൽ കലത്ത് ഒഴുകുന്ന പുഴ/തോടുകളുടെ എണ്ണം | ജലക്ഷാമം അനയുഭവിക്കുന്ന ദിനങ്ങളുടെ എണ്ണം | ശരാശരി ജല ലഭ്യത |
|---|---|---|---|
| 1 | 1 | 65 മാസം | 7 മാസം |

## 2.10.സാമൂഹിക സാമ്പത്തിക വിവരങ്ങൾ

മധ്യകേരളത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം മലനാടിന്റെയും ഇടനാടിന്റെയും സവിശേഷതകൾ ഉള്ളവയാണ്. ചെകൽ മണ്ണോടുകൂടിയ ഭൂവിഷ്ഠമായ ഈ പ്രദേശം കാർഷിക വിളകളാൽ സമ്പന്നമാണ്. വൻതോതിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ടെങ്കിലും മറ്റ് കാർഷിക വിളകളായ നെല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തെങ്ങ് തുടങ്ങിയ എല്ലാ ഉൾനാടൻ കാർഷിക വിളകളും ഇവിടെ കൃഷിചെയ്തു വരുന്നു. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യസ മേഖലയിലും സാംസ്കാരിക മേഖലയിലും ഉള്ള വളർച്ച ഈ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ പ്രശക്തി വിളിച്ചോതുന്നു.

പ്രവാസി മലയാളികളിൽ നിന്നുള്ള വരുമാനമാണ് സാമ്പത്തിക സ്രോതസ്സുകളിൽ പ്രാധാന്യം. കാർഷിക വൃത്തിയും വാണിജ്യരംഗവും നല്ലൊരു വരുമാനമാർഗ്ഗം തന്നെ. പുതിയ തലമുറ ബാങ്കുകളും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും ഈ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ധാരാളമായി ഉയർന്നുവരുന്നുണ്ട്. കുടുംബശ്രീ മറ്റ് സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവയിലൂടെ ഗ്രാമീണ സ്ത്രീകൾക്ക് കൂടുതൽ വരുമാനവും സ്വയംതൊഴിൽ കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ സാമ്പത്തികസ്ഥിതി ഉയർന്നുവരുന്നതിന്റെ പ്രധാന ലക്ഷണമായി ഇതിനെ കണക്കാക്കാം.

### 2.10.1.ജനസംഖ്യ

*പട്ടിക നം: 12..**പദ്ധതി പ്രദേശത്തെ ജനസംഖ്യയെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ. നം. | നീർത്തടത്തിന്റെ പേര് | ആകെ വിസ്തൃതി (ഹെക്ടറിൽ) | ആകെ കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ | | | | | | | | | ബി.പി.എൽ. കുടുംബങ്ങൾ | സാക്ഷരത (%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ജനറൽ | | എസ്.സി. | | എസ്.റ്റി. | | ആകെ പുരുഷന്മാർ | ആകെ സ്ത്രീകൾ | ആകെ | | |
| | | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | | | | | |
| 1 | ഓണക്കൂർ | 1066.6 | 1476 | 2878 | 2813 | 80 | 86 | 11 | 12 | 2969 | 2911 | 5880 | 581 | 95.63 |
| 2 | പിറവം | 1490.3 | 3037 | 5533 | 5696 | 94 | 97 | 7 | 12 | 5634 | 5805 | 11439 | 992 | 96.32 |
| 3 | മുളക്കുളം - വടക്കേക്കര | 884.22 | 1212 | 2326 | 2334 | 38 | 38 | 0 | 0 | 2364 | 2372 | 4736 | 367 | 94.3 |
| 4 | ഇലഞ്ഞി | 404 | 733 | 1333 | 1303 | 28 | 32 | 0 | 0 | 1361 | 1335 | 2696 | 225 | 95.2 |
| 5 | പെരുമ്പടവം | 364.67 | 308 | 624 | 629 | 6 | 3 | 0 | 0 | 630 | 632 | 1262 | 101 | 95.4 |
| 6 | മുളക്കുളം | 187.79 | 245 | 483 | 518 | 0 | 0 | 0 | 0 | 483 | 518 | 1001 | 102 | 95.35 |
| 7 | വലിയതോട് | 158.31 | 259 | 486 | 463 | 20 | 23 | 0 | 0 | 506 | 486 | 992 | 111 | 94.81 |
| | ആകെ | 4555.9 | 7270 | 13663 | 13756 | 266 | 279 | 18 | 24 | 13947 | 14059 | 28006 | 2479 | 95.29 |

### 2.10.2.വിദ്യാഭ്യാസം

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന പിറവം, ഇലഞ്ഞി പാമ്പാക്കുട പഞ്ചായത്തുകളിലായി 13 എൽ.പിസ്കൂളുകളും 10 യു.പി.സ്കൂളുകളും 9 ഹൈസ്കൂളുകളും 9 ഹയർസെക്കണ്ടറി സ്കൂളുകളും. 2 എഞ്ചിനീയറിംഗ് കോളേജും പ്രവർത്തിച്ചു വരുന്നു. കൂടാതെ അൺഎയ്ഡഡ് മേഖലയിൽ ധാരാളം സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. വളരെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. എല്ലാ സ്കൂളുകളിലേക്കും വാഹന സൗകര്യങ്ങളും മെച്ചപ്പെട്ട അടിസ്ഥാന സംവിധാനങ്ങളും ഇന്ന് നിലവിലുണ്ട്.

*പട്ടിക നം: 13..***പദ്ധതി പ്രദേശത്തെ വിദ്യാഭ്യാസ സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ. നം. | വിദ്യാഭ്യാസ വിഭാഗങ്ങൾ | ഗവണ്മെന്റ് | സ്വകാര്യം | കക്കൂസ് | | വൈദ്യുതി | | സ്റ്റാഫ് | ആകെ വിദ്യാർഥികൾ |
|---|---|---|---|---|---|---|---|---|---|
| | | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | |
| 1 | അംഗൺ വാടി | 33 | 0 | 19 | 14 | 13 | 20 | 66 | 198 |
| 2 | എൽ.പി.സ്കൂൾ | 7 | 6 | 13 | 0 | 13 | 0 | 78 | 975 |
| 3 | യു.പി. | 6 | 4 | 10 | 0 | 10 | 0 | 150 | 460 |
| 4 | ഹൈസ്കൂൾ | 3 | 6 | 9 | 0 | 9 | 0 | 171 | 1512 |
| 5 | ഹയർസെക്കറി | 3 | 6 | 9 | 0 | 9 | 0 | 189 | 810 |
| 6 | സി.ബി.എസ്.ഇ. | 0 | 2 | 2 | 0 | 2 | 0 | 36 | 408 |
| 7 | എൻജിനീയറിംഗ് കോളേജ് | 0 | 2 | 2 | 0 | 2 | 0 | 92 | 450 |
| 8 | ഐ.റ്റി.സി. | 1 | 0 | 1 | 0 | 1 | 0 | 13 | 210 |

### 2.10.3.ആരോഗ്യം

ലോകാരോഗ്യ സംഘടനയുടെ നിർവ്വചനമനുസരിച്ച് ഒരു വ്യക്തിക്ക് പൂർണ്ണമായ ശാരീരിക മാനസിക സാമൂഹ്യ സ്ഥിതിയും പ്രത്യേകിച്ച് രോഗങ്ങളോ അസുഖങ്ങളോ ഇല്ലാത്ത അവസ്ഥയുമാണ് ആരോഗ്യം. നീർത്തടങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിലായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ആയുർവ്വേദ ഡിസ്പെൻസറിയും, ആയുർവ്വേദ ആശുപത്രിയും, ഒരു താലൂക്ക് ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. മെച്ചപ്പെട്ട അഴുക്കുചാലുകളുടെ അഭാവം മൂലം പൊതുജനാരോഗ്യരംഗത്ത് കൊതുകുജന്യ രോഗങ്ങളായി ഡെങ്കിപ്പനി, മലമ്പനി എന്നിവയും ജലജന്യരോഗങ്ങളും മഞ്ഞപ്പിത്തവും വർദ്ധിച്ചതോതിൽ കണ്ടുവരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന സാന്നിദ്ധ്യം മലമ്പനി പോലുള്ള രോഗങ്ങളുടെ വർദ്ധനവിനും ശുചിത്വ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

*പട്ടിക നം: 14..***പദ്ധതി പ്രദേശത്തെ ആരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| ആരോഗ്യ കേന്ദ്രങ്ങൾ | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആരോഗ്യ വിഭാഗം | ആശുപത്രി | | | | | | ക്ലിനിക്ക് | | | | | | പ്രാഥമിക ആരോഗ്യ കേന്ദ്രം | | | കമ്യൂണിറ്റി ആരോഗ്യ കേന്ദ്രം | | | കുടുംബക്ഷേമ കേന്ദ്രം |
| | ഗവണ്മെന്റ് | | | സ്വകാര്യം | | | ഗവണ്മെന്റ് | | | സ്വകാര്യം | | | | | | | | | |
| | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം | കിടക്കയുടെ എണ്ണം | ഡോക്ടർമാരുടെ എണ്ണം | എണ്ണം |
| അലോപതി | 1 | 70 | 5 | 15 | 285 | 30 | | | | 5 | | 5 | 1 | 40 | 2 | 1 | | 1 | 3 |
| ആയുർവ്വേദം | 1 | 50 | 3 | 2 | 21 | 3 | 3 | | 3 | 5 | | 5 | | | | | | | |
| ഹോമിയോപ്പതി | | | | | | | | | | 5 | 5 | 5 | | | | | | | |

### 2.10.4.നിക്ഷേപ സൗകര്യങ്ങൾ

നീർത്തട പ്രദേശത്ത് 4 സഹകരണ സംഘങ്ങൾ. അഞ്ച് നാഷണൽ ബാങ്കുകളും, മൂന്ന് സ്വകാര്യ പണമിട പാട് സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു. കോപ്പറേറ്റീവ് ബാങ്കിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് കാർഷിക വായ്പകൾ ഹൃസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ ലഭിക്കുന്നുണ്ട് എന്നത് കർഷകർക്ക് വലിയൊരാ ശ്വാസമാണ്.

*പട്ടിക നം: 15..**പദ്ധതി പ്രദേശത്തെ നിക്ഷേപ സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| **നിക്ഷേപ സൗകര്യങ്ങൾ** | | | | | |
|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആൻഡ് അസ്സോസ്സിയേറ്റ്സ് | നാഷണലൈ സ്ഡ് കൊമേഴ്സ്യ ൽ ബാങ്ക് | ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്ക് | ഡിസ്ട്രിക്ട് കൊ-ഓപറെറ്റീ വ് ബാങ്ക് ബ്രാഞ്ച് | സർവ്വീസ് കൊ-ഓപറെറ്റീവ് ബാങ്ക് ആൻഡ് ക്രെഡിറ്റ് സൊസൈറ്റീസ് | അർബൻ കൊ-ഓപറെ റ്റീവ് ബാങ്ക് |
| 2 | 5 | 4 | 1 | 4 | 1 |

### 2.10.5.വിപണന സൗകര്യങ്ങൾ

നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, പൈനാപ്പിൾ, റബ്ബർ തുടങ്ങിയവയാണ് നീർത്ത പ്രദേശത്തെ പ്രധാന കാർഷിക വിളകൾ. വിളവെടുപ്പിനുശേഷം സംഭരിക്കുന്നതിനുള്ള സൗകര്യക്കുറവും ഇത് വിപണിയിൽ എത്തിക്കുന്ന തിനുള്ള ബുദ്ധിമുട്ടുകളും കൃഷിക്കാരുടെ വരുമാനം കുറക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. പദ്ധതി പ്രദേ ശത്ത് കാർഷികവിളകളും വിപണന സൗകര്യം കുറവാണ്. ഢഎജ്ജഗ ഴ്യേശര്യൂ തുടങ്ങി കർഷകർക്ക് ഉയർന്ന വില ഉറപ്പുനൽകുന്ന ഗവൺമെന്റ് ഇടപെടലോടുകൂടിയ വാണിജ്യ കേന്ദ്രങ്ങളുടെ അഭാവം മൂലം കൃത്യസമയത്ത് ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കഴിയാത്തതും കർഷർഷകർക്ക് കൃഷിയിൽനിന്ന് അകന്നുമാറുവാൻ കാര ണമായിരുന്നു.

### 2.10.6.ഭൂ ഉടമസ്ഥതയുടെ വിവരങ്ങൾ (LAND HOLDING SIZE)

*പട്ടിക നം: 16..**പദ്ധതി പ്രദേശത്തെ ഭൂ ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ***

| 1 | | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| ക്രമ.നം. | നീർത്തടത്തിന്റെ പേര് | നീർത്തടത്ത ിന്റെ കോഡ് | വിസ്തൃതി (ഹെക്ടറിൽ) | കുടുംബങ്ങ ളുടെ ആകെ എണ്ണം | കൈവശഭൂമിയുടെ രീതി | | |
| | | | | | ചെറു കുടുംബം | ഇടത്തരം കുടുംബം | വലിയ കുടുംബം |
| 1 | ഓണക്കൂർ | 13M59j | 1066.8 | 1476 | 346 | 1092 | 117 |
| 2 | പിറവം | 13M60a | 1378.6 | 3037 | 1323 | 1688 | 157 |
| 3 | മുളക്കുളം - വടക്കേക്കര | 13M60b | 884.07 | 1212 | 142 | 690 | 72 |
| 4 | ഇലഞ്ഞി | 13M60c | 404 | 733 | 191 | 498 | 32 |
| 5 | പെരുമ്പടവം | 13M60e | 364.67 | 308 | 86 | 280 | 3 |
| 6 | മുളക്കുളം | 13M60f | 171.55 | 245 | 71 | 182 | 16 |
| 7 | വലിയതോട് | 13M64c | 158.31 | 259 | 69 | 196 | 19 |
| **ആകെ** | | | 4428 | 7270 | 2228 | 4626 | 416 |

### 2.10.7.ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ

ഗതാഗതമാർഗ്ഗങ്ങൾക്കായി പ്രധാനമായും ഉപയോഗിക്കുന്നത് റോഡുകളാണ് പദ്ധതി പ്രദേശത്തുകൂടി ഒരു നാഷണൽ ഹൈവേയും നാല് സ്റ്റേറ്റ് ഹൈവേകളും ഇരുപത്തിമൂന്ന് ജ്ണഉ റോഡുകളും 89 പഞ്ചായത്ത്

റോഡുകളും ഏതാനും ചില പ്രദേശങ്ങളിൽ 45 ഓളം ടാർചെയ്യാത്ത റോഡുകളും ഇന്ന് നിലവിൽ ഉണ്ട്. ഇതുകൊണ്ടുതന്നെ പദ്ധതി പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്.

വാർത്താവിനിമയത്തിനായി പ്രധാനമായും ഉപയോഗിക്കുന്നത് ലാന്റ് ഫോണും മൊബൈൽ ഫോണുകളുമാണ്. മുൻകാലങ്ങളിലേതുപോലെ സ്വകാര്യ കത്തുകൾകൊണ്ടുള്ള ആശയ വിനിമയം ഇപ്പോഴില്ലെങ്കിലും ഔദ്യോഗിക കത്തിടപാടുകൾക്കാണ് പ്രധാനമായും പ്രവർത്തിക്കുന്നത്.

*പട്ടിക നം: 17..**പദ്ധതി പ്രദേശത്തെ ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടത്തിന്റെ പേര് | നീർത്തടത്തിന്റെ കോഡ് | സ്റ്റേറ്റ് ഹൈവ്വേ | പി.ഡബ്ല്യു.ഡി. റോഡ് (നം.) | പഞ്ചായത്ത് റോഡ് (നം.) | പക്കാ റോഡ് (നം.) | മണ്ണിട്ട റോഡ് (നം.) |
|---|---|---|---|---|---|---|---|
| 1 | ഓണക്കൂർ | 13M59j | NA | 6 | 2 | 1 | 16 |
| 2 | പിറവം | 13M60a | NA | 5 | 13 | 1 | NA |
| 3 | മുളക്കുളം - വടക്കേക്കര | 13M60b | NA | 2 | 7 | 2 | 8 |
| 4 | ഇലഞ്ഞി | 13M60c | 4 | 5 | 5 | 0 | 3 |
| 5 | പെരുമ്പടവം | 13M60e | NA | 1 | 3 | 0 | 6 |
| 6 | മുളക്കുളം | 13M60f | NA | 2 | 10 | 2 | 7 |
| 7 | വലിയതോട് | 13M64c | NA | 2 | 7 | 5 | 5 |

### 2.10.8.വിനോദ സൗകര്യങ്ങൾ (Recreation Facilities)

പദ്ധതി പ്രദേശത്ത് ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനായി 9 വായനാശാലകളും ഒരു തിയേറ്ററും 9 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നു.

*പട്ടിക നം: 18..**പദ്ധതി പ്രദേശത്തെ വിനോദ സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ. നം. | നീർത്തടത്തിന്റെ പേര് | നീർത്തടത്തിന്റെ കോഡ് | വിസ്തൃതി (ഹെക്ടറിൽ) | ലൈബ്രറി | ക്ലബ്ബ് | തീയേറ്റർ |
|---|---|---|---|---|---|---|
| 1 | ഓണക്കൂർ | 13M59j | 1066.8 | 2 | 3 | 0 |
| 2 | പിറവം | 13M60a | 1378.6 | 3 | 3 | 1 |
| 3 | മുളക്കുളം - വടക്കേക്കര | 13M60b | 884.07 | 1 | 1 | 0 |
| 4 | ഇലഞ്ഞി | 13M60c | 404 | 1 | 2 | 0 |
| 5 | പെരുമ്പടവം | 13M60e | 364.67 | 0 | 0 | 0 |
| 6 | മുളക്കുളം | 13M60f | 171.55 | 1 | 0 | 0 |
| 7 | വലിയതോട് | 13M64c | 158.31 | 1 | 0 | 0 |
| **ആകെ** | | | **4428** | **9** | **9** | **1** |

### 2.11.കൃഷിയും നിലവിലുള്ള ഭൂവിനിയോഗവും

പാമ്പാക്കുട ഭൂപ്രദേശം വളരെയധികം നിമ്നോന്നതകൾ ഉള്ളതുകൊണ്ട് ഭൂവിനിയോഗ രീതിയിലും കൃഷിയിലും വൈവിധ്യം പ്രകടമാണ്. പ്രദേശത്തിന്റെ ഭൂപ്രകൃതി, ചരിവ്, മണ്ണിന്റെ ഘടന, തരം, അമ്ല/ക്ഷാരഗുണം, മണ്ണിലെ ഈർപ്പത്തിന്റെ അംശം എന്നീ ഭൗതക ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഒരു കൃഷിരീതിയല്ല ഇവിടുള്ളത്. കാലം മാറിയുള്ള കാലാവസ്ഥയും നാണ്യവിളകളുടെ വില വർദ്ധനവും വയലുകളുടെ നികത്തലുമെല്ലാം ഈ

പ്രദേശത്തിന്റെ കാർഷിക മേഖലയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പാടശേഖരങ്ങളുടെ നികത്തലും ശുദ്ധജല ദൗർലഭ്യവും മണ്ണൊലിപ്പും പ്രകൃതിദത്ത ജലസംഭരണികളുടെയേയും ജലസ്രോതസ്സുകളുടെയും ഉന്മൂലനം, അശാസ്ത്രീയമായ കരികൽ /ചെകൽ/കളിമണ്ണ് ഖനനവും, തരിശ്ഭൂമിയുടെ വ്യാപനവും ഈ പ്രദേശത്തെ കാർഷിക മേഖലയ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

509.08 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന നെൽകൃഷിയിൽ പ്രധാനമായും വിരിപ്പ്. മുണ്ടകൻ, പുഞ്ച എന്നീ വിളകൾ വ്യത്യസ്ത പരിക്രമങ്ങളിലായി ഇവിടെ കൃഷിചെയ്തുവരുന്നു. IR8, IR5, പാലക്കാടൻ മട്ട, ശബരി, ഉമ, കാഞ്ചന തുടങ്ങിയവയാണ് പ്രധാനമായും ഉപയോഗിക്കുന്ന നെല്ലിനങ്ങൾ. ചില പ്രദേശങ്ങളിൽ പച്ചക്കറി, പയറുവർഗ്ഗങ്ങൾ, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ മൂന്നാം വിളയായി നെൽവയലുകളിൽ കൃഷി ചെയ്തു വരുന്നു. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, ജാതി, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയെല്ലാം ഒരുമിച്ച് മിശ്രിത വിളകളായും റബ്ബർ, കശുമാവ്, തേക്ക്, കാപ്പി, എണ്ണപ്പന, മാഞ്ചിയം, പൈനാപ്പിൾ എന്നിവ ഉൾപ്പെടുന്ന നാണ്യ വിളകളും. ജാതി, വാനില, കൊക്കോ തുടങ്ങിയവ ഉൾപ്പെടുന്ന സുഗന്ധവിളകളും ഈ പ്രദേശത്ത് കൃഷി ചെയ്തുവരുന്നു. കൃഷിയോഗ്യമായതും അല്ലാത്തതുമായ തരിശു പ്രദേശങ്ങളും തരിശ്ശ് നെൽവയലുകളും കരികൽ/കളിമണ്ണ്/ചെകൽ ഖനന പ്രദേശങ്ങളും ഈ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു. വ്യവസായം, കെട്ടിടനിർമ്മാണം എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളും വിവിധ തരത്തിലുളള ജലാശയങ്ങളും ഈ നീർത്തട പ്രദേശത്ത് സ്ഥിതി ചെയ്യുന്നു.

*പട്ടിക നം: 19..**പദ്ധതി പ്രദേശത്തെ ഭൂവിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ. നം. | ഭൂവിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല് | 509.08 |
| 2 | നെല്ല് + പച്ചക്കറി കൃഷി | 6.41 |
| 3 | നെല്ല്+മിശ്രിത വിള | 30.41 |
| 4 | വയൽ നികത്തി തെങ്ങ് കൃഷി | 14.38 |
| 5 | വയൽ നികത്തി കവുങ്ങ് കൃഷി | 2.93 |
| 6 | വയൽ നികത്തി വാഴ കൃഷി | 0.94 |
| 7 | വയൽ നികത്തി നിർമ്മിതി പ്രദ്ദേശം | 3.52 |
| 8 | വയൽ നികത്തി മിശ്രിത കൃഷി | 44.32 |
| 9 | വയൽ നികത്തി റബ്ബർ | 23.84 |
| 10 | തരിശ് വയൽ | 1.32 |
| 11 | പാടം നികത്തി പച്ചക്കറി കൃഷി | 0.42 |
| 12 | കവുങ്ങ് കൃഷി | 9.47 |
| 13 | വാഴ കൃഷി | 23.6 |
| 14 | നിർമ്മിതി പ്രദ്ദേശം | 31.04 |
| 15 | തെങ്ങ് | 64.72 |
| 16 | കൃഷിക്ക് ഉപയുക്തമായ തരിശ്ശ് ഭൂമി | 24.03 |
| 17 | മിശ്രിത വിളകൾ | 2361.47 |
| 18 | മിശ്രിത വിളകൾ + നിർമ്മിതി പ്രദ്ദേശം | 216.25 |
| 19 | മിശ്രിതമരങ്ങൾ | 54.14 |
| 20 | റബ്ബർ | 795 |
| 21 | റബ്ബർ + മിശ്രിതമരങ്ങൾ | 139.48 |
| 22 | കുളങ്ങൾ | 24 |
| 23 | ക്വാറി പ്രദ്ദേശം | 19.89 |
| 24 | പച്ചക്കറി കൃഷി | 6.61 |
| 25 | തരിശ്ശ് ഭൂമി | 16.92 |
| 26 | പുഴ | 122.21 |
| 27 | റോഡ് | 9.5 |
| ആകെ | | 4555.9 |

**2.12.മൊത്തം ആഭ്യന്തര ഉത്പാദനം**

പദ്ധതി പ്രദേശത്തെ പ്രധാന തൊഴിൽ മേഖല കൃഷി, വാണിജ്യം, മൃഗസംരക്ഷണം. ചെറുകിട വ്യവസായ ങ്ങൾ എന്നിവയാണ്. റബ്ബർ, നെല്ല്, ജാതി തുടങ്ങിയ കൃഷികളും ഇടവിളയായി കിഴങ്ങ് വർഗ്ഗങ്ങളും പച്ചക്കറിയും പൈനാപ്പിളും കൃഷി ചെയ്തു പോരുന്നു. പ്രവാസി മലയാളികളിൽ നിന്നുമുള്ള വരുമാനമാണ് മറ്റൊരു പ്രധാന വരുമാന സ്രോതസ്സ്. കൃഷിചെയ്യുന്നതിനുള്ള അടിസ്ഥാനകാര്യങ്ങളുടെ അപര്യാപ്തതയും വിളകൾക്ക് ആവശ്യ മായ വില ലഭിക്കാത്തതും പുതുതലമുറയെ കൃഷിയിൽ നിന്ന് അകന്ന് നിൽക്കുവാൻ പ്രേരിപ്പിക്കുന്നു.

സ്ത്രീകൾക്ക് 400 മുതൽ 500 വരെയും പുരുഷന്മാർക്ക് 600 മുതൽ 750/- രൂപയും വരെയും കൂലി നിലനിൽക്കുന്ന ഈ പ്രദേശത്ത് ഇന്ന് അത്രയും തുക കൃഷി മേഖലയിൽ നിന്ന് തൊഴിലാളികൾക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. അതിനാൽ തന്നെ കാർഷിക മേഖലയിൽ ലഭിച്ചിരുന്ന തൊഴിലാളികളെല്ലാം ഇന്ന് നിർമ്മാണം തുടങ്ങി വിവിധ മേഖ ലകളിലേക്ക് തിരിഞ്ഞിരിക്കുന്നു.

കൂത്താട്ടുകുളത്തെ ആധുനിക മാംസം സംസ്കരണശാല, ക്ഷീര സംഘങ്ങൾ എന്നിവ മൃഗസംരക്ഷണ മേഖലയിൽ വലിയൊരു സാധ്യത തുറന്നിരിക്കുന്നു. കച്ചവട മേഖലയും മൃഗസംരക്ഷണ മേഖലയും റബ്ബർ ഉൽപന്നങ്ങൾ ഉണ്ടാ ക്കുന്ന ചെറുകിട സംരംഭങ്ങൾക്കും സാധ്യതയേറയാണ് ഇവിടുള്ളത്. പദ്ധതി പ്രദേശം കൂടുതലാണെങ്കിലും സ്വയം തൊഴിലായി കണ്ടെത്തിയിരിക്കുന്നത്, കച്ചവടവും മൃഗസംരക്ഷണവുമാണ്. ഇതോടൊപ്പം ഒരു ചെറിയ വിഭാഗം ആശാരിപ്പണി, വാഹനം മേടിക്കൽ തുടങ്ങിയ വഴിയും പ്രവർത്തിച്ചു വരുന്നു.

**2.13. സാമൂഹിക സംഘാടനം**

*പട്ടിക നം: 20..**പദ്ധതി പ്രദേശത്തെ സാമൂഹിക സംഘാടനത്തെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടം | MGNREGS -ൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | SHGsകളുടെ എണ്ണം | | JLGsകളുടെ എണ്ണം | | SHGs ഫെഡറേഷനുകളുടെ എണ്ണം | JLGs-ഫെഡറേഷനുകളുടെ എണ്ണം | സ്വയം തൊഴിൽ സംരഭങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | | | |
| 1 | ഇലഞ്ഞി | 300 | 0 | 13 | 0 | 8 | 0 | 0 | 4 |
| 2 | പെരുമ്പടവം | 180 | 0 | 15 | 0 | 0 | 0 | 0 | 0 |
| 3 | വലിയതോട് | 75 | 0 | 11 | 0 | 0 | 0 | 0 | |
| 4 | പിറവം | 1737 | 0 | 69 | 0 | 0 | 0 | 0 | 6 |
| 5 | മുളക്കുളം - വടക്കേക്കര | 190 | 0 | 18 | 0 | 0 | 0 | 0 | 3 |
| 6 | ഓണക്കൂർ | 1168 | 0 | 50 | 0 | 0 | 0 | 0 | 5 |
| 7 | മുളക്കുളം | 100 | 0 | 12 | 0 | 6 | 0 | 0 | 2 |
| **ആകെ** | | 3750 | 0 | 188 | 0 | 14 | 0 | 0 | 20 |

**2.14.മൃഗസംരക്ഷണവും ക്ഷീരവികസനവും**

കേരളത്തിലെ കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് മൃഗസംരക്ഷണ മേഖല അനിവാര്യഘടക മാണ്. കൃഷിയിൽ നിന്ന് ലഭ്യമാകുന്ന ഉപ ഉല്പന്നങ്ങൾ മൃഗങ്ങൾക്കുള്ള തീറ്റയായും മൃഗസംരക്ഷണ മേഖലയിലെ ഉപ ഉല്പന്നങ്ങളും കൃഷിക്ക് വളമായി ഉപയോഗപ്പെടുത്തും. ഇത്തരത്തിൽ പരസ്പര പൂരകങ്ങളായി വർദ്ധിക്കുന്ന വയാണ് കാർഷിക മൃഗസംരക്ഷണ മേഖല ദാരിദ്ര്യനിർമ്മാർജനത്തിൽ ഉതകുന്ന ഉത്തമമായ മാതൃകയാണിത്. ഗ്രാമീണ മേഖലയിലെ 70% ജനങ്ങളുടെ ഉപജീവനമാർഗം മൃഗസംരക്ഷണ മേഖലയാണ്.

കേരളത്തിലെ കാർഷിക മേഖലയുടെ നട്ടെല്ലാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 10% സംഭാവന ചെയ്യുന്ന മേഖലയാണിത്. കൃത്രിമ ബീജസങ്കലനം, ഭ്രൂണമാറ്റം എന്നിവ വഴി കേരളത്തിൽ 67%ത്തിലധികം സങ്കരവർഗ്ഗ പശുക്കളാണ് ഉള്ളത്. ഇത് പാലിന്റെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാഹചര്യമൊരുക്കി. മാംസം മുട്ട ഇവയുടെ കാര്യത്തിലും നല്ലയിനങ്ങളെ സൃഷ്ടിച്ച് വിതരണം നടത്തുന്നത് ഉൽപ്പാദന വർദ്ധനവിന് കാരണമായിട്ടുണ്ട്.

പഞ്ചായത്തുകൾ തോറുമുള്ള മൃഗാശുപത്രികളും ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന ഓഫീസും ഈ മേഖലയിൽ കർഷകർക്ക് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പാമ്പാക്കുട ബ്ലോക്കിലെ 36 ക്ഷീര സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ സബ്സിഡി, കിടാരി വളർത്തൽ, പുൽകൃഷി എന്നീ പദ്ധതികൾ നടപ്പിൽ വരുത്തിയത് വഴി പാലുൽപ്പാദനം 30% വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കാലിത്തീറ്റയുടെ ദൗർലഭ്യവും വിലക്കൂടുതലും കന്നുകാലികളുടെ രോഗപ്രതിരോധ ശേഷിക്കുറവും തീറ്റപ്പുല്ലിന്റെ ക്ഷാമവും മൃഗപരിപാലനത്തിലുള്ള ശാസ്ത്രീയമായ അറിവില്ലായ്മയും കന്നുകാലികളുടെ ചികിത്സാച്ചെലവിലുള്ള വർദ്ധനവും പശുക്കുട്ടി, ആട്, പന്നി, കോഴി എന്നിവയുടെ ദൗർലഭ്യം, ബോധവൽക്കരണത്തിന്റെ അപര്യാപ്തത തുടങ്ങിയവയാണ് പ്രധാനമായും കണ്ട് വരുന്ന പ്രശ്നങ്ങൾ ആണ്. പശുക്കളുടെ ഉൽപ്പാദന ക്ഷമതയും കർഷകന്റെ ആദായവും വർദ്ധിപ്പിച്ചാൽ മാത്രമെ ഈ മേഖലയിൽ ഇനിയും മുന്നോട്ട് പോകാൻ സാധിക്കൂ. ഇതിനായി നല്ല ഗുണനിലവാരമുള്ള ബീജമാത്രകളും കാലിത്തീറ്റയും പുൽവിത്തുക്കളും പ്രതിരോധ വാക്സിനുകളും നമുക്ക് കർഷകരിലേക്ക് എത്തിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ശാസ്ത്രീയമായ പശുപരിലാന രീതികൾ പ്രയോഗിക്കുന്നതിൽ ലഭ്യമായ ഉപാധികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കർഷകനെ പ്രാപ്തരാക്കുകയും വേണം.

എന്നാൽ മൃഗസംരക്ഷണ മേഖലകൾക്ക് ആവശ്യമായ പ്രാധാന്യം ബാങ്കുകളിൽ നിന്നോ ഗവൺമെന്റിൽ നിന്നോ ഇല്ലാത്തതിനാൽ ഈ മേഖലയിലെ ലോണുകൾക്കും ഉയർന്ന പലിശനിരക്ക് നൽകേണ്ടിവരുന്നു. ഇത് പുതിയ തലമുറ ഇത്തരം മേഖലയിലേക്ക് അകന്ന് മാറുന്നതിതും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലുമുള്ള അഭാവവും ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

*പട്ടിക നം: .21.**പദ്ധതി പ്രദേശത്തെ മൃഗങ്ങളെയും പാലുൽപ്പദനത്തേയും സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം | വിഭാഗം | പദ്ധതി പ്രദേശത്തെ ആകെ മൃഗങ്ങളുടെ എണ്ണം | പാൽ ലഭ്യത ലിറ്റർ/വർഷം | പാൽ വിപണന കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | പശു | 1789 | 691220 ലിറ്റർ | 13 (ഇലഞ്ഞി, മടുക്ക, ചീപ്പും പടി, ഇല്ലിക്കാമുക്കട, വായനശാല, എരപ്പാംകുഴി, കക്കാട്,പിറവം, പാലച്ചുവട്, ഓണക്കൂർ പാലം, കുളങ്ങരപ്പടി, റേഷൻ കടപ്പടി,കോമച്ചേരിത്താഴെ) |
| 2 | എരുമ/പോത്ത് | 129 | | |
| 3 | ആട് | 3179 | | |
| 4 | കോഴി/താറാവ്/മറ്റ് വളർത്തുപക്ഷികൾ | 8975 | NA | |
| 5 | പന്നി | 68 | | |

**2.15.മണ്ണ്**

കുന്നിൻ പ്രദേശങ്ങളുടെ മുകൾഭാഗം പ്രധാനമായും ചെങ്കൽമണ്ണ് കണ്ട് വരുന്നു. താരതമ്യേന ചെരിവ് കുറഞ്ഞ പ്രദേശങ്ങളായ ഇവിടെ റബ്ബറും മറ്റ് തോട്ടവിളകളുമാണ് കൃഷി ചെയ്യുന്നത്. താഴ്‌വര പ്രദേശങ്ങളിൽ പൂർണ്ണമായും മണൽ കലർന്ന കളിമണ്ണാണുള്ളത്. കുന്നിൻ മണ്ടകൾക്കും താഴ്‌വരകൾക്കും മധ്യത്തിലായി സ്ഥിതി ചെയ്യുന്ന ചെരിവ് പ്രദേശങ്ങളിൽ ചെമ്മണ്ണും ചെങ്കൽ മണ്ണും കാണപ്പെടുന്നു.

**2.15.1.മണ്ണ് തരം**

രണ്ട് വിഭാഗത്തിൽപ്പെട്ട മൺതരങ്ങളാണ് പ്രധാനമായും ഈ ബ്ലോക്കിൽ കണ്ട് വരുന്നത്. ഭൂരിഭാഗം ഭൂപ്രദേശങ്ങളിലും, വളരെ ആഴത്തിൽ മേൽമണ്ണുള്ളതും ചരൽ കലർന്ന ചെമ്മണ്ണുള്ളതും ഘടനയുള്ളതും ചെറിയ ചെരിവുള്ളതും സാമാന്യം നീർവാഴ്ചയുള്ളതുമായ മണ്ണാണുള്ളത്. എന്നാൽ ചില പ്രദേശങ്ങളിൽ കളിമണ്ണും കണ്ടു വരുന്നു.

*പട്ടിക നം: .22.**പദ്ധതി പ്രദേശത്തെ പ്രധാന മൺ വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടം | പ്രധാന മൺ വിഭാഗങ്ങൾ | |
|---|---|---|---|
| | | **River Alluvium** | **Laterite** |
| 1 | പിറവം | 758.01 | 732.3 |
| 2 | ഓണക്കൂർ | 153.1 | 913.5 |
| 3 | മുളക്കുളം | 80.92 | 106.82 |
| 4 | ഇലഞ്ഞി | 0 | 404 |
| 5 | പെരുമ്പടവം | 0 | 364.67 |
| 6 | മുളക്കുളം - വടക്കേക്കര | 0 | 884.22 |
| 7 | വലിയതോട് | 0 | 158.31 |

**ചെളി കലർന്ന എക്കൽ മണ്ണ്**

കേരളത്തിലുടനീളം തീര പ്രദേശങ്ങളിൽ കണ്ടുവരുന്ന ഒരു മണ്ണാണിത്. മഴക്കാലങ്ങളിൽ നിരന്തരമായി വെള്ളം കയറി വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശങ്ങളിലാണ് ഇതു സാധാരണ ആയി കണ്ടു വരാറുള്ളത്. താഴ്‌വര ഭാഗങ്ങളിൽ കണ്ടുവരുന്ന എക്കൽ മണ്ണുമായി കൂടിച്ചേർന്നാണ് ഈ മണ്ണ് കാണപ്പെടാറുള്ളത്. വളരെ ആഴം കൂടിയ മണ്ണായ ഇതിന് നരച്ച തവിട്ടു നിറമോ കറുപ്പ് കൂടിയ തവിട്ടു നിറമോ ആയിരിക്കും. പ്രധാനമായും നെൽകൃഷിയാണ് ഈ മണ്ണിൽ കൃഷി ചെയ്യുന്നത്, കൂടാതെ വാഴ, പച്ചക്കറികൾ, കപ്പ, കാലികമായ മറ്റു വിളകൾ ഈ മണ്ണിൽ കൃഷി ചെയ്യുന്നു. പദ്ധതി പ്രദേശത്ത് പിറവം, ഓണക്കൂർ, മുളക്കുളം എന്നീ നീർത്തടങ്ങളിലാണ് ഈ മണ്ണ് കണപ്പെടുന്നത്. പദ്ധതി പ്രദേശത്തിന്റെ 21.7% (992.03 ഹെക്ടർ)ഉം ഈ മണ്ണ് തന്നെയാണ്. പിറവം നീർത്തടത്തിൽ പിറവം പുഴയോടു ചേർന്നുകിടക്കുന്ന വയലുകളിലും ഓണക്കൂർ നീർത്തടത്തിൽ ഉഴവൂർ തോടിനോട് ചേർന്നുകിടക്കുന്നിടത്തും മുളക്കുളം നീർത്തടത്തിൽ പിറവം പുഴയോടും മുളക്കുളം തോടിനോടും ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലും ഈ മണ്ണ് കാണപ്പെടുന്നു.

**ചെങ്കൽ മണ്ണ്**

പദ്ധതി പ്രദേശത്തിന്റെ 78.3% (3563.82 ഹെക്ടർ) സ്ഥലം ചെങ്കൽ മണ്ണ് ആണ് കാണപ്പെടുന്നത്. പാറകൾക്കുള്ള ആവരണമായിട്ടാണ് ചെങ്കൽ മണ്ണ് നിലകൊള്ളുന്നത്. ഒന്നിടവിട്ട് ഒന്നിടവിട്ടുള്ള തണുപ്പും ചൂടുമായ കാലവസ്ഥയുടെ കൂടെ ഒന്നിച്ച് കനത്തമഴയും ചൂടുമുണ്ടാകുന്ന പ്രദേശങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന രാസപ്രവർത്തനം മൂലമാണ് ഈ മണ്ണ് രൂപാന്തരപ്പെടുന്നത്. കുന്നിൻ മണ്ടകളിലും കുന്നുകളിലും ചെരിവുകളിലും ഇളം ചുവപ്പ് നിറത്തിലോ മഞ്ഞ കലർന്ന ചുവപ്പ് നിറത്തിലോ ആണ് ഈ നീർത്തട പ്രദേശത്ത് ചെങ്കൽ മണ്ണ് കാണപ്പെടുന്നത്. തെങ്ങ്, കവുങ്ങ്, കുരുമുളക്, കപ്പ, വാഴ, കശുമാവ്, പച്ചക്കറി തുടങ്ങിയവ ഈ മണ്ണിൽ വളരുന്നവയാണ്. ഇലഞ്ഞി, മുളക്കുളം-വടക്കേക്കര, പെരുമ്പടവം, വലിയതോട് തുടങ്ങിയ നീർത്തടങ്ങളിൽ പൂർണ്ണമായും പിറവം, ഓണക്കൂർ, മുളക്കുളം നീർത്തടത്തിൽ ഭാഗീകമായും ചെങ്കൽ മണ്ണ് കണ്ടുവരുന്നു.

### 2.15.2.മണ്ണിന്റെ ആഴം

ഭൂമി ശാസ്ത്രപരമായി വളരെ ആഴം കൂടിയ മണ്ണാണ് ഈ പ്രദേശത്തുള്ളത്. ഒരു മണ്ണിന്റെ ഭൗതിക ഗുണങ്ങളെ തീരുമാനിക്കുന്നത് ആ മണ്ണിൽ വിളയുന്ന വിളകളുടെ വ്യത്യസ്തത, ജല സംഭരണ ശേഷി, മണ്ണിലൂടെയുള്ള ജലത്തിന്റെ ഒഴുക്ക്, വായുവിന്റെ അവസ്ഥ, മൃദുത്വം, പോഷക ഗുണങ്ങളുടെ അവസ്ഥ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ്. ഇത് തീരുമാനിക്കുന്നത് മണ്ണിന്റെ വലിപ്പം, അനുപാതം, ക്രമീകരണം, മൂലകങ്ങളുടെ രൂപീകരണം എന്നിവയാണ്. എന്നാൽ മണ്ണിന്റെ ഭൗതീക ഗുണങ്ങളെ തീരുമാനിക്കുന്നതിൽ ആഴത്തിന് വളരെയേറെ പ്രാധാന്യം ഉണ്ട്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പോകുമ്പോൾ ആഴത്തിന്റെ വ്യത്യാസമനുസരിച്ച് അതിന്റെ ഭൗതീക ഗുണങ്ങളെ തീരുമാനിക്കുന്ന ഘടകങ്ങളിൽ വ്യത്യാസം ഉണ്ടാകുന്നു. മണ്ണിന്റെ ആഴത്തെ അടിസ്ഥാനമാക്കി ഈ പദ്ധതി പ്രദേശത്തെ 2 വിഭാഗങ്ങളാക്കി തിരിക്കാം.

1. ആഴമുള്ളത് (Deep)
2. വളരെ ആഴമുള്ളത് (Very Deep).

ആഴമുള്ളത് 100 മുതൽ 150 സെന്റീ മീറ്റർ ഉയരത്തിലും വളരെ ആഴം കൂടിയത് 150 സെന്റീമീറ്റർ ഉയരത്തിലും കാണപ്പെടുന്നു. കക്കാട്, പിറവം, മുളക്കുളം ഭാഗങ്ങളാണ് വളരെ ആഴം കൂടിയ പ്രദേശങ്ങൾ. പെരുമ്പടവം, മടുക്ക, എരപ്പാംകുഴി, പെരിയപ്പുറം ഭാഗങ്ങൾ ആഴമുള്ള പ്രദേശങ്ങളിലും ഉൾപ്പെടുന്നു.

### 2.15.3.മണ്ണൊലിപ്പ്

പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഗൗരവതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മണ്ണൊലിപ്പ് ഈ ബ്ലോക്കിൽ വ്യാപകമാണ്. ദശലക്ഷക്കണക്കിന് വർഷങ്ങൾകൊണ്ട് പാറകളുടെ രാസ ഭൗതിക ജീർണ്ണിക്കൽ പ്രക്രിയ യിലൂടെ ഉണ്ടാക്കുന്നതും സസ്യജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതവും പോഷകാംശങ്ങളുടെ കലവറ യുമായ മേൽമണ്ണ് മനുഷ്യനിർമ്മിതം, ഭൂപ്രകൃതിയുടെ സ്വാധീനം, സസ്യാവരണങ്ങളുടെ അഭാവം, മണ്ണ് സംരക്ഷണ പദ്ധതികളുടെ അഭാവം, തെറ്റായ ഭൂവിനിയോഗ/ഭൂപരിപാലന മാർഗ്ഗങ്ങൾ എന്നിവ മൂലം സാധാരണ വർഷപാത ത്തിൽ പോലും ഒലിച്ചുപോകുന്നു. വിനാശകരമായ ഈ പ്രക്രിയക്കു വിധേയമാകുന്ന ഭൂപ്രദേശം അക്ഷരാർത്ഥ ത്തിൽ ഊഷരഭൂമിയാകുന്നു.

മണ്ണൊലിപ്പുകൊണ്ട് ഭൂമിയുടെ ഫലാദായം കുറഞ്ഞുവരുന്നുവെന്ന് മാത്രമല്ല കുത്തിയൊലിച്ചുവരുന്ന മേൽമണ്ണ് താഴ്വരകളിലും വയലുകളിലും വീണ് അവിടെ കൃഷിനാശം വരുത്തിവയ്ക്കുകയും ചെയ്യുന്നു. മണ്ണൊ ലിപ്പ് ബാധിത പ്രദേശങ്ങളിലെ മേൽമണ്ണ് നഷ്ടപ്പെടുന്നതോടെ മഴക്കാലത്ത് വെള്ളം വലിച്ചെടുക്കാനും സംഭരിച്ചു നിർത്താനുമുള്ള ഭൂമിയുടെ ശേഷി നഷ്ടപ്പെടുകയും വേനൽക്കാലങ്ങളിൽ ജലസ്രോതസ്സുകൾ വറ്റിപ്പോകുകയും ചെയ്യുന്നു. ഇത്തരത്തിൽ സംജാതമാകുന്ന വരൾച്ച സമീപ പ്രദേശങ്ങളിലെ സസ്യജാലങ്ങളെ ബാധിക്കുകയും അവ യുടെ ഉന്മൂലനത്തിന് കാരണമാകുകയും ചെയ്യുന്നു. ശരിയായ സംരക്ഷണ പദ്ധതികളുടെ അഭാവം മൂലം പാമ്പാ ക്കുട ബ്ലോക്കിലെ ചരിഞ്ഞ പ്രദേശങ്ങളിലെല്ലാം മണ്ണൊലിപ്പ് രൂക്ഷമാണ്. കാലക്രമേണ മണ്ണൊലിപ്പ് പ്രതിഭാസം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നുണ്ട്.

പട്ടിക നം: .23.*പദ്ധതി പ്രദേശത്തെ പ്രധാന മണ്ണൊലിപ്പ് വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം. | നീർത്തടം | പ്രധാന മണ്ണൊലിപ്പ് വിഭാഗങ്ങൾ | |
|---|---|---|---|
| | | Class 1-None to Slight | Class 2-moderate |
| 1 | പിറവം | 862.1 | 628.21 |
| 2 | ഓണക്കൂർ | 712.9 | 353.7 |
| 3 | മുളക്കുളം | 182.91 | 4.88 |
| 4 | ഇലഞ്ഞി | 233.08 | 170.92 |
| 5 | പെരുമ്പടവം | 244.3 | 120.37 |
| 6 | മുളക്കുളം - വടക്കേക്കര | 649.2 | 235.02 |
| 7 | വലിയതോട് | 158.31 | 0 |
| **ആകെ** | | **3042.8** | **1513.1** |

### 2.15.4.ഭൂക്ഷമത (Land Capability)

ഉല്പ്പാദന ക്ഷമതയെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ മണ്ണിനങ്ങളെ 1 മുതൽ 8 വരെയുള്ള വ്യക്ത്യസ്ത ഭൂക്ഷമത വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ഓരോ ചെറിയ പ്രദേശത്തിന്റേയും ഭൂപ്രകൃതി, ചെരിവ്, മണ്ണൊലിപ്പ്, പ്രസ്തുത പ്രദേശത്തെ മണ്ണിന്റെ ഘടന, ഘനം, തരം, അമ്ല/ക്ഷാര ഗുണം മണ്ണിലെ ഈർപ്പത്തിന്റെ അംശം എന്നീ ഭൗതീക ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് വ്യക്ത്യസ്ത ഭൂക്ഷമതാ വിഭാഗങ്ങൾ തരം തിരിച്ചിരിക്കുന്നത്.

പട്ടിക നം: .24.*പദ്ധതി പ്രദേശത്തെ ഭൂക്ഷമതയുടെ വർഗീകരണം സംബന്ധിച്ച വിവരങ്ങൾ*

| നീർത്തടം | വർഗ്ഗീകരണം | |
|---|---|---|
| | **IVsw IIIsw** | **IIIes - IVes** |
| പിറവം | 940.71 | 549.6 |
| ഓണക്കൂർ | 784 | 282.6 |
| മുളക്കുളം | 160.74 | 27 |
| ഇലഞ്ഞി | 330.36 | 73.64 |
| പെരുമ്പടവം | 169.87 | 194.8 |
| മുളക്കുളം - വടക്കേക്കര | 803.92 | 80.3 |
| വലിയതോട് | 0 | 158.31 |
| **IVsw IIIsw** : നനവോടുകൂടിയ ഒരു വിധം നല്ലതായ കൃഷിക്കനുയോജ്യമായ മണ്ണാണ് | | |
| **IIIes - Ives** : മണ്ണോലിപ്പ് കൂടുതലുള്ള ഒരുവിധം നല്ലതായ കൃഷിക്കനുയോജ്യമായ മണ്ണാണ്. | | |

#### 2.15.5. ജലസേചന പ്രദേശങ്ങൾ (**Land Irrigability**)

*പട്ടിക നം: .25.പദ്ധതി പ്രദേശത്തെ ജലസേചന പ്രദേശങ്ങളുടെ വർഗ്ഗീകരണം സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം. | നീർത്തടം | ജലസേചന പ്രദേശങ്ങളുടെ വർഗ്ഗീകരണം (Ha) | |
|---|---|---|---|
| | | Class 3st | Class 6 |
| 1 | പിറവം | 516.09 | 974.22 |
| 2 | ഓണക്കൂർ | 319.02 | 747.58 |
| 3 | മുളക്കുളം | 22.37 | 165.42 |
| 4 | ഇലഞ്ഞി | 113.19 | 290.81 |
| 5 | പെരുമ്പടവം | 62.21 | 302.46 |
| 6 | മുളക്കുളം - വടക്കേക്കര | 879.31 | 4.91 |
| 7 | വലിയതോട് | 0 | 158.31 |
| ആകെ | | 1912.19 | 2643.71 |

**Class 3st** -severe limitations for sustain use under irrigation with soil and topographic limitations

**Class 6** -Not suitable for sustained use under irrigation

#### 2.15.6. പദ്ധതി പ്രദേശത്തെ നിലവിലുള്ള പ്രശ്നങ്ങൾ

##### 2.15.6.1.വിള ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

*പ്രശ്നങ്ങൾ*

- തൊഴിലാളി ക്ഷാമം/വർദ്ധിച്ച കൂലിചെലവ്
- അശാസ്ത്രീയ കൃഷിരീതികൾ
- ഏകവിള കൃഷി സമ്പ്രദായം
- കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്
- വിപണന/സംഭരണ സൗകര്യക്കുറവ്
- ജൈവവള ലഭ്യതക്കുറവ്
- അമിത രാസവള/കീടനാശിനി പ്രയോഗം
- ജലസേചന സൗകര്യക്കുറവ്
- നെൽവയലുകൾ തരിശിടുന്നത്
- യന്ത്രവൽക്കരണത്തിന്റെ അഭാവം
- വിവിധതരം കൃഷിയെ ബാധിക്കുന്ന രോഗകീടബാധകൾ
- പരമ്പരാഗത തൊഴിലിൽ നിന്നുള്ള പിൻമാറ്റം
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാകുന്നില്ല.

*നിർദ്ദേശങ്ങൾ*

- ശാസ്ത്രീയ പരിശീലനം നൽകി തൊഴിൽസേന രൂപീകരിക്കുക
- ശാസ്ത്രീയകൃഷി രീതികൾ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടികളും മാതൃകാതോട്ടങ്ങളും നിർമ്മിക്കുക.

- ഇടവിള കൃഷികൾ വ്യാപനം ഉറപ്പുവരുത്തുക
- നീർത്തട സമിതിയുടെ നേതൃത്വത്തിൽ കർഷക കൂട്ടായ്മ രൂപീകരിച്ച് വിഎഫ്പിസികെ, എന്നിവയുടെ മാർക്കറ്റ്/സംഭരണ ശാഖകൾ രൂപീകരിക്കുക. ഇതിനാവശ്യമായ പരിശീലന പരിപാടികൾ ഒരുക്കുക.
- പ്രാദേശികമായി ജൈവവളത്തെപ്പറ്റി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരമാവധി ജൈവ അവശിഷ്ടങ്ങളെ വളമാക്കി ഉപയോഗിക്കുക, കൂടാതെ മൃഗസംരക്ഷണമേഖല പ്രോത്സാഹിപ്പിക്കുക ജൈവവള ലഭ്യത ഉറപ്പാക്കുകയും ചെയ്യുക.
- അമിത രാസവള/കീടനാശിനി ഉപയോഗം മണ്ണിന്റെ ഘടനയിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയും മണ്ണ് പരിശോധന നടത്തി ആവശ്യമായ അളവിൽ വള പ്രയോഗ പ്രവർത്തനങ്ങൾ നടത്തുവാൻ കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക.
- പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ജലസേചന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക, അവരോടൊപ്പം ആധുനിക ജലസേചന രീതികളെപ്പറ്റി കർഷകർക്ക് അറിവ് പകർന്ന് നൽകുക.
- നീർത്തട സമിതിയുടെ നേതൃത്വത്തിൽ തരിശ് നിലങ്ങൾ പൂർണ്ണമായും കൂട്ടുത്തരവാദിത്വ സംഘങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുക.
- ലഘുയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെപ്പറ്റി കർഷക തൊഴിൽസേന, കർഷകർ എന്നിവർക്ക് പരിശീലനം നൽകുക. അതൊടൊപ്പം മറ്റ് ഗവൺമെന്റ് പദ്ധതികളുമായി ചേർന്ന് ബോധൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- തെങ്ങിന്റെ രോഗബാധയ്ക്കായി തെങ്ങിന്റെ മണ്ടവൃത്തിയാക്കൽ, ജൈവ കീടനാശിനികൾ, മിത്രകീടങ്ങൾ എന്നിവയ്ക്ക് പരിശീലനം സംഘടിപ്പിക്കുക.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനവും SHG/JLG ആവശ്യമായ സാമ്പത്തിക സഹായവും നൽകുക.

2.15.6.2.**മണ്ണ്-ജല സംരക്ഷണം**

- മണ്ണൊലിപ്പ്
- അമിത രാസവളവും കീടനാശിനി പ്രയോഗവും മൂലം മണ്ണിന്റെ ഘടനയിലും വെള്ളത്തിന്റെ ഗുണമേന്മയിലും വന്ന മാറ്റങ്ങൾ
- ഭൂപ്രകൃതിക്ക് അനുസരിച്ചല്ലാത്ത കൃഷിരീതികൾ
- അശാസ്ത്രീയമായ കുന്നിടിക്കൽ, പാറഖനനം, വയൽ നികത്തൽ
- അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ
- പരമ്പരാഗത ജലസ്രോതസ്സുകൾ മലിനമാകുന്നതും സംരക്ഷിക്കാത്തതുമായ അവസ്ഥ
- തോടുകളുടേയും പുഴയുടേയും വശഭിത്തി ഇടിയുന്നത്.
- നെൽവയലുകൾ തരിശിടുന്നത്/ചതുപ്പ് രൂപപ്പെടുന്നത്

**നിർദ്ദേശങ്ങൾ**

- ചരിവിനനുസരിച്ച്, മണ്ണ്കയ്യാല, കല്ലുകയ്യാല, മഴക്കുഴി എന്നിവയുടെ നിർമ്മാണം.
- ജൈവവളപ്രയോഗം വർദ്ധിപ്പിക്കുക. കീടനാശിനി ഉപയോഗം നിയന്ത്രിക്കുക

- മണ്ണിന്റെ ഘടനയും വെള്ളത്തിന്റെ ഗുണമേന്മയും തിരിച്ചുകൊണ്ടുവരിക.
- ഭൂപ്രകൃതിക്ക് അനുസരിച്ച് ശാസ്ത്രീയ കൃഷിരീതികൾ വ്യാപിപ്പിക്കുക.
- അശാസ്ത്രീയമായ കുന്നിടിക്കൽ, പാറഖനനം എന്നിവ നിരോധിക്കുകയും അതിന്റെ ദോശവശങ്ങളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- നെൽകൃഷി പ്രോത്സാഹിപ്പിക്കുകയും വയൽ തരിശിടുന്നതും നികത്തുന്നതും തടയുക.
- പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീരുറവകൾ എന്നിവ പുനരുദ്ധാരണ പ്രവർ സംരക്ഷിക്കുകയും ചെയ്യുക. അതൊടൊപ്പം ഉറവിട മാലിന്യ സംസ്കരണത്തിനായി പരിശീലനം സംഘടിപ്പിക്കുകയും ചെയ്യുക. ത്തനങ്ങൾ നടത്തി സംരക്ഷിക്കുകയും, തോടുകളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കാതെ
- തോടുകളുടേയും പുഴയുടേയും തീരങ്ങൾ ഇടിയുന്ന സ്ഥലങ്ങളിൽ ഈറ, മുള, കൈത, രാമച്ചം മുതലായവ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുക.

### 2.15.6.3.<u>മൃഗസരംക്ഷണം</u>

- കാലിതീറ്റയുടേയും വിലവർദ്ധനവും പ്രാദേശിക കാലിതീറ്റ ലഭ്യതയിലുള്ളകുറവും
- ഉൽപ്പാദന ചെലവിന് അനുസരണമായ വില ലഭ്യമാകുന്നില്ല.
- പകർച്ചവ്യാധികളുടെ വ്യാപനം
- ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച തൊഴുത്തുകളുടെ അഭാവം
- അശാസ്ത്രീയ പരിപാലന രീതി
- അതിന് ആവശ്യമായ തീറ്റലഭ്യതയിലുള്ള അഭാവം

പരിഹാര നിർദ്ദേശങ്ങൾ

- പ്രാദേശിക തലത്തിൽ കാലിത്തീറ്റ നിർമ്മാണം. തീറ്റപ്പുൽകൃഷി വ്യാപനം എന്നിവയിലൂടെ പ്രാദേശികമായി കാലിത്തീറ്റ കണ്ടെത്തുക.
- സ്വയംസഹായ സംഘങ്ങൾ, കൂട്ടുത്തരവാദിത്ത സ്ഥലങ്ങൾ എന്നിവയിലൂടെ പാലിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.
- ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുകൾ നിർമ്മിച്ചും പരിപാലനത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകിയും ഒരു പരിധിവരെ പകർച്ചവ്യാധികൾ തടയുവാൻ സാധിക്കും.
- പ്രാദേശികമായി അതിന് തീറ്റക്കാവശ്യമായ ചെടികൾ വെച്ചുപിടിപ്പിക്കുക.
- മുട്ടക്കോഴി, കാട വളർത്തൽ പ്രോത്സാഹിപ്പിക്കുക.

### 2.15.6.4. <u>സാമൂഹിക പ്രശ്നങ്ങൾ</u>

- പ്ലാസ്റ്റിക് മാലിന്യങ്ങളും ഗാർഹിക മാലിന്യങ്ങളും കംബോള മാലിന്യങ്ങളും തോടുകളിലും കനാലുകളിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നു.
- കളിമണ്ണ് ഖനനം, ചെകല്ല് ഖനനം, പാറ ഖനനം തുടങ്ങിയവ പ്രകൃതിയുടെ സംതുലിതാവസ്തയെ ബാധിക്കുന്നുണ്ട്.

**പരിഹാര നിർദേശങ്ങൾ**

- ബയോഗ്യാസ് പോലുള്ള ഗാർഹിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ പ്രോൽസാഹിപ്പിക്കുക.
- പഞ്ചായത്ത് തലത്തിൽ തന്നെ ശക്തമായ നിയമ സംവിധാനങ്ങൾ കൊണ്ടുവരിക.

### 2.15.6.5. വിപണന പ്രശ്നങ്ങൾ

വികസന സങ്കേതങ്ങളിൽ വളരെ പ്രധാനമർഹിക്കുന്ന ഒന്നാണ് മാർക്കറ്റ്. വിളകൾ വിളവെടുപ്പിന് ശേഷം സംഭരിക്കുന്നതിനുള്ള സൗകര്യക്കുറവും ഇത് വിപണിയിലെത്തിക്കുന്നതിനുള്ള പോരായ്മകളും കൃഷിക്കാരുടെ വരുമാനം കുറയ്ക്കുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നു. അന്താരാഷ്ട്ര വിപണിയിൽ കാർഷിക വിഭവങ്ങൾക്കുണ്ടാകുന്ന വ്യതിയാനം കർഷകരുടെ താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

കൃഷി ഉൽപന്നങ്ങൾക്കും റബ്ബർ ഒഴികെയുള്ള മറ്റ് ഉൽപന്നങ്ങൾക്കും ആശ്രയിക്കാവുന്നത് ഇലഞ്ഞി, പിറവം മാർക്കറ്റുകളെ മാത്രമാണ്. ഈ മേഖലയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ പ്രത്യേകിച്ചും പച്ചക്കറി പെരുവ, കൂത്താട്ടുകുളം, കുറുപ്പന്തറ, തലയോലപ്പറമ്പ് എന്നിവിടങ്ങളിൽ വിപണനം ചെയ്യുമ്പോൾ ഈ പദ്ധതി പ്രദേശത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നു. ഇത് ഈ പ്രദേശത്തെ വളർച്ചാ സാദ്ധ്യതകക്ക് ഏറ്റവും വിഘാതമായി നിൽക്കുന്നു.

### 2.15.6.6. സാംസ്കാരിക പ്രശ്നങ്ങൾ

ഈ നീർത്തട പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും ഇടത്തരക്കാരാണ്. ഇവർ സാംസ്കാരിക നിലവാരത്തിൽ ഉയർന്ന മാനദണ്ഡങ്ങൾ പുലർത്തുന്നവരാണ്. പദ്ധതി പ്രദേശത്തിൽ വിവിധ ഭാഗങ്ങളിലായി ധാരാളം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ആശാവഹമല്ല. എന്നാൽ ടൗണുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചില സാംസ്കാരിക സംഘടനകൾ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. നീർത്തട പ്രദേശത്തിൽ ഉൾപ്പെടുന്ന ചില പഞ്ചായത്തുകളുടെ വാർഡുകളിൽ ഒന്നിച്ചിരുന്ന് ഒരു മീറ്റിംഗുകൾ നടത്താൻ ഒരു സാംസ്കാരിക നിലയം ഇല്ല എന്നുള്ളത് എടുത്ത് പറയേണ്ടതാണ്. ടെലിവിഷൻ സർവ്വ സാധാരണമായതോടുകൂടി സാമൂഹിക, സാംസ്കാരിക യുവജന സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് മങ്ങലേറ്റിരിക്കുന്നു. വിദ്യാലയങ്ങൾ, മതസ്ഥാപനങ്ങൾ, കലാസാംസ്കാരിക സംഘടനകൾ ഇവ വാർഷികോത്സവങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ജനങ്ങൾ പണ്ടു കാണിച്ചിരുന്ന താൽപര്യം ഇന്ന് പലയിടത്തും കാണുന്നില്ല.

## 2.16. നീർത്തടത്തെ സംബന്ധിച്ച വിവരങ്ങൾ

*പട്ടിക നം: .26.**പദ്ധതി പ്രദേശത്തെ നീർത്തടത്തെ സംബന്ധിച്ച വിവരങ്ങൾ***

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ. നം. | വൃഷ്ടി പ്രദേശം | നീർത്തട കോഡ് | നീർത്തടത്തിന്റെ പേര് | ആകെ വിസ്തൃതി | പ്രവർത്തന വിസ്തൃതി | വന മേഖല |
| 1 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M59j | ഓണക്കൂർ | 1066.6 | 1060.14 | 0 |
| 2 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M60a | പിറവം | 1490.31 | 1398.78 | 0 |
| 3 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M60b | മുളക്കുളം - വടക്കേക്കര | 884.22 | 886.58 | 0 |
| 4 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M60c | ഇലഞ്ഞി | 404 | 402.68 | 0 |
| 5 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M60e | പെരുമ്പടവം | 364.67 | 361.75 | 0 |
| 6 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M60f | മുളക്കുളം | 187.79 | 187.11 | 0 |
| 7 | മൂവാറ്റുപുഴ നദി അടിസ്ഥാനമാക്കി | 13M64c | വലിയതോട് | 158.31 | 158.31 | 0 |

## 2.17.സ്ഥാപന രൂപീകരണവും പദ്ധതി നടത്തിപ്പും (Institution Building & Project Management)

### 2.17.1.സ്ഥാപനരൂപീകരണം (Institution Building)

നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വിവിധ ഏജൻസികളുടേയും സംവിധാനങ്ങളുടേയും ഏകോപനവും കൂട്ടായ പ്രവർത്തനങ്ങളും അനിവാര്യമാണ്.

**സംസ്ഥാനതലം**

**സംസ്ഥാനതല നോഡൽ ഏജൻസി (ടഘചഅ)**

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ (IWMP) നിർവ്വഹണത്തിനുള്ള നോഡൽ വകുപ്പ് ഗ്രാമ വികസന വകുപ്പായിരിക്കും.അഗ്രികൾച്ചറൽ പ്രോഡക്ഷൻ കമ്മീഷണർ ചെയർമാനായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ ചെയർമാനായും, ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായും സംസ്ഥാനത്ത് SLNA രൂപീകരിച്ചിട്ടുണ്ട്.

**സംസ്ഥാനതല സാങ്കേതിക സഹായ യൂണിറ്റ്**

കൃഷി, വാട്ടർ മാനേജ്മെന്റ് കപ്പാസിറ്റി ബിൽഡിംഗ്, സോഷ്യൽ മൊബിലൈസേഷൻ, വിവര സാങ്കേതിക വിദ്യ, അഡ്മിനിസ്ട്രേഷൻ, ഫൈനാൻസ്/അക്കൗസ് മേഖലകളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സാങ്കേതിക യൂണിറ്റ് **(ഠടഡ)** ടഘചഅ യുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടി ഉണ്ട്.

**ജില്ലാതലം**

**ജില്ലാതല ആസൂത്രണ സമിതി (DPC)**

IWMPയുടെ ജില്ലാതല ആസുത്രണത്തിന്റെയും, നിർവ്വഹണത്തിന്റെയും മേൽനോട്ട ചുമതല ജില്ലാ ആസൂത്രണ സമിതിക്കാണ്. ഈ പ്രവർത്തനങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിനായി IWMP കോഓർഡിനേഷൻ കമ്മിറ്റിക്ക് ഡിപിസി രൂപം നൽകണം. ഇത് ഡിപിസി യുടെ ഒരു സബ് കമ്മിറ്റിയായിരിക്കും. ഈ സബ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുകയും ജില്ലയിലെ IWMP പ്രവർത്തനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അതിന്റെ ചെയർമാനും ജില്ലാ കളക്ടർ അതിന്റെ സെക്രട്ടറിയുമായിരിക്കും. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഈ സബ് കമ്മിറ്റിയിൽ ടെക്നിക്കൽ കോ-ഓർഡിനേറ്ററും, ദാരിദ്ര്യ ലഘുകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പ്രോജക്ട് മാനേജറും ആയിരിക്കും. നിലവിലുള്ള ജില്ലാതല കോർഡിനേഷൻ കമ്മിറ്റി **(ഡി.എൽ.സി.സി.)** യെ ഈ ചുമതല ഏൽപ്പിക്കാവുന്നതാണ്.

**വാട്ടർഷെഡ് സെൽ കം ഡേറ്റാ സെന്റർ (WCDC)**

ജില്ലാതലത്തിലുള്ള കമ്മിറ്റിയെ സഹായിക്കുന്നതിനും ഓരോ പദ്ധതിയിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ജില്ലാതലത്തിൽ വാട്ടർഷെഡ് സെൽ കം ഡേറ്റാ സെന്റർ **(WCDC)** ആണ്. തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)ന്റെ ചുമതലയിലാണ് ഈ സെൽ പ്രവർത്തിക്കുന്നത്. ഒരു കാർഷിക വിദഗ്ദ്ധൻ, ഒരു അക്കൗണ്ട്, ജിഐഎസ് പരിശീലനം നേടിയ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ഡെപ്യൂട്ടേഷൻ/കരാർ അടിസ്ഥാനത്തിൽ WCDCയിൽ നിയമിക്കാവുന്നതാണ്. ജില്ലയിലെ പദ്ധതി നിർവ്വഹണ ഏജൻസികളായ ബ്ലോക്ക്പഞ്ചായത്തുകൾക്കാവശ്യമായ സാങ്കേതിക സഹായവും സൗകര്യങ്ങളും, നിർദ്ദേശങ്ങളും നൽകുന്നതിനായി ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയെ ഈ സെൽ സഹായിക്കേതാണ്. ദാരിദ്ര ലഘൂകരണ

യൂണിറ്റിന്റെ പ്രോജക്ട് ഡയറക്ടർ ഈ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. കണങ്ങജക്ക് ആവശ്യമായ പ്രൊഫഷണൽ നേതൃത്വം ദിശാബോധവും മാർഗ്ഗനിർദ്ദേശങ്ങളും നൽകേത് WCDC യാണ്.

**ബ്ലോക്ക് തലം**

**പദ്ധതി നിർവ്വഹണ ഏജൻസി**

IWMPയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ബ്ലോക്ക് പഞ്ചായത്തുകൾ ആയിരിക്കും. പ്രോജക്ട് പ്രദേശത്ത് ഒന്നിൽ കൂടുതൽ ബ്ലോക്കുകൾ ഉൾപ്പെടുന്നുവെങ്കിൽ കുടുതൽ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തായിരിക്കും പിഐഎ. മറ്റു ബ്ലോക്കിലെ പ്രസിഡന്റ്/പ്രസിഡന്റുമാർ പ്രോജക്ട് തലത്തിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. നീർത്തടാടിസ്ഥാനത്തിലുള്ള ഡിപിആറുകൾ തയ്യാറാക്കുന്നത് മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള മുഴുവൻ ചുമതലകളും PIAആയ ബ്ലോക്ക് പഞ്ചായത്തിന് ആയിരിക്കും. IWMPയിലൂടെ സൃഷ്ടിച്ച ആസ്ഥികളും, സൗകര്യങ്ങളും സംരക്ഷിക്കുന്നതിനു മറ്റു ക്രമീകരണങ്ങൾ നടത്തേണ്ടത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. PIA ആയ ബ്ലോക്ക്പഞ്ചായത്തിന്റെ സെക്രട്ടറി ആയിരിക്കും ബ്ലോക്ക് തലത്തിൽ IWMP യുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

*പട്ടിക നം: .27.* ***സംയോജിത നീർത്തട പരിപാലന പരിപാടിയെ സംബന്ധിച്ച വിവരങ്ങൾ***

| | |
|---|---|
| പദ്ധതിയുടെ പേര് | സംയോജിത നീർത്തട പരിപാലന പരിപാടി |
| പദ്ധതി നിർവ്വഹണ ഏജൻസി | പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് |
| നിർവ്വവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| വിലാസം | പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പാമ്പാക്കുട പോസ്റ്റ്, എറണാകുളം ജില്ല |
| ഫോൺ നമ്പർ | 0495 2800 276 |
| ഇ മെയിൽ | bdopmpkda@gmail.com |

**പ്രോജക്ട് തല IWMP കോ-ഓർഡിനേഷൻ സമിതി**

IWMP യുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും ആവശ്യമായ ഭരണപരവും സാങ്കേതികവുമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഒരു പ്രോജക്ട്തല IWMP കോ-ഓർഡിനേഷൻ സമിതിക്ക് ജകഅ ആയ ബ്ലോക്ക് പഞ്ചായത്ത് രൂപം നൽകേതാണ്. IWMPയുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള ചർച്ചകൾക്കായി മറ്റ് ബ്ലോക്ക് പ്രസിഡന്റുമാരേയും വകുപ്പ് ഉദ്യോഗസ്ഥരെയും ഡബ്ല്യൂഡിറ്റി അംഗങ്ങളേയും കുടി കമ്മിറ്റിയിലേക്ക് വിളിക്കേതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്റ്റർ ടെക്നിക്കൽ കോ-ഓർഡിനേറ്റർ എന്ന നിലയിൽ വിവിധ സാങ്കേതിക വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

## ബ്ലോക്ക് തല കോ-ഓർഡിനേഷൻ സമിതി (BLCC) യുടെ ഘടന

പട്ടിക നം: .28.***ബ്ലോക്ക് തല കോ-ഓർഡിനേഷൻ സമിതിയെ സംബന്ധിച്ച വിവരങ്ങൾ***

| പേര് | സ്ഥാനം |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് | ചെയർമാൻ |
| ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് | മെമ്പർ |
| ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംങ് കമ്മറ്റി ചെയർമാൻ | മെമ്പർ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | മെമ്പർ |
| നീർത്തട വികസനം നടപ്പിലാക്കുന്ന പഞ്ചായത്തിലെ പ്രസിഡണ്ടുമാർ | മെമ്പർമാർ |
| ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ പ്രതിനിധി | മെമ്പർ |
| WDT യുടെ പ്രതിനിധി | മെമ്പർ |
| JBDO(EGS) | മെമ്പർ |
| EO(WW) | മെമ്പർ |
| WCDC യുടെ ഒരു പ്രതിനിധി | സാങ്കേതിക വിദഗ്ദ്ധൻ |
| അസിസ്റ്റന്റ് ഡയറക്ടർ | സാങ്കേതിക വിദഗ്ദ്ധൻ |
| നീർത്തടം ഉൾപ്പെടുന്ന ഡിവിഷനിലെ ബ്ലോക്ക് മെമ്പർമാർ | മെമ്പർമാർ |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | മെമ്പർ സെക്രട്ടറി |

## നീർത്തട ഡെവലപ്മെന്റ് ടീം (WDT)

പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക്പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി നിർദ്ദിഷ്ട യോഗ്യതയും പ്രായോഗിക പരിചയവും ഉള്ള വ്യക്തികളുടെ ടീമിനെ ഡെപ്യൂട്ടേഷനിലെ, കരാർ അടിസ്ഥാനത്തിലോ സംസ്ഥാനതലത്തിൽ തെരഞ്ഞെടുത്ത് ജകഅയായ ബ്ലോക്ക് പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്. ഇവർക്കുള്ള വേതനം പ്രോജക്ടിൽ അനുവദിച്ചിട്ടുള്ള അഡ്മിനിസ്ട്രേഷൻ ചെലവിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്യണം.

**നീർത്തട ഡെവലപ്മെന്റ് ടീം (ണഉഠ) അംഗങ്ങൾ**

പട്ടിക നം: .29 : ***നീർത്തട ഡെവലപ്മെന്റ് ടീമിനെ സംബന്ധിച്ച വിവരങ്ങൾ***

| പേര് | സ്ത്രീ/പുരുഷൻ | പദവി | യോഗ്യത |
|---|---|---|---|
| വിജീഷ് | പുരുഷൻ | സോഷ്യൽ മോബിലൈസർ | എം.എസ്.ഡബ്ല്യു |
| ബിൽസി ദേവി | സ്ത്രീ | എൻജിനിയർ | ബി-ടെക് |
| മായ | സ്ത്രീ | അഗ്രി. എക്സ്പേർട്ട് | ബി.എസ്.സി |
| സത്യ | സ്ത്രീ | ഡാറ്റ എൻഡ്രി | ബി.കോം |

**ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ (TSO)**

ജകഅആയ ബ്ലോക്ക്പഞ്ചായത്തുകൾക്ക് പകാളിത്ത പഠനരീതികളിലൂടെ DPR തയ്യാറാക്കുന്നതിനുള്ള ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ (TSO) ആയി ഈ മേഖലയിൽ മികവു തെളിയിച്ച ടഘചഅ Empanal ചെയ്ത സ്ഥാപനങ്ങളെ/സംഘടനകളെ ആവശ്യമായ പക്ഷം നിയോഗിക്കാവുന്നതാണ്.

**ഗ്രാമപഞ്ചായത്ത് തലം**

നീർത്തട വികസന പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്താണ്. പ്രവർത്തി നിർവ്വഹണത്തിന്റെ നേരിട്ടുള്ള മേൽനോട്ടം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലായിരിക്കും. IWMP പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു ഗ്രാമപഞ്ചായത്ത് തല നീർത്തട കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**നീർത്തട കമ്മറ്റി (WC)**

ഗ്രാമ പഞ്ചായത്തിലെ നീർത്തട പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നതിന് WDT യുടെ സാങ്കേതിക സഹായത്തോടെ ഗ്രാമസഭകളിൽ നീർത്തട കമ്മറ്റികൾ രൂപീകരിക്കേതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വി.ഇ.ഒ കൺവീനറുമായിരിക്കുന്ന നീർത്തട കമ്മറ്റിയിൽ ചുരുങ്ങിയത് പത്തു പേർ ഉണ്ടായിരിക്കണം ഇതിൽ 6 പേർ സ്വയം സഹായസംഘം, യൂസർഗ്രൂപ്പ് പ്രതിനിധിയും പട്ടികജാതി, പട്ടികവർഗ്ഗക്കാർ, വനിതകൾ, ഗ്രാമത്തിലെ ഭൂരഹിതർ, എന്നിവയുടെ പ്രതിനിധികളുമായിരിക്കും. WDT പ്രതിനിധിയും സ്ഥലത്തെ പഞ്ചായത്ത് വാർഡ് മെമ്പർമ്മാരും ഈ നീർത്തട കമ്മിറ്റിയിൽ ഉൾപ്പെടുന്നു. നീർത്തട കമ്മറ്റികൾക്കാണ് പദ്ധതിയുടെ തുക അനുവദിക്കുന്നത്. നീർത്തട കമ്മറ്റി പദ്ധതി തുക സ്വീകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമായി പഞ്ചായത്തിലെ ഒരു ദേശസാൽക്യത ബാങ്കിൽ അക്കൗണ്ട് തുടങ്ങണം ണഇ യുടെ ചെയർമാന്റേയും സെക്രട്ടറിയുടേയും സംയുക്ത അക്കൗണ്ട് ആയാണ് തുടങ്ങേണ്ടത്. വിവിധ നീർത്തട കമ്മിറ്റികളുടെ വിവരങ്ങൾ അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു.

**നീർത്തട ഗ്രാമസഭ**

നീർത്തട പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ ചേർന്നതാണ് നീർത്തട ഗ്രാമസഭ. വാർഷിക പദ്ധതി അംഗീകരിക്കൽ, മുൻഗണനയനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ,. പദ്ധതി പ്രവർത്തനം വിലയിരുത്തൽ, സോഷ്യൽ ഓഡിറ്റിംഗ് നടത്തൽ എന്നീ ആവശ്യങ്ങൾക്കായി നീർത്തട ഗ്രാമസഭ വിളിച്ച് ചേർക്കാവുന്നതാണ്. ഗ്രാമസഭ വിളിച്ച് ചേർക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കായിരിക്കും..

**സ്വയംസഹായ സംഘങ്ങൾ**

ചെറുകിട നാമമാത്ര കർഷകർ, ഭൂരഹിതർ, കർഷക തൊഴിലാളികൾ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവരിൽ നിന്നും സമാനസ്വഭാവമുള്ള ആളുകളെ ഉൾപ്പെടുത്തി *WDT* യുടെ സഹായത്തോട വാട്ടർഷെഡ് കമ്മറ്റിയാണ് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നത്. ഇത്തരം സ്വയംസഹായ സംഘങ്ങൾക്ക് ഗ്രേഡിംഗ് നടത്തി റിവോൾവിംഗ് ഫണ്ട് നൽകുന്നതാണ്.

**യൂസർ ഗ്രൂപ്പുകൾ**

നീർത്തട പ്രദേശത്ത് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലം നേരിട്ട് അനുഭവിക്കുന്നവരെ ഉൾപ്പെടുത്തി യൂസർഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഒരു പ്രത്യേക നീർത്തട പ്രവൃത്തിയിൽ നിന്നും നേരിട്ട് സൗകര്യ

ങ്ങൾ അനുഭവിക്കുന്നവരെയാണ് യൂസർ ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടത്. വാട്ടർഷെഡ് കമ്മറ്റി ആണ് യൂസർഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്. വാട്ടർഷെഡ് കമ്മിറ്റി യൂസർഗ്രൂപ്പുകളുമായി വിഭവ ഉപയോഗ സമ്മത പത്രം (*Resource use agreement*) ഒപ്പിടേണ്ടതാണ്.

### 2.17.2.പദ്ധതി നടത്തിപ്പ് (Project Management)

മൂന്ന് ഘട്ടങ്ങളിലായിട്ടാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവ്വഹണം നടപ്പാക്കുന്നത്.

**ആദ്യഘട്ടം**

ആസൂത്രണ പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടക്കുന്നത്. വാട്ടർഷെഡ് കമ്മിറ്റികൾ. സ്വയം സഹായ സംഘങ്ങൾ, യൂസർ ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുക ഇവയ്ക്ക് വേണ്ടി വരുന്ന പരിശീലനങ്ങൾ നടത്തുക എന്നിവയ്ക്ക് പുറമെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഈ ഘട്ടത്തിലാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രവർത്തനം ഒരു നീർത്തടത്തിൽ തുടങ്ങേണ്ടത് എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടായിരിക്കണം. എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ നീർത്തട പ്രദേശത്തെ ജനങ്ങളെ പദ്ധതിയോട് അടുപ്പിക്കുവാൻ സഹായകരമാകും.

**രണ്ടാം ഘട്ടം**

വിശദമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വേർതിരിച്ച് തയ്യാറാക്കിയ വാർഷിക കർമ്മ പദ്ധതികളിലെ പ്രവർത്തിയുടെ നിർവ്വഹണമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. നീർത്തടത്തിന്റെ എല്ലാ ഭാഗങ്ങളിലും ആദ്യം മുതൽ അവസാനം വരെ ചെയ്യാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി വേണം വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്.

**മൂന്നാംഘട്ടം**

സംയോജിത നീർത്തട പരിപാലന പരിപാടിയനുസരിച്ച് ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളും പൂർത്തീകരിക്കുന്നതാണ് മൂന്നാം ഘട്ടത്തിലെ ഏറ്റവും വലിയ ചുമതല. മാത്രമല്ല പ്രോജക്ടിന്റെ കാലാവധി കഴിഞ്ഞ നീർത്തടത്തിൽ സുസ്ഥിര വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക, ജനകീയ സംവിധാനങ്ങൾ സ്ഥാപനവൽക്കരിക്കുക, പൂർത്തീകരണ റിപ്പോർട്ടുകൾ തയ്യാറാക്കുക, ഡോക്യുമെന്റേഷൻ നടപടികൾ പൂർത്തീകരിക്കുക, ലക്ഷ്യങ്ങളും നേട്ടങ്ങളും വിലയിരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ മൂന്നാംഘട്ടത്തിൽ നടത്തുന്നു.

### 2.18.പരിശീലനം

സംയോജന നീർത്തട പരിശീലന പദ്ധതിയിൽ കീഴിൽ ആകെ പദ്ധതി ചെലവിന്റെ 5% പരിശീലനത്തിനായി മാറ്റിവെച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് കാലഘട്ടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെ ഒഴിവാക്കുവാൻ ഗുണഭോക്താക്കൾക്ക് അറിവും, ബോധവും  അതുപോലെ തന്നെ പരിചയ സമ്പന്നതയും നൽകുക എന്ന പ്രക്രിയയാണ് ഇതിലൂടെ നൽകുന്നത്. ഓരോ നീർത്തട പ്രദേശത്തേയും ഗുണഭോക്താക്കൾക്ക് നൽകേണ്ട പരിശീലനത്തെ സംബന്ധിച്ച ആവശ്യകത നീർത്തട വികസന സൊസൈറ്റിയുമായി ആലോചിച്ച് നീർത്തടകമ്മറ്റി നിർണ്ണയിക്കുകയും നീർത്തടപ്രദേശത്ത് നടത്തേണ്ട പരിശീലന പരിപാടികൾ എന്തൊക്കെയാണെന്നും അവയിൽ ഓരോന്നിലും പങ്കെടുപ്പിക്കേണ്ടവരുടെ എണ്ണം എത്രയാണെന്നും നീർത്തട കമ്മറ്റി തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിലുള്ള വിശദമായ പരിശീലന പരിപാടിക്ക് ബ്ലോക്ക് പഞ്ചായത്ത് രൂപം നൽകി. ഇത് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക നം: .30 : ***പദ്ധതി പ്രദേശത്തെ പരിശീലനങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | IWMP പദ്ധതിയെക്കയുറിച്ചുള്ള അവബോധം |
| 2 | വിശദീകരണം | IWMP പദ്ധതിയുടെ കാലിക പ്രസക്തി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതി നിർവഹണത്തിൽ ജനങ്ങളെ പങ്കാളിയാക്കുന്നതിനും ലക്ഷ്യമിടുന്നു. |
| 3 | ലക്ഷ്യങ്ങൾ | 1.പദ്ധതിയുടെ പ്രസക്തി ബോധ്യപ്പെടുത്തുക<br>2.നീർത്തട പദ്ധതിയുടെ പ്രാധാന്യം<br>3. പ്രാദേശികമായി ഈ പദ്ധതിയുടെ ഗുണം<br>4. പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ<br>5.പദ്ധതിയുടെ വിജയത്തിനായി പങ്കാളിത്തമുറപ്പിക്കൽ |
| 4 | ഗുണഭോക്താക്കൾ | നീർത്തട സമൂഹം |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 5060 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 7 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ബോധവല്ക്കരണവും പങ്കാളിത്തവും ഉറപ്പിക്കുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | ജടങ & ഘശ്ലഹശവീറ പദ്ധതിയെക്കുറിച്ചുള്ള അവബോധം |
| 2 | വിശദീകരണം | നീർത്തട പ്രദേശത്തെ ജനങ്ങളെ PSM, Livelihood എന്നിവയിൽ ഉൾപ്പെട്ട വിവിധ കാര്യങ്ങളെ പറ്റി ബോധവല്ക്കരിക്കുന്നതിനും ഗ്രൂപ്പുകൾ രൂപീകരിച്ച് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനും കണക്കുകൾ ഉൾപ്പെടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് |
| 3 | ലക്ഷ്യങ്ങൾ | 1.വിവിധ പദ്ധതിയിലേക്ക് ജനങ്ങളെ പ്രേരണ നല്കി പങ്കെടുപ്പിക്കയുക.<br>2. പുതിയ പ്രവർത്തനങ്ങൾക്കനയുസരിച്ചുള്ള സാമ്പത്തിക വരയുമാനം ഉയർത്തുക.<br>3.സ്ത്രീ ശാക്തീകരണവും സ്വയം പര്യാപ്തതയും |
| 4 | ഗുണഭോക്താക്കൾ | SHGs, JLGs, PSM & Livelihood ഗുണഭോക്താക്കൾ |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 35-40 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 61 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ജീവിത നിലവാരം മെച്ചപ്പെടുത്തുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | പൊതു ആസ്തി സംരക്ഷണം, കണ്ടെത്തൽ |
| 2 | വിശദീകരണം | യൂസർ ഗ്രൂപ്പുകൾക്ക് ബോധവല്ക്കരണം നല്കി ആവശ്യമായ പൊതു ആസ്ഥികൾ സൃഷ്ടിക്കാൻ വേണ്ട സാഹചര്യം ഉണ്ടാക്കുക |
| 3 | ലക്ഷ്യങ്ങൾ | 1. യൂസർഗ്രൂപ്പുകൾക്ക് തങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി ബോധവൽക്കരണം നല്കുക.<br>2. പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത<br>3.പ്രവർത്തനരീതി ബോദ്ധ്യപ്പെടുത്തുക<br>4.സാമ്പത്തിക വിശകലനം |
| 4 | ഗുണഭോക്താക്കൾ | UGs |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 7 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | പൊതു ആസ്ഥികൾ സംരക്ഷിക്കുന്നതിനും സൃഷ്ടിക്കുന്നതിനും UGs ആളുകളെ ശാക്തീകരിക്കുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | നീർത്തട പരിപാലന പദ്ധതി-കടമകളും ഉത്തരവാദിത്വങ്ങളും |
| 2 | വിശദീകരണം | നീർത്തട പദ്ധതിയുടെ പ്രാധാന്യം പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വങ്ങൾ, കടമകൾ മാർഗ്ഗ നിർദ്ദേശങ്ങൾ സാമ്പത്തിക ഇടപാടുകൾ എന്നിവയെക്കുറിച്ച് നീർത്തട സമിതികൾക്ക് അറിവ് നല്കുക |

| | | |
|---|---|---|
| 3 | ലക്ഷ്യങ്ങൾ | 1.നീർത്തട പദ്ധതിയുടെ പ്രാധാന്യം<br>2. സമിതിയുടെ ഉത്തരവാദിത്വങ്ങൾ കടമകൾ<br>3.സാങ്കേതിക സഹായം സംബന്ധിച്ച വിവരങ്ങൾ<br>4.ണഉഎ ന്റെ നടത്തിപ്പ് സംബന്ധിച്ച് |
| 4 | ഗുണഭോക്താക്കൾ | നീർത്തട കമ്മിറ്റി |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 40 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 4 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ക്രിയാത്മകമായ പദ്ധതി നിർവ്വഹണത്തിനും തുടർ പരിപാലനത്തിനും കമ്മിറ്റികളെ ശക്തിപ്പെടുത്തുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | നേതൃത്വ പരിശ്ശീലനം |
| 2 | വിശദീകരണം | നീർത്തട സമിതി, SHGs, JLGs, എന്നിവർക്ക് നേതൃത്വ പരമായ പരിശ്ശീലനം നല്കി വിജയകരമായ രീതിയിൽ പദ്ധതി നിർവ്വഹണവും തുടർ പ്രവർത്തനങ്ങളും നടപ്പിലാക്കുക. |
| 3 | ലക്ഷ്യങ്ങൾ | 1. നിർവ്വഹണ ഘട്ടത്തിൽ ഉൾപ്പെടുന്ന വിവിധ സംഘങ്ങൾക്ക് നേതൃത്വ പരിശ്ശീലനം നല്കി ശേഷി വർധിപ്പിക്കയുക<br>2.പദ്ധതി നിർവ്വഹണത്തെ കാര്യക്ഷമമാക്കയുക.<br>3. തുടർപ്രവർത്തനങ്ങൾ നിശ്ചയിക്കയുക |
| 4 | ഗുണഭോക്താക്കൾ | WC, SHGs, JLGs, UGs |
| 5 | കാലയളവ് | 2 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 100 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 4 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | നേതൃത്വ ശേഷി വർദ്ധിപ്പിച്ച് പദ്ധതി നിർവ്വഹണവും തുടർ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുക. |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | പഠനയാത്ര |
| 2 | വിശദീകരണം | നീർത്തട പ്രവർത്തനങ്ങൾ സുഗമമാകയുന്നതിനും പദ്ധതി നേരിൽ ക് മനസ്സിലാക്കാനും അവസരമൊരുക്കുക |
| 3 | ലക്ഷ്യങ്ങൾ | 1. പദ്ധതി പ്രവർത്തനം നേരിട്ടുക് മനസ്സിലാകയുക.<br>2. പദ്ധതിയുടെ പ്രവർത്തനങ്ങളെക്കയുറിച്ച് പരിജ്ഞാനം നേടുക<br>3.പദ്ധതി പ്രവർത്തനം കര്യക്ഷമ മാക്കകയുക |
| 4 | ഗുണഭോക്താക്കൾ | ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് WC, SHGs,JLGs, UGs |
| 5 | കാലയളവ് | 3 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 50 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 7 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | നീർത്തട പ്രവർത്തനങ്ങളെക്കുറിച്ച് അവബോധ ഉാക്കുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | വൈദഗ്ത്യ പരിശ്ശീലനം |
| 2 | വിശദീകരണം | നീർത്തട പ്രദേശത്തെ സാധാരണക്കാരായ ജനങ്ങൾക്ക് തൊഴിലധിഷ്ഠിതമായ പരിശ്ശീലനം നല്കി വരുമാനദായക പ്രവർത്തനങ്ങൾ നടപ്പാക്കുക. |
| 3 | ലക്ഷ്യങ്ങൾ | 1.നീർത്തട പ്രദേശത്തെ ജനങ്ങൾക്ക് പുതിയ സംരഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക<br>2.സാമ്പത്തിക നേട്ടം ഉാക്കുക.<br>3.വരുമാനദായക സാധ്യതകൾ കത്തെുക |
| 4 | ഗുണഭോക്താക്കൾ | ഗ്രൂപ്പ്, നീർത്തട സമൂഹം |
| 5 | കാലയളവ് | 2 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 3540 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 15 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ജീവിത നിലവാരം ഉയർത്തുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | കൂട്ടുത്തരവാദിത്വ സംഘങ്ങളുടെ രൂപീകരണവും പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും |
| 2 | വിശദീകരണം | നീർത്തട സമിതി അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ SHGs, JLGs അംഗങ്ങൾ തുടങ്ങിയവർക്ക് SHGs, JLGs എന്നിവയുടെ രൂപീകരണം പ്രവർത്തനം ചുമതല എന്നിവയെക്കുറിച്ചുള്ള അറിവ് നല്കുക |
| 3 | ലക്ഷ്യങ്ങൾ | 1.ചുമതലകളെക്കയുറിച്ചുള്ള ബോധം സൃഷ്ടിക്കയുക<br>2.വിജയകരമായ പ്രവർത്തനത്തിനയ് ആവശ്യമായ ഘടകങ്ങൾ പരിചയപ്പെടുത്തുക<br>3.SHGs, JLGs രൂപീകരണവും പ്രവർത്തന രീതിയും പരിചയപ്പെടുത്തുക |
| 4 | ഗുണഭോക്താക്കൾ | WC, വാർഡ് മെമ്പർമാർ, SHGs, JLGs, |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 4050 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 7 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ഗ്രൂപ്പ് രൂപീകരിക്കുമ്പോൾ ഉാകാവുന്ന പ്രയാസങ്ങൾ തരണം ചെയ്യുക |

| | | |
|---|---|---|
| 1 | പരിശീലനത്തിന്റെ പേര് | Livelihood, PSM, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശരേഖകളെക്കുറിച്ചുള്ള അവബോധം |
| 2 | വിശദീകരണം | ഗ്രൂപ്പ് രൂപീകരിക്കുമ്പോൾ ഉാകാവുന്ന പ്രയാസങ്ങൾ തരണം ചെയ്യുക |
| 3 | ലക്ഷ്യങ്ങൾ | 1.പദ്ധതി പ്രദേശത്ത് നടപ്പിലാക്കേ Livelihood, PSM പ്രവർത്തനങ്ങളുടെ മാർഗ്ഗ നിർദ്ദേശത്തേക്കുറിച്ചുള്ള അറിവ് നല്കുക<br>2.പ്രവർത്തന സമയം പാലിക്കേ മാനദണ്ഡങ്ങളെക്കുറിച്ച് അറിവ് നല്കുക.<br>3.പദ്ധതി പ്രവർത്തനതിന്റെ കൃത്യത ഉറപ്പാക്കുക |
| 4 | ഗുണഭോക്താക്കൾ | WC, SHGs, JLGs,members |
| 5 | കാലയളവ് | 1 ദിവസം |
| 6 | പങ്കെടുക്കുന്ന ആളുകളുടെ എണ്ണം | 3035 |
| 7 | ട്രെയിനിംഗ് ഗ്രൂപ്പുകളുടെ എണ്ണം | 7 |
| 8 | പ്രതീക്ഷിക്കുന്ന ഫലം | ഗ്രൂപ്പുകളുടെ വിജയകരമായ പ്രവർത്തനത്തിന് അടിത്തറ നല്കുക |

പരിശീലനത്തിനുവേണ്ടി അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

*പട്ടിക നം: .31 : പദ്ധതി പ്രദേശത്തിനുവേണ്ടി അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം. | നീർത്തടത്തിന്റെ കോഡ് | നീർത്തടത്തിന്റെ പേര് | പരിശീലനത്തിന് വേണ്ടി അനുവദിച്ച തുക (Rs) |
|---|---|---|---|
| | | | 5% |
| 1 | 13M59j | ഓണക്കൂർ | 800100 |
| 2 | 13M60a | പിറവം | 1033950 |
| 3 | 13M60b | മുളക്കുളം - വടക്കേക്കര | 663052.5 |
| 4 | 13M60c | ഇലഞ്ഞി | 303000 |
| 5 | 13M60e | പെരുമ്പടവം | 273502.5 |
| 6 | 13M60f | മുളക്കുളം | 128662.5 |
| 7 | 13M64c | വലിയതോട് | 118732.5 |
| | Total | | **3321000** |

**2.19.സംയോജനം**

ഗവൺമെന്റ് ഓഫ് ഇൻഡ്യ ഏറ്റവും പ്രധാന്യത്തോടെ പരിഗണിക്കുന്ന മേഖലയാണ് സംയോജനം. കേന്ദ്ര സംസ്ഥാന വകുപ്പുകളുടെ എല്ലാ പദ്ധതികളും സ്ഥായിയായ പുരോഗതി കൈവരിക്കുന്നതിനായി ആസ്തികൾ സൃഷ്ടിക്കുക; ജീവനോപാധികൾ ലഭ്യമാക്കുക എന്ന രണ്ട് പ്രധാന ലക്ഷ്യത്തോടു കൂടിയവയാണ്. എന്നാൽ വ്യക്തമായ കാഴ്ചപ്പാട്, ആസൂത്രണം എന്നിവയുടെ അഭാവത്താൽ അവിടവിടെയായി നടത്തുന്ന ഒറ്റപ്പെട്ട വികസന പ്രവർത്തനങ്ങൾ മൂലം പൊതു ലക്ഷ്യം കൈവരിക്കുന്നതിന് സാധ്യമാകാതെ വരുന്നു. ലഭ്യമായ വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗം 1+1=2 എന്നതിനു പകരം 3 എന്ന കൂട്ടുപ്രവർത്തനം ഉണ്ടാക്കുന്നതിനുള്ള സാധ്യതയാണ് നഷ്ടമാകുന്നത്. ഓരോ സ്കീമും ഒറ്റയ്ക്ക് ചെയ്യുന്ന പ്രോജക്ട് ഫലങ്ങളും ഇരട്ടിയിലധികം ഫലം ഒരുമിച്ചു ചേർത്ത് ലഭ്യമാകുന്ന അവസ്ഥാ വിശേഷണമാണ് സംയോജന പദ്ധതിയുടെ ദർശനം.

സംയോജന പദ്ധതി വിവിധ സ്കീമുകളുടെ വിവിധ വിഭവങ്ങൾ ക്രിയാത്മകമായി കോർത്തിണക്കി ഉരുത്തിരിയേണ്ട പദ്ധതിയാണ്. എന്നാൽ ഓരോ സ്കീമിന്റെയും അടിസ്ഥാനപരമായ അന്തസത്തയ്ക്കു ക്ഷത മേൽക്കാത്ത വിധത്തിലാവണം ഈ പ്രക്രിയ എന്നു മാത്രം. ഇതിന് കൂട്ടായ ചർച്ചയും തുറന്ന സമീപനവും ആവശ്യമാണ്. ഓജസ്സും ജീവനുമുള്ള ചിന്തകൾ ആശയമായി രൂപപ്പെടുത്തി ആ സങ്കൽപ്പങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുതകുന്നതിന് മറ്റുള്ളവരെ കൂടി പ്രചോദിപ്പിക്കുകയും അവരുടെ പങ്കാളിത്വം കൂടി ഉറപ്പാക്കുന്ന വൈകാരികവും സൃഷ്ടിപരവുമായ ഒരു പ്രവൃത്തി കൂടിയാണ് പദ്ധതി സംയോജനം. നേതൃപാടവം, വിവിധ വികസന പദ്ധതികളെക്കുറിച്ചുള്ള അറിവ് എന്നിവയും ഇതിന് അനിവാര്യമായ ഘടകങ്ങളാണ്.

**<u>സംയോജന പ്രക്രീയ</u>**

1. സംയോജനത്തിന്റെ സാധ്യതകളെ തിരിച്ചറിയുക.
2. സംയോജനത്തിന്റെ ലക്ഷ്യം സ്ഥിരീകരിക്കുക
3. സംയോജനത്തിന്റെ സ്വഭാവം, സംയോജന പ്രോജക്ടിലെ വിവിധ ഘടകങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത, സാങ്കേതിക ജ്ഞാനം, സാങ്കേതിക നിർദ്ദേശങ്ങൾ പ്രവർത്തനകലണ്ടർ, കോസ്റ്റ്, അപഗ്രഥനം
4. പ്രാഥമിക, ദ്വിതീയ ചർച്ചകൾ.
5. കരട് പ്രോജക്ട് രൂപീകരണം.
6. അവസാനവട്ട ചർച്ച, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരണം നിശ്ചയിക്കൽ.
7. മേൽനോട്ട പ്രവൃത്തി പൂർത്തീകരണം.

**സംയോജനം പ്രധാനമായും നാല് വിധത്തിൽ ചെയ്യാവുന്നതാണ്**

1. സംയോജന പ്രോജക്ടുകൾക്ക് പ്രധാനമായും രണ്ടോ അതിലധികമോ ഘട്ടങ്ങൾ ഉണ്ടാകും. ചില ഘട്ടങ്ങൾ നടപ്പിലാക്കുന്നതിന് ഫണ്ട് മാത്രം മതിയാകും. അതിന്റെ ലഭ്യത ഉറപ്പ് വരുത്തുക. സംയോജന പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ആയത് പ്രത്യേകം കാണിച്ചാൽ മതിയാകും. പ്രോജക്ട് എസ്റ്റിമേറ്റിന്റെ കോപ്പി അതത് ഓഫീസുകളിൽ ഫയലിനൊപ്പം സൂക്ഷിച്ചാൽ മതിയാകും.

2. ജീവനോപാധികളുടെ വിവരണവും പരിപാലനവും പശ്ചാത്തലമൊരുക്കലും തുടങ്ങിയവ പോലുള്ള പ്രോജക്ട്ടുകളിൽ സാധനസാമഗ്രികൾ മറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങേണ്ടതായി വരും. ഇവിടെ പ്രോജക്ടിൽ/ബില്ലിൽ ടി വസ്തുതകൾ പ്രത്യേകം കാണിക്കാവുന്നതാണ്.

നാഷണൽ റൂറൽ ഹോർട്ടികൾച്ചർ മിഷൻ വിതരണം ചെയ്യുന്ന ഫലവൃക്ഷങ്ങൾ, വിത്തുകൾ തുടങ്ങിയവ എം.ജി. എൻ.ആർ.ഇ.ജി.എസ്/ഐ.ഡബ്ല്യു.എം.പി തുടങ്ങിയ പദ്ധതികളിലൂടെ നിലമൊരുക്കിയ കൃഷിക്കാരുടെ ഭൂമിയിൽ നടുന്നതിനുപയോഗിക്കാം.

ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന വിതരണം നടത്തുന്ന മത്സ്യ കുഞ്ഞുങ്ങളെ എം.ജി.എൻ.ആർ.ഇ.ജി.എസ്/ഐ.ഡബ്ല്യു.എം.പി മുഖാന്തിരം നിർമ്മിക്കുന്ന കുളങ്ങൾ, ടി പദ്ധതികളിലൂടെ വൃത്തിയാക്കുന്ന കൈത്തോടുകൾ എന്നിവയിൽ നിക്ഷേപിക്കുകയും ടി ഡിപ്പാർട്ടുമെന്റിന്റെ സബ്സിഡി മത്സ്യത്തീറ്റയും ഇതിനായി ഉപയോഗിക്കാം.

3. സാങ്കേതിക അറിവും സാങ്കേതികോപദേശവും സാങ്കേതിക മേൽനോട്ടവും ആവശ്യമായ വിവിധ പ്രോജക്ട്ടുകൾ ഒന്നിലധികം പദ്ധതികളിലൂടെയും നടപ്പിലാക്കാവുന്നതാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്/ഐ.ഡബ്ല്യു.എം.പി/ടി.എസ്.സി/പ്ലാൻഫണ്ട് എന്നീ സ്കീമുകളുടെ വിഭവങ്ങൾ സാങ്കേതിക അറിവ് ഒന്നിച്ച് ചേർത്ത് വലിയ പ്രോജക്ടുകളുടെ സാധ്യതയും പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ട്, സാങ്കേതിക മേൽനോട്ടം എന്നിവ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങളുടെ പൂർത്തീകരണം സ്ഥായിയായ ആസ്തികളുടെ സൃഷ്ടി, പ്രത്യക്ഷമായും പരോക്ഷമായും ഭക്ഷ്യസുരക്ഷ, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയുടെ സമന്വയമായി പരിഗണിക്കുമ്പോഴാണ് സംയോജനം അതിന്റെ മുഴുവൻ അർത്ഥത്തിലും വ്യാപ്തിയിലും, യാഥാർത്ഥ്യമാകുന്നത്.

4. വിവിധ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ടുകൾ ഒരുമിച്ച് ചേർത്ത് ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള സംയോജന പ്രക്രിയ സാധ്യമാകുന്നു. എന്നാൽ ഇത്തരം ആസ്തി സൃഷ്ടിക്കലിൽ ഓരോ ഡിപ്പാർട്ടുമെന്റിന്റേയും ഫണ്ട് അതത് വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമാണ്. ഒന്നിൽ കൂടുതൽ ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ട് വിനിയോഗിക്കാനും സംയോജന പ്രോജക്ടുകൾ തയ്യാറാക്കുന്ന ചർച്ചയിൽ ഓരോ ഘടകവും ഏതെല്ലാം വകുപ്പുകൾ ചെയ്യണമെന്നും അതിനാൽ പൊതു എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഓരോ ഡിപ്പാർട്ട്മെന്റും ചിലവഴിക്കുന്ന പ്രൊസീഡിംഗ്സിൽ ആയത് സൂചിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ബ്ലോക്കുതലത്തിൽ ലൈൻ ഡിപ്പാർട്ടുമെന്റ്, എ.ഡി.എസ്, സി.ഡി.എസ്. ചെയർപേഴ്സൺസ്, പഞ്ചായത്ത് ബ്ലോക്കുതല ജനപ്രതിനിധികൾ, ആശുപത്രി അധികൃതർ, അഗ്രികൾച്ചർ ആഫീസർമാർ, മൃഗസംരക്ഷണം, ക്ഷീരവികസനം, ങഏചഞഋഏട പ്രതിനിധികൾ, സോയിൽ സർവ്വെ ഡിപ്പർട്ട്മെന്റ്, ഡയറി എക്സ്റ്റൻഷൻ ഓഫീസ് പ്രതിനിധി എന്നിവരുടെ യോഗം വിളിച്ചു കൂട്ടുകയും സംയോജന സാധ്യതകളെക്കുറിച്ച് അതതു വകുപ്പുകളുമായി ചർച്ച നട നടത്തുകയും അതുവഴി സംയോജന പ്രോജക്ടുകൾ കണ്ടെത്തുകയും ചെയ്തു. മറ്റ് ഡിപ്പാർട്ടുമെന്റ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഫെസിലിറ്റേറ്റർ ആയി ങഏചഞഋഏട, കണങജ എന്നീ സ്കീമുകളെ ഉൾപ്പെടുത്തി, ബ്ലോക്ക് തലത്തിൽ ചർച്ചചെയ്ത് സംയോജന സാധ്യത ആസൂത്രണം ചെയ്തത് താഴെ നല്കിയിരിക്കുന്നു.

പട്ടിക നം: .32. **പദ്ധതി പ്രദേശത്തെ സംയോജന സാധ്യതയെ സംബന്ധിച്ച വിവരങ്ങൾ**

| Convergence matrix of Pampakkuda Block Panchayath - IWMP Project | | | | | | | | |
|---|---|---|---|---|---|---|---|---|
| Sr. No. | Sector/Schemes & programmes | Discription of possible activities(of other schemes/ programmes) proposed to be converged with IWMP in watershed areas | Specific activities identified for convergence | Quantifible Estimated amount of convergence (DPR) | Time Period/Phase of convergence | Quantifiable expected outcome | Remark of M&E | Actual Outcomes/ Benefits |
| 1 | Mahathma Gandhi National Rural Employment Guarantee Act | Natural Resource Management | | | | | | |
| | | Only Labour component is proposed to converge | Earthen Bund | 7322814 | 1st, 2nd, 3rd, 4th Phases | 88291 M | | 88291 M |
| | | Only Labour component is proposed to converge | Stone pitched bund | 72799367 | 1st, 2nd, 3rd, 4th Phases | 284095 M2 | | 388803 M2 |
| | | Only Labour component is proposed to converge | Restoration of Stone pitched bund | 3695424 | 1st, 2nd, 3rd, 4th Phases | 48067 RM | | 63762 RM |
| | | Only Labour component is proposed to converge | Rain pit | 4442478 | 1st, 2nd, 3rd, 4th Phases | 55796 Nos. | | 55796 Nos. |
| | | Only Labour component is proposed to converge | Centripetal Terracing | 4315307 | 1st, 2nd, 3rd, 4th Phases | 22089 Nos. | | 22089 Nos. |
| | | Only Labour component is proposed to converge | Pond rennovation | 1265000 | 1st, 2nd, 3rd Phases | 3860500 liter water storing | | 12260190 liter water storing |
| | | Livelihood | | | | | | |
| | | Labour and Material component is proposed to converge | Cow Shed | 3000000 | 2nd, 3rd Phases | 60 Nos. | | 60Nos. |
| | | Labour and Material component is proposed to converge | Goat Shed | 2100000 | 2nd, 3rd Phases | 210 Nos. | | 210 Nos. |
| | | Labour and Material component is proposed to converge | Poultry Shed | 1060000 | 2nd, 3rd Phases | 260 Nos. | | 260 Nos. |
| | | Labour and Material component is proposed to converge | Shed for Mashroom Cultivation | 160000 | 2nd, 3rd Phases | 4 Nos. | | 4 Nos. |
| | | Only Labour component is proposed to converge | banana Cultivation (ground clearence) | 480000 | 2nd, 3rd Phases | 12.95 Ha | | 12.95 Ha |
| 2 | Agriculture Department | Material component is proposed to converge | banana Cultivation (Fertilizer) | 480000 | 2nd, 3rd Phases | 13696 Kg | | 13696 Kg |
| | | Economic Assistants is proposed to converge | Pineapple | 280000 | 2nd, 3rd Phases | 8 Ha | | 8 Ha |
| | | Economic Assistants is proposed to converge | Thozhil Sena (machines) | 100000 | 2nd, 3rd Phases | 1 Nos. | | 1 Nos. |
| | | Material component is proposed to converge | paddy Cultivation(fertilizer,Seed) | 130000 | 2nd, 3rd Phases | 13 Ha | | 13 Ha |
| | | Capacity Building | | | | | | |
| | | Training Assistants is proposed to converge | Mushroom Cultivation | 60000 | 2nd Phase | 4 Nos. | | 4 Nos. |
| | | Training Assistants is proposed to converge | Thozhi Sena | 5000 | 2nd Phase | 1 No. | | 1 No. |

## 2.20.പദ്ധതി പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടത്

### 2.20.1.പ്രവേശന പ്രവർത്തനങ്ങൾ (Entry Point Activity)

ഐ.ഡബ്ല്യു.എം.പി. പദ്ധതിയുടെ പ്രഥമ പ്രവർത്തനമാണ് പ്രവേശന പ്രവർത്തനങ്ങൾ. മൊത്തം പദ്ധതി തുകയുടെ 4% തുക മാറ്റിവെച്ചിരിക്കുന്ന ഈ പ്രവർത്തനങ്ങളുടെ പ്രധമ ഉദ്ദേശം നിലവിലുള്ള കാർഷിക മേഖലയിലെ ഉല്പ്പദനക്ഷമത വർദ്ധിപ്പിക്കുക, പൊതു ആസ്തികൾ പുനരയുദ്ധാരണം ചെയ്യുക, നീർത്തട നിവാസികളുടെ കുടിവെള്ളം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ഭൂഗർഭ ജലവിതാനം ഉയർത്തൽ തുടങ്ങിയ പ്രധമ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ്. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് 7 തരം പ്രവർത്തനങ്ങൾ ആണ് പ്രവേശന പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കിണർ നിർമ്മാണം,തരിശ്ശുഭൂമി കൃഷി, പടുതാക്കുളം, കിണർ റീച്ചാർജിംഗ്, പൊതു കിണറുകളുടെ പുനരയുദ്ധാരണം, മഴവെള്ള സംഭരണി, തോട് ആഴം കൂട്ടലും ശുചിയാക്കലും തുടങ്ങിയവയാണിവ. 26,56,800 /- രൂപയാണ് ഇതിനായി മാറ്റി വെച്ചിരിക്കുന്നത്. പ്രവർത്തനങ്ങളും അവയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

*പട്ടിക നം: .33.* ***പദ്ധതി പ്രദേശത്തെ പ്രവേശന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| പ്രവേശന പ്രവർത്തനങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തികൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ. നം. | നീർത്തടത്തിന്റെ പേര് | നിർദ്ദേശിക്കപ്പെട്ട പ്രവൃത്തി | പ്രവൃത്തിയുടെ ഏകകം | അളവ് | അളവും നിരക്കും | | | പ്രവൃത്തിയുടെ തുക | പ്രവൃത്തിയുടെ സ്ഥാനം | തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം | ക്ഷീര വികസന വിഭാഗവുമായുള്ള സംയോജനം |
| 1 | ഓണക്കൂർ | ഓണക്കൂർ കുളവയൽതോട് ആഴം കൂട്ടൽ | എണ്ണം | 1 | 910 | 2.1 | 1.4 | 640000 | അക്ഷാംശം: 9.892383N രേഖാംശം: 76.513331E | MGNREGS തീറ്റപ്പുല്ല് നടീൽ | തീറ്റപ്പുല്ലിന്റ വിത്ത് |
| തുക | | | | | | | | 640000 | | | |
| 2 | പിറവം | തരിശ്ശുനിലം കൃഷിയോഗ്യമാക്കൽ | ഏക്കർ | 10.58 | 16673 /ഏക്കർ | | | 176400 | 758/1A,748/3,753/3,748/9,748/7,748/7,747/6,757/3-1,748/8A,748/9,748/2-5,748/2-5,748/2-5,748/2-6,757/3-1,758/7B2,757/3,743/18-2,757/2-1,757/1-A1,757/1-A1,757/2-1,748/9,749/3,747/4-2,749/4,749/3,749/3,748/2-2,748/2-3,748/2-4 | MGNREGS-കൈതോടിന്റെ ആഴം കൂട്ടൽ | |
| | | തുറക്കുളം പുനരുജ്ജീവനം | എണ്ണം | 1 | | | | 650000 | അക്ഷാംശം: 9.866695N രേഖാംശം: 76.499535E | MGNREGS-കുളത്തിന്റെ ആഴം വർധിപ്പിക്കൽ | |
| തുക | | | | | | | | | | | |
| 3 | മുളക്കുളം - വടക്കേക്കര | തരിശ്ശുനിലം കൃഷിയോഗ്യമാക്കൽ | ഏക്കർ | 13 | 16673 /ഏക്കർ | | | 217416 | 558/4A,619/2B,619/3,589/3,517/3-4,516/2,624/2A,560/5A,592/8-1,592/8-2,559/1C3,559/5-1,618/4B2,599/1A2,559/C,559/1A3,560/5A,559/1C,559/1A3,560/5A,559/1C,559/1A3,555/4C,600/3-1,559/1B,550/1C,550/1C6,560/5A,557/7B | MGNREGS-കൈതോടിന്റ ആഴം കൂട്ടൽ | |
| | | കിണർ പുനരുജ്ജീവനം | എണ്ണം | 18 | 16000 /എണ്ണം | | | 288000 | 616/4A,616/5-2,578/5B,617/5B,616/5,616/5-1,603/2A,574/5B2,574/5B,618/2-3,607/4,569/8B4,555/5B,307/7,307/3- | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | 1,532,574/5B,356/1B,575/3B | | |
| | | പടുതാക്കുളം | എണ്ണം | 3 | 7500 /എണ്ണം | 22500 | 556/5A,568/7-3 | MGNREGS കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| തുക | | | | | | 527916 | | | |
| 4 | ഇലഞ്ഞി | കിണർ നിർമ്മാണം | എണ്ണം | 1 | | 25000 | അക്ഷാംശം:9 49'50.9''N രേഖാംശം: 76 32'42.2''E | | |
| | | കിണർ പുനരുജ്ജീവനം | എണ്ണം | 12 | 16000 /എണ്ണം | 192000 | 349/9,356/3a1,352/14,339/9c1,338/5-3,335/13-b,350/8,349/7,349/10,350/8,349/10,350/8,349/8 | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| | | പടുതാക്കുളം | എണ്ണം | 3 | 7500 /എണ്ണം | 22500 | 352/13-1,356/3a1,353/4 | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| തുക | | | | | | 239500 | | | |
| 5 | പെരുമ്പടവം | കിണർ പുനരുജ്ജീവനം | എണ്ണം | 6 | 16000 /എണ്ണം | 96000 | 262/2B,340/13,262/2-2,242/2B3,243/6,278/2-1 | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| | | പടുതാക്കുളം | എണ്ണം | 2 | 7500 /എണ്ണം | 15000 | 264/3-1,213/2 | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| തുക | | | | | | 111000 | | | |
| 6 | മുളക്കുളം | കിണർ പുനരുജ്ജീവനം | എണ്ണം | 2 | 16000 /എണ്ണം | 32000 | 233/1C | MGNREGS കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| | | പടുതാക്കുളം | എണ്ണം | 9 | 7500 /എണ്ണം | 67500 | 233/41,233/7,232/12A1,232/12B,236/1B2,233/6,246/2B2,233/6,234/4-3 | MGNREGS - കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| തുക | | | | | | 99500 | | | |
| 7 | വലിയതോട് | കിണർ പുനരുജ്ജീവനം | എണ്ണം | 5 | 16000 /എണ്ണം | 80000 | 161/5A3,161/5A1,171/3A,170/8,171/3A | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| | | പടുതാക്കുളം | എണ്ണം | 2 | 7500 /എണ്ണം | 15000 | 215/1,215/2B | MGNREGS-കുടുംബങ്ങൾക്ക് മൺപണി ചെയ്തു നല്കൽ | |
| തുക | | | | | | 95000 | | | |
| ആകെ തുക | | | | | | 2539316 | | | |

*പട്ടിക നം: .34.* ***പദ്ധതി പ്രദേശത്തെ പ്രവേശന പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടത്തിന്റെ കോഡ് | സ്ഥലം (ഹെ) | നീർത്തടത്തിന്റെ പേര് | ഇഇഅ 4% |
|---|---|---|---|---|
| 1 | 13M59j | 1066.6 | ഓണക്കൂർ | 640080 |
| 2 | 13M60a | 1490.31 | പിറവം | 827160 |
| 3 | 13M60b | 884.22 | മുളക്കുളം - വടക്കേക്കര | 530442 |
| 4 | 13M60c | 404 | ഇലഞ്ഞി | 242400 |
| 5 | 13M60e | 364.67 | പെരുമ്പടവം | 218802 |
| 6 | 13M60f | 187.79 | മുളക്കുളം | 102930 |
| 7 | 13M64c | 158.31 | വലിയതോട് | 94986 |
| | | | ആകെ | 2656800 |

### 2.20.2. പ്രകൃതി വിഭവ പരിപാലനം

പ്രകൃതി വിഭവങ്ങളുടെ പ്രായോഗികമായ ഉപയോഗവും അവയുടെ നിലനിൽപ്പും കൂടാതെ നാളേക്കുവേണ്ടിയുള്ള അവയുടെ കരുതലുമാണ് നീർത്തട വികസന പ്രവർത്തനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യം. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ കീഴിൽ വരുന്ന പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളെ മൂന്നായി തരം തിരിക്കാം.

**മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ**

ഭൂപ്രകൃതിക്ക് അനയുയോജ്യമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും നിലവിലുള്ള ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിച്ചും മണ്ണു സംരക്ഷണവും ജലസംരക്ഷണവും ഉറപ്പക്കുന്നതിനും അതിലൂടെ ജലലഭ്യതയും കർഷിക മേഖലയുടെ പുനരയുജ്ജീവനവും ലക്ഷ്യമിടുന്നു. മണ്ണു ജല സംരക്ഷണത്തിനായി നടാപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ താഴെ നിർദ്ദേശിക്കയുന്നു.

**കല്ലുകയ്യാലയും കയ്യാല ഉയരം വെക്കലും** (1m2 = 256.3 രൂപ)

മണ്ണൊലിപ്പ് രൂക്ഷമായ പ്രദേശങ്ങളിൽ പ്രാദേശികമായി ലഭ്യമാകുന്ന കല്ലുപയോഗിച്ച് കയ്യാല നിർമ്മിച്ചും, നിലവിലുള്ള കയ്യാലകൾ ഉയരം കൂട്ടിയും മേൽ മണ്ണ് സംരക്ഷിക്കയുന്നതിനും, അതിലൂടെ ഉല്പ്പാദന വർധനവിനും ഈ പ്രവർത്തി ലക്ഷ്യ മിടുന്നു.

**മൺ വരമ്പ്** (1m= 82.94രൂപ)

മൺ വരമ്പ് നിർമ്മിക്കുന്നതിലൂടെ ഫലഭൂയിഷ്ടമായ മേൽമണ്ണ് സംരക്ഷിക്കപ്പെടുകയും, ഒഴുകി പോകുന്ന ജലം നഷ്ടപ്പെടുത്താതെ ഭൂമിയിലേയ്ക്ക് തന്നെ താഴുവാൻ അനുവദിക്കുന്നതുകൊണ്ട് സ്വാഭാവികമായും ഭൂഗർഭ ജലം വർദ്ധിക്കുകയും ചെയ്യുന്നു.

***Earth work for earthen contour bund* = 1.00 x 0.75 x 0.6 = 0.45m3 Rate = (1m = 82.94 രൂപ)**

**മഴക്കുഴി**

ഭൂഗർഭജല സംരക്ഷണത്തിന്റെ ഭാഗമായി മിതമായ ചെരിവുള്ള പ്രദേശങ്ങളിലും തോട്ടങ്ങളിലും പൊതു സ്ഥലങ്ങളിലും മഴക്കുഴികൾ നിർമ്മിച്ച് ജല സംരക്ഷണം ഉറപ്പുവരുത്താൻ ലക്ഷ്യമിടുന്നു. (1 ഛീ. = 79.62 രൂപ)

The size of this pit is 1.2m x 0.6m x 0.6m.

**ഗള്ളി പ്ലഗ്ഗിംഗ്**

മണ്ണൊലിപ്പ് രൂക്ഷമായിട്ടുള്ള തോട് ചാൽ എന്നിവയിൽ വെള്ളത്തിന്റെ കുത്തൊഴുക്ക് നിയന്ത്രിക്കുന്നതിനും മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ എന്നിവ തടയുന്നതിനുമായി വിവിധയിനം ചെറു തടയണകൾ നിർമ്മിക്കുവാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

**കിണർ പുനരുജ്ജീവനം (Well Recharge) (1 എണ്ണം = 16,000 രൂപ)**

വേനൽക്കാലം ആരംഭിക്കുന്നതോടൊപ്പം വറ്റിതുടങ്ങുന്ന കിണറുകളിൽ ജലവിതാനം ഉയർത്തിന്നുതിനുവേണ്ടി വർഷക്കാലത്ത് പെയ്യുന്ന ജലത്തിന്റെ വലിയൊരു ഭാഗം സംരക്ഷിച്ച് ഭൂഗർഭജലവിതാനം ഉയർത്തുന്നതിനു വേണ്ടി യുള്ള പദ്ധതിയാണിത്.

**തടയണകൾ**

കാലവർഷം അവസാനിക്കുന്നതോടുകൂടി തോടുകളിലെ ജലവിതാനം താഴ്ന്ന് വരണ്ട് ഉണങ്ങുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇതിന് പരിഹാരമായിട്ടാണ് നീർത്തടപ്രദേശത്തെ തോടുകളിൽ തടയണ നിർമ്മിക്കുന്നത്. മഴ ക്കാലത്തിന്റെ അവസാനത്തോടെ തടയണകൾ ചീർപ്പ് ഇട്ട് വെള്ളം കെട്ടി നിർത്തുന്നതിലൂടെ സമീപ പ്രദേശങ്ങ ളിലെ ഭൂഗർഭ ജലവിതാനം ഉയരുകയും കുടിവെള്ളക്ഷാമത്തിന് വലിയൊരളവിൽ പരിഹാരം ആകുന്നതുമാണ്. കൂടാതെ കൃഷിയിടങ്ങളിൽ ജലസേചനത്തിനും ഈ ജലം ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

**തെങ്ങിൻ തടം തുറക്കൽ (1 എണ്ണം = 195.4 രൂപ)**

കാലവർഷം ആരംഭിക്കുന്നതോടെ കൃഷിയിടങ്ങളിലെ തെങ്ങിന്റെ തടം എടുക്കുന്നതിലൂടെ മഴവെള്ളം ഭൂമിയിലേക്ക് പതുക്കെ അരിച്ചിറങ്ങുന്നതിന് വളരെ സഹായകമാണ്. പുതയിടൽ പ്രക്രിയയിലൂടെ വേരുകളിൽ ഈർപ്പത്തിന്റെ അംശം നിലനിർത്തുന്നു. ഇതിനായി ഇവയുടെ തടത്തിനുചുറ്റും ചകിരി, പച്ചില, ജൈവവളങ്ങൾ എന്നിവ നിക്ഷേപി ക്കുന്നു.

**കുളങ്ങൾ നവീകരണം:**

ജലസംരക്ഷണ ശേഷി കുറഞ്ഞുപോയ കുളങ്ങളിലെ മണ്ണും, ചെളിയും, നീക്കം ചെയ്ത് ജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

**ചാലുകളുടെ ആഴംകൂട്ടൽ:**

നീർത്തട പ്രദേശത്തെ വിവിധ നീർച്ചാലുകളിലും, തോടുകളിലും മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം വർദ്ധിപ്പി ക്കുന്നതിനുള്ള പദ്ധതിയാണിത്.

**നീരുറവ സംരക്ഷണം**

പ്രകൃതിദത്ത നീരുറവകൾ സംരക്ഷിക്കുന്നതിനും പ്രാദേശികമായ കുടിവെള്ളലഭ്യത ഉറപ്പ് വരുത്തുന്നതിന് ലക്ഷ്യമിടുന്നു.

*പട്ടിക നം: .35.* ***പദ്ധതി പ്രദേശത്തെ പ്രകൃതി വിഭവ പരിപാലനത്തിന് അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടത്തിന്റെ കോഡ് | സ്ഥലം (ഹെ) | നീർത്തടത്തിന്റെ പേര് | NRM (56%) Amount in Rs. |
|---|---|---|---|---|
| 1 | 13M59j | 1066.6 | ഓണക്കൂർ | 8961120 |
| 2 | 13M60a | 1490.31 | പിറവം | 11580240 |
| 3 | 13M60b | 884.22 | മുളക്കുളം - വടക്കേക്കര | 7426188 |
| 4 | 13M60c | 404 | ഇലഞ്ഞി | 3393600 |
| 5 | 13M60e | 364.67 | പെരുമ്പടവം | 3063228 |
| 6 | 13M60f | 187.79 | മുളക്കുളം | 1441020 |
| 7 | 13M64c | 158.31 | വലിയതോട് | 1329804 |
| **ആകെ** | | | | **37195200** |

**2.20.3.കാർഷികോല്പാദന പ്രവർത്തനങ്ങൾ**

**1. ഗ്രോ ബാഗ്:**

നീർത്തട പ്രദേശത്തെ ഭൂരിപക്ഷം ആളുകളും പച്ചക്കറികൾക്കായി അന്യസംസ്ഥാനങ്ങളെ ആണ് ആശ്രയിക്കുന്നത്. ലഭിക്കുന്ന പച്ചക്കറികളിൽ ഭൂരിപക്ഷവും മാരകമായി വിഷാംശം അടങ്ങിയതാണ്. ഈ സാഹചര്യത്തിൽ പച്ചക്കറി കൃഷി ചെയ്യുവാൻ സ്വന്തമായി സ്ഥല സൗകര്യമില്ലാത്തവർക്ക് വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ ടെറസ്സിലോ, വീട്ടുമുറ്റത്തോ ചെയ്യുവാൻ കഴിയുന്ന വിധത്തിൽ 20. ഗ്രോബാഗ് അടങ്ങുന്ന ഒരു യൂണിറ്റ് എന്ന തോതിൽ നൽകുവാൻ പദ്ധതിയിൽ ലക്ഷ്യമിടുന്നു. 20 . ഏ്വീം ആമഴ അടങ്ങിയ ഒരു യൂണിറ്റ് 2000/-രൂപ ചെലവ് കണക്കാക്കുന്നു.

**2. കിഴങ്ങുവർഗ്ഗ കൃഷി**

പരമ്പരാഗതമായി ചെയ്ത് പോന്നിരുന്ന പല കിഴങ്ങുവർഗ്ഗ വിളകളും ഇന്ന് അന്യം നിന്നുപോയിരിക്കുന്നു. അതേ സമയത്ത് തന്നെ ഇടവിളകളായി കൃഷി ചെയ്യുവാൻ ധാരാളം സ്ഥലം ലഭ്യമാണ്. ഈ സാഹചര്യത്തിൽ മുൻപ് ചെയ്ത് പോന്നിരുന്ന വിവിധ കിഴങ്ങ് വർഗ്ഗ വിളകളായ ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, കപ്പ, മധുരക്കിഴങ്ങ് എന്നിവ അഞ്ച് സെന്റ് സ്ഥലത്ത് ഒരു യൂണിറ്റ് ചെയ്യുന്നതിനായി പദ്ധതിയിൽ ലക്ഷ്യമിടുന്നു. ഇതിലേക്കായി വിത്ത്, വ ളം, നിലമൊരുക്കൽ തുടങ്ങിയ ഇനത്തിൽ 3000/രൂപ ചെലവ് കണക്കാക്കുന്നു.

**3.പച്ചക്കറികൃഷി (Vegetable cultivation)**

5 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാൻ താല്പര്യമുള്ള കർഷകരെ ലക്ഷ്യമാക്കി വിവിധ പച്ചക്കറികൾ കൃഷി ചെയ്യുവാൻ പദ്ധതിയിൽ ലക്ഷ്യമിടുന്നു. ഇതിലൂടെ നീർത്തട പ്രദേശത്ത് ഗുണമേന്മയുള്ള പച്ചക്കറികൾ ലഭ്യമാക്കുവാനും അതിലൂടെ ജനങ്ങളുടെ ആരോഗ്യം സംക്ഷിക്കാനും സാധിക്കും. ഇതിനായി 5 സെന്റ് കൃഷി ചെയ്യുന്നതിനായി വിത്ത്, വളം, നിലമൊരുക്കൽ, നനയ്ക്കൽ എന്നിവയക്കായി 2000/- രൂപ ചെലവ് കണക്കാക്കുന്നു.

**4. ബയോഗ്യാസ് (Bio gas)**

മാലിന്യസംസ്കരണം, പ്രകൃതി വിഭവസംരക്ഷണം, ഊർജ്ജസംരക്ഷണം എന്നിവയ്ക്കുള്ള ഉത്തമമാതൃക എന്ന നിലയിൽ നടപ്പിലാക്കുവാൻ കഴിയുന്ന ഒരു പദ്ധതിയാണ് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്. 4-5 ആളുകൾ അടങ്ങുന്ന ഒരു കുടുംബത്തിൽ ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങൾ ഉപയോഗിച്ച് ഒന്നര മണിക്കൂർ കത്തിക്കുവാൻ ആവശ്യമായ ഗ്യാസ് ലഭ്യമാകുന്ന 1മ$^3$ പോർട്ടബിൾ പ്ലാന്റ് ആണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ നിന്നു ലഭിക്കുന്ന സ്ലറി നല്ല ഒരു ജൈവവളമായി ഉപയോഗിക്കുവാൻ സാധിക്കും. ഇത്തരത്തിൽ ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ വീട്ടിലെ മാലിന്യങ്ങൾ ഒഴിവാക്കുന്നതിനൊപ്പംതന്നെ വിറക്, ഗ്യാസ് എന്നിവ ലാഭിക്കുവാനും പ്രകൃതി വികസനം സംരക്ഷിക്കുന്നതിനും, സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും സാധിക്കും.. 1മ$^3$ കപ്പാസിറ്റിയുള്ള പ്ലാന്റിന് 15000/-രൂപ ചെലവ് കണക്കാക്കുന്നു.

**5. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ**

തൊഴിലാളിക്ഷാമവും. വർദ്ധിച്ച കൂലി ചെലവും കാരണം കർഷകർ പരമ്പരാഗതമായി ചെയ്ത് പോന്നിരുന്ന തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ എന്ന പ്രവർത്തനം ഇപ്പോൾ ചെയ്യുന്നില്ല. ഇത് കാരണം തെങ്ങിന് നിരവധി രോഗങ്ങളും കീടശല്യവും ഉത്പാദന കുറവും അനുഭവപ്പെടുന്നു. ഈ സാഹചര്യത്തിൽ നീർത്തട പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഒരു തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിന് 60/- രൂപ ചെലവ് കണക്കാക്കുന്നു.

**6. തീറ്റപ്പുൽകൃഷി**

പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഏറ്റവും വലിയ പ്രശ്നം തീറ്റപ്പുല്ലിന്റെ ലഭ്യതകുറവും, വർദ്ധിച്ചു വരുന്ന ഉത്പാദന ചെലവുമാണ്. പ്രാദേശികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ച് ഉത്പാദനചെലവ് കുറച്ചും മാത്രമെ ഈ മേഖലയെ രക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ താല്പര്യമുള്ള കർഷകരെ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനും ഗുണമേന്മയുള്ള തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് നടീൽവസ്തു, വളം, നനയ്ക്കൽ, നിലമൊരുക്കൽ എന്നിവയ്ക്കായി 3000/-രൂപ ചെലവ് കണക്കാക്കുന്നു.

**7. വാഴകൃഷി**

നീർത്തട പ്രദേശത്ത് ആവശ്യമായ പഴവർഗ്ഗങ്ങൾ പ്രധാനമായും പുറത്തുനിന്ന് വരുന്നവയാണ്. ഇവയെല്ലാം അമിതമായ വിഷാംശം നിറഞ്ഞതാണ്. ഈ സാഹചര്യത്തിൽ മാറ്റം വരുത്തുന്നതിനായി നീർത്തട പ്രദേശത്ത് അത്യുല്പാദന ശേഷിയുള്ള 25 ടിഷ്യൂകൾച്ചറൽ വാഴകൾ ഒരു യൂണിറ്റിൽ ഉൾപ്പെടുത്തി വിതരണം നടത്താൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിലേക്കായി ടിഷ്യൂവാഴത്തൈയുടെ വില, വളം, നിലമൊരുക്കൽ എന്നിവക്കായി യൂണിറ്റിന് 2500/- രൂപ ചെലവ് കണക്കാക്കുന്നു.

**8. ഹൈബ്രിഡ് തെങ്ങിൻതൈ**

ഉൽപാദന ചെലവ് കൂടിയതും, ഉല്പാദനം കുറഞ്ഞതും പ്രദേശത്തെ കർഷകർ തെങ്ങ് കൃഷിയിൽനിന്ന് പിൻമാറുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഇതിൽ ഒരു മാറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഉയരം കുറഞ്ഞതും അത്യുൽപാദന ശേഷി ഉള്ള തെങ്ങിൻ തൈകൾ നീർത്തട നിവാസികൾക്ക് വിതരണം ചെയ്യുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അത്യുല്പാദന ശേഷിയുള്ള ഹൈബ്രിഡ് തെങ്ങിൻതൈ ഒന്നിന് 500/- രൂപയും സങ്കരയിനം തെങ്ങിൻതൈ ഒന്നിന് 175 രൂപയും ചെലവ് കണക്കാക്കുന്നു.

### 9. ഹോർട്ടി കിറ്റ്

പ്രദേശത്ത് പഴവർഗ്ഗങ്ങൾ പ്രധാനമായും പുറത്ത് നിന്ന് വരുന്നവയാണ്. ഇവയിൽ അമിതമായ വിഷാംശങ്ങൾ അടങ്ങിയതാണ്. നീർത്തട പ്രദേശത്ത് പഴവർഗ്ഗ ലഭ്യത ഉറപ്പാക്കുന്നതിനായി അഞ്ച് വിവിധ പഴവർഗ്ഗങ്ങൾ അടങ്ങുന്ന ഒരു കിറ്റ് നീർത്തട നിവാസികൾക്ക് വിതരണം നടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കിറ്റിന് 375/- രൂപ ചെലവ് കണക്കാക്കുന്നു.

### 10. ജൈവവള വിതരണം

കർഷിക വിളകളുടെ ശാശ്വതമായ ഉല്പാദനം നിലനിർത്തുക രാസവളങ്ങളുടെ അമിത ഉപയോഗം കുറച്ചുകൊണ്ട് വരുക എന്നിവ ലക്ഷമിട്ടു കൊണ്ട് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു.

### 11. ഇടവിള കൃഷി

നീർത്തട പ്രദേശങ്ങളിൽ ഏറേയും ഏക വിളകളാണ് കൃഷി ചെയ്തു വരുന്നത്. പരമ്പരാഗതമായി നാം ചെയ്തു പോന്നിരുന്ന ഇടവിള കൃഷികൾ ഇന്ന് വളരെ കുറച്ചുപേർ മാത്രമാണ് ചെയ്തുവരുന്നത്. ഏക വിളകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ വാഴ, ജാതി, മഞ്ഞൾ, കൊക്കോ, കാച്ചിൽ, ചേന, ചേമ്പ് തുടങ്ങിയവ ഇടവിളയായി ചെയ്യാവുന്നതാണ്.

*പട്ടിക നം: .36.* ***പദ്ധതി പ്രദേശത്തെ ഉല്പാദന വർധനവിനും ചെറുകിട സംരംഭത്തിനും വേണ്ടി അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | നീർത്തടത്തിന്റെ കോഡ് | സ്ഥലം (Ha) | നീർത്തടത്തിന്റെ പേര് | PSM ( RS)10% |
|---|---|---|---|---|
| 1 | 13M59j | 1066.6 | ഓണക്കൂർ | 1600200 |
| 2 | 13M60a | 1490.31 | പിറവം | 2067900 |
| 3 | 13M60b | 884.22 | മുളക്കുളം - വടക്കേക്കര | 1326105 |
| 4 | 13M60c | 404 | ഇലഞ്ഞി | 606000 |
| 5 | 13M60e | 364.67 | പെരുമ്പടവം | 547005 |
| 6 | 13M60f | 187.79 | മുളക്കുളം | 257325 |
| 7 | 13M64c | 158.31 | വലിയതോട് | 237465 |
| | | ആകെ | | **6642000** |

### 2.20.4.ജീവസന്ധാരണ പ്രവർത്തനം

നീർത്തട പ്രദേശത്ത് അധിവസിക്കുന്ന ദരിദ്ര കുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ജീവനോപാധികൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ സംയോജിത നീർത്തട പരിപാലന പരിപാടി യുടെ മുഖ്യ സവിശേഷതയാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ആകെ പദ്ധതി തുകയുടെ 9 ശതമാനം ദരിദ്രകുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചിരിക്കുന്നു. നീർത്തട സംരക്ഷണ പ്രവർത്തനത്തിലൂടെ സൃഷ്ടിക്കുന്ന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ആ പ്രദേശത്തെ ദരിദ്ര കുടുംബങ്ങൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്തുകൾ, നീർത്തട വികസന ടീം, നീർത്തട കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ സ്വയംസഹായസംഘങ്ങൾ,

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നീ വിഭാഗങ്ങളുമായി വിശദമായ കൂടിയാലോചന നടത്തി. ഇതുവഴി ഉരുത്തിരിഞ്ഞ് വന്ന ഉപജീവന കർമ്മപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ താഴെ നല്കിയിരിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

നീർത്തട പ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും തൊഴിൽ രഹിതരായ വീട്ടമ്മമാർക്കും മറ്റും തൊഴിൽ അവസരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി താഴെ പറഞ്ഞിരിക്കുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

**പശുവളർത്തൽ**

നീർത്തട പ്രദേശത്തെ സാധാരണക്കാരുടെ പ്രധാന ഉപജീവനമാർഗ്ഗമാണ് പശുവളർത്തൽ. അത്യുൽപ്പാദന ശേഷിയുള്ള നല്ലയിനം പശുക്കളെ വളർത്തുന്നതിലൂടെ ഭേദപ്പെട്ട വരുമാനം ലഭ്യമാകുന്നു. പാലിന്റെ ഉയർന്ന ആവശ്യകത വിപണന പ്രശ്നങ്ങൾ ഒഴിവാക്കുന്നു. പശുവളർത്തലിന്റെ പ്രധാന വെല്ലുവിളി ഉയർന്ന തീറ്റച്ചെലവും രോഗങ്ങളുമാണ്. പ്രാദേശികമായി തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുകയും ശാസ്ത്രീയ പരിപാലനത്തിലൂടെ രോഗങ്ങളെ പ്രതിരോധിച്ച് വളർത്തിയെടുത്താൽ വളരെയേറെ ആദായം പശുവളർത്തൽ നേടിത്തരുന്നു.

5 പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരാൾക്ക് ഒരു പശു എന്ന തോതിൽ 5 പശു വളർത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ.

| വിശദാംശം | തുക |
|---|---|
| പശുവിന്റെ വില (40000x5 ) | 2,00,000.00 |
| 3 മാസത്തേക്കുള്ള തീറ്റച്ചെലവ്(10800 x 5) | 54000 |
| ഇൻഷുറൻസ്, മരുന്ന് (3000 x 5) | 15000 |
| തൊഴുത്ത് (NREGS-convergence) (50000 x 5) | 250000 |
| **ആകെ** | **5,19,000.00** |
| സാമ്പത്തിക സ്രോതസ്സ് | |
| IWMP Grant | 100000 |
| സംയോജനം | 2,50,000 |
| ബാങ്ക് ലോൺ | 1,69,000 |
| **ആകെ** | **5,19,000.00** |

**ആടുവളർത്തൽ**

ഗ്രാമീണ മേഖലയിൽ ഏറ്റവും അനുയോജ്യമായ ഉപജീവനമാർഗ്ഗമാണ് ആടുവളർത്തൽ. വളരെ ഉയർന്ന രോഗപ്രതിരോധ ശേഷിയും മാംസത്തിന്റെ ഉയർന്ന ആവശ്യകതയും ഈ മേഖലയുടെ പ്രാധാന്യം വെളിവാക്കുന്നതാണ്. ഈ പദ്ധതിയിലൂടെ നീർത്തട നിവാസികളുടെ ജീവിത നിലവാരത്തിൽ ഉയർച്ച ഉണ്ടാക്കാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഇവയുടെ കൂട് നിർമ്മാണം സൗജന്യമായി നടപ്പിലാക്കാൻ സാധിക്കും.

ഒരു ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും 2 പെണ്ണാടും 1 ആണാടും ചേർന്ന് 3 ആടുകൾ എന്ന രീതിയിൽ 5 പേരടങ്ങുന്ന ഗ്രൂപ്പിന് 15 ആടുകളെ വളർത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| ആടിന്റെ വില (15 x 3500) | 52500 |
| 6 മാസത്തേക്കുള്ള തീറ്റച്ചെലവ് (3750 x 6) | 22500 |
| ഇൻഷുറൻസ്, മരുന്ന് | 6000 |
| കൂട് (10000 x 5) (NREGS-convergence) | 50000 |
| **ആകെ** | **131000** |
| സാമ്പത്തിക സ്രോതസ്സ് | |
| IWMP Loan | 25000 |
| സംയോജനം | 50000 |
| ഗുണഭോക്തൃ വിഹിതം | 22500 |
| ബാങ്ക് വായ്പ | 33500 |
| **ആകെ** | **131000** |

**പാട്ടകൃഷി**

തൊഴിലാളി ക്ഷാമവും ഉത്പാദന ചെലവിലുള്ള വർദ്ധനവ് കാരണം പരമ്പരാഗത  കിഴങ്ങ്, പച്ചക്കറി കൃഷികൾ ഇന്ന് ഇല്ലാതായിരിക്കുന്നു. ഇന്ന് ലഭ്യമായ പച്ചക്കറികളിൽ ഭൂരിഭാഗവും അമിതമായി വിഷപ്രയോഗം നടത്തിയവയാണ്. ധാരാളം ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ നീർത്തടപ്രദേശത്ത് ലഭ്യമായ സ്ഥലങ്ങളിലെല്ലാം പാട്ടവ്യവസ്ഥയിൽ സ്ഥലം ഏറ്റെടുത്ത് ഇടവിളകൃഷി നടത്തുക എന്നതാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി നീർത്തട പ്രദേശത്തെ സാധാരണക്കാരായ ആളുകളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് ജീവനോപാധി പദ്ധതിയിലൂടെ ലോൺ നടപ്പിലാക്കുന്നു.

ഒരാൾക്ക് 10 സെന്റ് എന്നതോതിൽ 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പാട്ടകൃഷി നടത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| പാട്ടച്ചെലവ് (50 സെന്റ്) | 7500 |
| നിലമൊരുക്കൽ | 12500 |
| വിത്ത്, വളം | 7500 |
| അനുബന്ധ ചെലവുകൾ | 5000 |
| **ആകെ** | **32500** |
| സാമ്പത്തിക സ്രോതസ്സ് | |
| IWMP ലോൺ | 25000 |
| ഗുണഭോക്തൃ വിഹിതം | 7500 |
| **ആകെ** | **32500** |

**ടൈലറിംഗ്**

സ്ത്രീകൾക്ക് വീട്ട്ജോലിക്ക് ശേഷമുള്ള ഇടവേളകൾ ഫലപ്രദമായി ഉയോഗിക്കാവുന്ന ഏറ്റവും മികച്ച തൊഴിൽ മേഖലയാണ് ടൈലറിംഗ്. ഗ്രമീണ മേഖലയിൽ ടൈലറിംഗ് നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ധാരാളം ആളുകളുണ്ട്. ഭീമമായ മുതൽ മുടക്ക് ആവശ്യമില്ലാത്തതും തൊഴിൽ വൈദഗ്ധ്യം മാത്രം ആസ്പദമാക്കി

തരക്കേടില്ലാത്ത വരുമാനം കണ്ടെത്താവുന്ന മേഖലയാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ സാധ്യമായ ഗ്രൂപ്പുകൾ രൂപീകരിച്ച് ധനസഹായം നൽകി പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

ഒരാൾക്ക് ഒരു തയ്യൽ മെഷീനും മറ്റ് അനുബന്ധ സാധനങ്ങളും എന്നതോതിൽ 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ടൈലറിംഗ് നടത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| മിഷ്യനും മറ്റ് അനുബന്ധ സാമഗ്രികളും (15000 x 5) | 75000 |
| **ആകെ** | **75000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 25000 |
| ബാങ്ക് വായ്പ | 40000 |
| ഗുണഭോക്തൃവിഹിതം | 10000 |
| **ആകെ** | **75000** |

**വാഴകൃഷി**

ധാരാളം ആളുകൾ ഉപയോഗിക്കുന്ന പഴവർഗ്ഗം എന്ന നിലയിൽ പ്രദേശത്ത് ഒട്ടേറെ ആവശ്യക്കാരുണ്ട്. പ്രദേശത്തെ ഇന്ന് ലഭ്യമായ പഴവർഗ്ഗങ്ങൾ പ്രധാനമായും വരുന്നത് നീർത്തടത്തിന് പുറത്തുള്ള മറ്റ് പ്രദേശങ്ങളിൽ നിന്നാണ്. നീർത്തട പ്രദേശത്ത് ഒട്ടനവധി സ്ഥലങ്ങളിൽ പാട്ടവ്യവസ്ഥയിൽ വാഴകൃഷി നടത്തുവാനുള്ള സാധ്യതകളുണ്ട്. നീർത്തട സമിതികളുടെ ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് ഇവർക്ക് വാഴകൃഷി നടത്തുന്നതിനായി പദ്ധതിയിൽ നിന്ന് ലോൺ അനുവദിക്കുവാൻ ഇതിലൂടെ കഴിയുന്നു.

ഒരാൾക്ക് 20 സെന്റ് എന്നതോതിൽ 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഒരേക്കർ വാഴകൃഷി നടത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| പാട്ട ചെലവ് (ഒരേക്കർ 1000 വാഴ) | 15000 |
| നിലമൊരുക്കൽ, നടീൽ | 15000 |
| വിത്ത്, വളം | 25000 |
| അനുബന്ധ ചെലവുകൾ (നനക്കൽ, കളനീക്കൽ, മരുന്നു പ്രയോഗം തുടങ്ങിയവ) | 15000 |
| **ആകെ** | **70000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 25000 |
| സംയോജനം (വളം-കൃഷി വകുപ്പ്, നിലമൊരുക്കൽ- ങഏചഞഋഏട) | 30000 |
| ഗുണഭോക്തൃവിഹിതം | 15000 |
| **ആകെ** | **70000** |

**പൈനാപ്പിൾ കൃഷി**

നീർത്തട പ്രദേശത്തെ ഏറ്റവും പ്രധാന വിള റബ്ബറാണ്. ഇതിൽ ചെയ്യാവുന്ന അനുയോജ്യമായ ഇടവിള കൃഷി, പൈനാപ്പിൾ എന്നിവയാണ്.. പൈനാപ്പിൾ കൃഷി നടത്തുന്ന ധാരാളം കർഷകർ ഇന്ന് പ്രദേശത്തുണ്ട്. ഇതോടൊപ്പം

തന്നെ കൃഷിക്ക് അനുയോജ്യമായ തോട്ടങ്ങളും നീർത്തട പ്രദേശത്ത് ധാരാളമായിട്ടുണ്ട്. ഇവ പാട്ടവ്യവസ്ഥയിൽ ചെറു കൂട്ടുത്തരവാദിത്വ സംഘങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് ഇതിനായി പദ്ധതിയിൽ നിന്നും ലോൺ അനുവദിക്കാൻ സാധിക്കും.

ഒരാൾക്ക് 20 സെന്റ് എന്നതോതിൽ 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഒരേക്കർ പൈനാപ്പിൾകൃഷി നടത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| പാട്ട ചെലവ് (ഹെക്ടർ) | 12000 |
| നിലമൊരുക്കൽ, നടീൽ | 15000 |
| നടീൽ വസ്തു | 30000 |
| അനുബന്ധചെലവ് (കള, മരുന്ന് പ്രയോഗം തുടങ്ങിയവ) | 12000 |
| **ആകെ** | **69000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 0 |
| ഗുണഭോക്തൃവിഹിതം | 15000 |
| സംയോജനം (കൃഷി വകുപ്പ്) | 35000 |
| ബാങ്ക് വായ്പ | 19000 |
| **ആകെ** | **69000** |

**കൂൺകൃഷി**

നിത്യവും പരിചരണം ആവശ്യമുള്ളതും കൃത്യത ആവശ്യമുള്ളതുമായ കൃഷിയാണ് കൂൺകൃഷി. ശരിയായ തോതിൽ പരിപാലിച്ചാൽ ഇവയിൽ നിന്ന് നല്ലരീതിയിൽ ഉള്ള ഉല്പാദനം ലഭ്യമാകുന്നു. കീടനാശിനി പ്രയോഗമോ വള പ്രയോഗമോ നടത്താതെയാണ് കൂണുകളുടെ ഉല്പാദനം എന്നതിനാൽ ഇവയ്ക്ക് നല്ല സ്വീകാര്യതയുണ്ട്. ഉയർന്ന പോഷകമൂല്യമുള്ളതും ഏത് തരം രോഗികൾക്കും കഴിയ്ക്കാം എന്ന പ്രത്യേകതയും ഇതിനുണ്ട്. കൂൺകൃഷി നടത്തുവാൻ താല്പര്യമുള്ള ധാരാളം കർഷകർ നീർത്തട പ്രദേശത്തുണ്ട്. ഇവരുടെ കൂട്ടുത്തരവാദിത്വ സംഘങ്ങൾ രൂപീകരിച്ച് പദ്ധതിയിൽ നിന്ന് ലോൺ അനുവദിക്കാവുന്നതാണ്.

5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് കൂൺകൃഷി നടത്തുന്നതിനാവശ്യമായ സാമ്പത്തിക ചെലവുകളുടെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| കൂൺഷെഡ് | 40000 |
| പാത്രങ്ങൾ | 5000 |
| ആവർത്തന ചെലവുകൾ (വിറക്, അണുനാശിനി, പ്ലാസ്റ്റിക് കവർ, വൈക്കോൽ തുടങ്ങിയവ) | 20000 |
| സീലിംഗ് മെഷീൻ, ത്രാസ്, സ്പ്രെയർ | 10000 |
| **ആകെ** | **75000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 25000 |

| | |
|---|---|
| ഗുണഭോക്തൃ വിഹിതം | 10000 |
| സംയോജനം (കൂൺ ഷെഡ്-ങഏചഞജഏട | 40000 |
| **ആകെ** | **75000** |

**കോഴിവളർത്തൽ**

വളരെ വേഗത്തിൽ നടപ്പിലാക്കുന്നതും കാലതാമസം കൂടാതെ വരുമാനം ലഭ്യമാക്കുന്നതും വിപണനത്തിന് പ്രാദേ ശികമായി തന്നെ ധാരാളം മാർഗ്ഗങ്ങളുള്ളതും നല്ലൊരു വരുമാനം ലഭിക്കുന്നതുമായ പദ്ധതിയാണ് കോഴിവ ളർത്തൽ. കോഴിമുട്ടക്കും മാംസത്തിനും ഉയർന്ന സ്വീകാര്യതയാണ് സമൂഹത്തിലുള്ളത്. ഒരു വീടിന്റെ അടുക്കള അവശിഷ്ടങ്ങൾ ഉപയോഗിച്ച് അധികം മുതൽ മുടക്കു കൂടാതെ വളർത്തിയെടുക്കാവുന്നതാണ്. ഇന്ന് മുട്ടക്കും മാംസത്തിനും ഉപയോഗിക്കാവുന്ന സങ്കരഇനം കോഴികൾ ധാരാളം ലഭ്യമാണ്. ഇവ വീട്ടുവളപ്പിൽ വളർത്തുന്നതിന് അനുയോജ്യവുമാണ്. ഖഘഏ കൾ രൂപീകരിച്ച് ഇവക്ക് പദ്ധതിയിൽ നിന്ന് ലോൺ ലഭ്യമാക്കി നീർത്തട പ്രദേശത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

ഒരു വ്യക്തിക്ക് 10 കോഴി എന്നതോതിൽ 5 പേരടങ്ങുന്ന ഗ്രൂപ്പിൽ 50 കോഴി വളർത്തുന്നതിന് ആവശ്യമായ ചെല വിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| കൂട് നിർമ്മാണം (4000 x 5) | 20000 |
| കോഴി (50 എണ്ണം) | 5000 |
| തീറ്റ, മരുന്ന്, മറ്റു ചെലവുകൾ (6 മാസത്തേക്ക്) | 10000 |
| **ആകെ** | **35000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 10500 |
| ഗുണഭോക്തൃ വിഹിതം | 4500 |
| സംയോജനം (കൂട് - MGNREGS) | 20000 |
| **ആകെ** | **35000** |

**തൊഴിൽസേന**

രൂക്ഷമായ തൊഴിലാളിക്ഷാമം, കൂലിവർദ്ധന എന്നിവ കാർഷികമേഖലയുടെ തളർച്ചക്ക് ആക്കം കൂട്ടിയിരിക്കുക യാണ്. തൊഴിലാളികൾക്ക് ദിവസവേതനം എന്നതിൽ നിന്ന് മാറ്റം വരുത്തി ചെയ്യുന്ന തൊഴിലിന്റെ അളവ് കണ ക്കാക്കി അതിന് ആവശ്യമായ വേതനം നീർത്തട സമിതിയുടെ നേതൃത്വത്തിൽ തൊഴിലാളികളും കർഷകരും ചേർന്ന് നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നീർത്തട പ്രദേശത്തെ കർഷക കർഷകേതര പ്രവർത്തന ങ്ങൾ ഏറ്റെടുക്കുന്നതിന് സാധിക്കുന്ന തരത്തിലുള്ള ചെറു സംഘങ്ങളെ രൂപീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇവർക്ക് ആവശ്യമായ ചെറു യന്ത്രങ്ങൾ വാങ്ങുന്നതിനും തുടക്കത്തിൽ പ്രവർത്തിക്കുന്നതിന് ആവ ശ്യമായ പ്രവർത്തന ഫണ്ട് കണ്ടെത്തുന്നതിനും ആവശ്യമായ തുക പദ്ധതിയിൽ നിന്ന് അനുവദിച്ച് നടപ്പിലാക്കാവു ന്നതാണ്.

**സാമ്പത്തിക വിശകലനം**

| വിശദാംശം | തുക |
|---|---|
| ചെറുകിട യന്ത്രവത്ക്കരണം (കാടുവെട്ട് യന്ത്രം, പവ്വർ ടില്ലർ, ട്രാൻസ്പ്ലാന്റർ, തെങ്ങ് കയറ്റ് യന്ത്രം, കൈക്കോട്ട്, കത്തി, കൊട്ട, ചട്ടി, പിക്കാസ് തുടങ്ങിയ മറ്റ് ചെറുകിട ഉപകരണങ്ങൾ) | 250000 |
| പ്രവർത്തന മൂലധനം | 150000 |
| **ആകെ** | **400000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ഗ്രാന്റ് | 200000 |
| സംയോജനം (പഞ്ചായത്ത്, കൃഷി വകുപ്പ്) | 100000 |
| ബാങ്ക് വായ്പ | 100000 |
| **ആകെ** | **400000** |

**തേനീച്ച വളർത്തൽ**

ധാരാളം സാധ്യതകൾ ഉണ്ടെങ്കിലും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താത്ത ഒരു കാർഷിക മേഖലയാണ് തേനീച്ച വളർത്തൽ. നീർത്തട പ്രദേശത്തെ പ്രധാന കൃഷി റബ്ബറായതിനാലും, റബ്ബർ ധാരാളം തേൻ ഉത്പാദിപ്പിക്കുന്നതിനാലും വ്യാപകമായി പ്രദേശത്ത് തേനീച്ച വളർത്തലിനുള്ള സാധ്യതയുണ്ട്. വളരെക്കാലങ്ങളായി ധാരാളം ...പ്രോത്സാഹനങ്ങൾ ഈ മേഖലയിൽ നൽകുന്നുണ്ടെങ്കിലും കേരളത്തിൽ ആവശ്യമായ തേനിന്റെ ഉത്പാദനം വളരെ കുറച്ച് മാത്രമാണ്.. കർഷകർ ഈ രംഗത്ത് വേണ്ടത്ര ബോധവാന്മാരല്ലാത്ത സാഹചര്യത്തിൽ ആവശ്യമായ ബോധവത്ക്കരണം നൽകി നടപ്പിലാക്കിയാൽ വളരെയധികം ലാഭകരമാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണിത്.

100 പെട്ടി അടങ്ങുന്ന ഒരു യൂണിറ്റ് തേനീച്ച വളർത്തുന്നതിനാവശ്യമായ ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| തേനീച്ച പെട്ടി അടക്കം | 100000 |
| അനുബന്ധ സ്ഥാപനങ്ങൾ (എക്സ്ട്രാക്ടർ, സ്മോക്കർ, മെഴുക്, തീറ്റ തുടങ്ങി മറ്റ് ചെലവുകൾ) | 20000 |
| **ആകെ** | **120000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ലോൺ | 25000 |
| ഗുണഭോക്തൃവിഹിതം | 15000 |
| ബാങ്ക് വായ്പ | 80000 |
| **ആകെ** | **120000** |

**നെൽകൃഷി**

ജനകോടികളുടെ പ്രാഥമിക ആഹാരസ്രോതസ്സാണ് നെല്ല്. ഭാരതീയരിൽ മുക്കാൽ പങ്കും കേരളീയർ ഒട്ടാകെ തന്നെയും അരി ഉൽപ്പന്നങ്ങൾ മുഖ്യ ആഹാരമായി ഉപയോഗിക്കുന്നവരാണ്. എന്നാൽ പ്രകൃതിയുടെ അമൂല്യ സംഭാവനയായ നെൽകൃഷിയും അതിന്റെ പരിചരണവും രൂക്ഷമായ പല പ്രശ്നങ്ങളിലൂടെ കടന്ന് പോകുകയാണ്. തൊഴിലാളിക്ഷാമവും ഉല്പാദന ചെലവിലെ വർദ്ധനവും കാരണം പ്രതിസന്ധിയിലായിരിക്കുന്ന നെൽകൃ

ഷിയെ തിരിച്ച് കൊണ്ടുവരുന്നതിനായി പാട്ട വ്യവസ്ഥയിലോ അല്ലാതെയോ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി നടത്താനാണ് ലക്ഷ്യമിടുന്നത്.

ഒരാൾക്ക് 50 സെന്റ് എന്ന തോതിൽ 5 പേരടങ്ങുന്ന ഗ്രൂപ്പിന് 2.5 ഏക്കർ (ഒരു ഹെക്ടർ) കൃഷി ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക ചെലവിന്റെ വിശദാംശങ്ങൾ

| വിശദാംശം | തുക |
|---|---|
| പാട്ടചെലവ് | 20000 |
| നിലമൊരുക്കൽ, നടീൽ | 15000 |
| വിത്ത്, വളപ്രയോഗം, കളപറിക്കൽ | 15000 |
| കൊയ്ത്ത് | 20000 |
| **ആകെ** | **70000** |
| **സാമ്പത്തിക സ്രോതസ്സ്** | |
| IWMP ഗ്രാന്റ് | 35000 |
| സംയോജനം (വിത്ത്, വളപ്രയോഗം) | 10000 |
| ബാങ്ക് വായ്പ | 25000 |
| **ആകെ** | **70000** |

**ചെറുകിട വ്യവസായങ്ങളും വ്യാപാര സ്ഥാപനങ്ങളും**

നഗരപ്രദേശം കേന്ദ്രീകരിച്ച് വിവിധ തരത്തിലുള്ള ചെറുകിട സംരഭങ്ങൾക്കും വ്യാപാര കേന്ദ്രങ്ങൾക്കും ധാരാളം സാധ്യതകൾ നീർത്തട പ്രദേശത്ത് നിലനിൽക്കുന്നു. താഴെ പറയുന്ന വിവിധ ചെറുകിട സംരംഭങ്ങൾ/വ്യാപാര സ്ഥാപനങ്ങൾ ഉപജീവന മാർഗ്ഗമാക്കി നടത്തുവാൻ ആഗ്രഹിക്കുന്ന ഗ്രൂപ്പുകൾ പ്രദേശത്തുണ്ട്. ഇവർക്ക് പ്രവർത്തനത്തിന് അനുസരണമായ തുക പദ്ധതിയിലൂടെ ലോൺ നൽകുന്നു.

വിവിധ ചെറുകിട സംരംഭങ്ങൾക്കും വ്യവസായങ്ങൾക്കും ആവശ്യമായ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഇനം | IWMP ഫണ്ട് | ഗുണഭോക്തൃവിഹിതം | ബാങ്ക് വായ്പ | ആകെ |
|---|---|---|---|---|
| കേറ്ററിംഗ് യൂണിറ്റ് | 25000 | 10000 | 40000 | 75000 |
| ആഭരണ നിർമ്മാണം | 25000 | 5000 | 0 | 30000 |
| ഫോട്ടോസ്റ്റാറ്റ് കട | 25000 | 25000 | 100000 | 150000 |
| കറിപൗഡർ യൂണിറ്റ് | 25000 | 5000 | 20000 | 50000 |
| കുട നിർമ്മാണ യൂണിറ്റ് | 25000 | 10000 | 65000 | 100000 |
| സോപ്പ്, വാഷിംഗ് പൗഡർ നിർമ്മാണം | 25000 | 5000 | 20000 | 50000 |
| അച്ചാർ യൂണിറ്റ് | 25000 | 10000 | 25000 | 60000 |
| ബേക്കറി യൂണിറ്റ് | 25000 | 25000 | 50000 | 100000 |

| പരിശീലനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | നീർത്തടത്തിന്റെ പേര് | അടിസ്ഥാന അവ ബോധ പരിശീലനം (BOT) | | സംരഭകത്വ പരിശീ ലനം (EDP) | | വൈദ്യഗ്ധ്യ പരിശീ ലനം (Skill Development Training) | | ആകെ | | പരിശീല നത്തി നായി തെര ഞ്ഞെടു ക്കുന്ന സ്ഥാപ നങ്ങൾ |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| 1 | വലിയതോട് | 1 | 17800 | 1 | 22000 | 1 | 22000 | 3 | 61800 | Veternary dept.,KVK, Agri.University, IRTC, Industrial dept. |
| 2 | പെരുമ്പടവം | 2 | 35600 | 2 | 44000 | 2 | 44000 | 6 | 123600 | |
| 3 | ഇലഞ്ഞി | 3 | 53400 | 2 | 44000 | 2 | 44000 | 7 | 141400 | |
| 4 | മുളക്കുളം | 1 | 17800 | 1 | 22000 | 1 | 22000 | 3 | 61800 | |
| 5 | മുളക്കുളം വടക്കേക്കര | 8 | 142400 | 3 | 66000 | 5 | 110000 | 16 | 318400 | |
| 6 | പിറവം | 10 | 178000 | 4 | 88000 | 8 | 176000 | 22 | 442000 | |
| 7 | ഓണക്കൂർ | 9 | 160200 | 3 | 66000 | 7 | 154000 | 19 | 380200 | |
| ആകെ | | 34 | 605200 | 16 | 352000 | 26 | 572000 | 76 | 1529200 | |

## പ്രവർത്തന കലണ്ടർ

| 2015-16 -ൽ (ഒന്നാം ഘട്ടം) | | | | |
|---|---|---|---|---|
| ക്രമ നം. | April | May | June | July |
| | അപേക്ഷ സ്വീകരിക്കൽ | WDS, WC ബ്ലോക്ക് ലെവൽ സമിതി പരിശോധന, അംഗീകാരം | പരിശീലനം | വിതരണം |
| 1 | വലിയതോട് നീർത്തടം 6 യൂണിറ്റുകൾക്ക്(ആടുവളർത്തൽ, കോഴി വളർത്തൽ) | അംഗീകാരം നേടണം | ആടുവളർത്തൽ | 6 യൂണിറ്റുകൾക്ക് |
| 2 | പെരുമ്പടവം നീർത്തടം 7 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,പാട്ട കൃഷി, ക്യാറ്ററിംഗ് സർവ്വീസ്,ഫോട്ടോസ്റ്റാറ്റ് കട,തയ്യൽ യൂണീറ്റ്) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ | 7 യൂണിറ്റുകൾക്ക് |
| 3 | ഇലഞ്ഞി നീർത്തടം 8 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,സോപ്പ് യൂണീറ്റ്,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,അച്ചാർ യൂണീറ്റ്,ആഭരണ നിർമ്മാണം) | അംഗീകാരം നേടണം | ആടുവളർത്തൽ, സോപ്പ് നിർമ്മാണം, തയ്യൽ ,ആഭരണ നിർമ്മാണം | 8 യൂണിറ്റുകൾക്ക് |

| | | | | |
|---|---|---|---|---|
| 4 | മുളക്കുളം നീർത്തടം 6 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,കൂൺ കൃഷി,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി ) | അംഗീകാരം നേടണം | ആടുവളർ ത്തൽ, തയ്യൽ , കൂൺ കൃഷി | 6 യൂണിറ്റുകൾക്ക് |
| 5 | മുളക്കുളം വടക്കേക്കര നീർത്തടം 22 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി ) | അംഗീകാരം നേടണം | ആടുവളർ ത്തൽ, തയ്യൽ | 22 യൂണിറ്റുകൾക്ക് |
| 6 | പിറവം നീർത്തടം 28 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,കൂൺ കൃഷി,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി,തേനീച്ച വളർത്തൽ ) | അംഗീകാരം നേടണം | ആടുവളർ ത്തൽ, തയ്യൽ , കൂൺ കൃഷി, തേനീച്ച വളർത്തൽ | 28 യൂണിറ്റുകൾക്ക് |
| 7 | ഓണക്കൂർ നീർത്തടം 23 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി ) | അംഗീകാരം നേടണം | ആടുവളർ ത്തൽ, തയ്യൽ | 23 യൂണിറ്റുകൾക്ക് |

| 2015-16 -ൽ (രണ്ടാം ഘട്ടം) | | | | |
|---|---|---|---|---|
| ക്രമ നം. | അൗഴൗലെ | September | October | November |
| | അപേക്ഷ സ്വീകരിക്കൽ | WDS, WC ബ്ലോക്ക് ലെവൽ സമിതി പരിശോധന, അംഗീകാരം | പരിശീലനം | വിതരണം |
| 1 | വലിയതോട് നീർത്തടം 2 യൂണിറ്റുകൾക്ക്(വാഴ കൃഷി,പൈനാപ്പിൾ കൃഷി) | അംഗീകാരം നേടണം | | 2 യൂണിറ്റുക ൾക്ക് |
| 2 | പെരുമ്പടവം നീർത്തടം 7 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,പൈനാപ്പിൾ കൃഷി) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ | 7 യൂണിറ്റുക ൾക്ക് |
| 3 | ഇലഞ്ഞി നീർത്തടം 10 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,ബേക്കറി യൂണീറ്റ്,ക്യാറ്ററിംഗ് സർവ്വീസ്,തേനീച്ച വളർത്തൽ,കൂൺ കൃഷി) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ , തേനീച്ച വളർത്തൽ,കൂ ൺ കൃഷി | 10 യൂണിറ്റുക ൾക്ക് |
| 4 | മുളക്കുളം നീർത്തടം 1 യൂണിറ്റുകൾക്ക്(പാട്ട കൃഷി ) | അംഗീകാരം നേടണം | | 1 യൂണിറ്റ് |
| 5 | മുളക്കുളം വടക്കേക്കര നീർത്തടം 20 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി,ക്യാറ്ററിംഗ് സർവ്വീസ് ) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ | 20 യൂണിറ്റുക ൾക്ക് |
| 6 | പിറവം നീർത്തടം 32 യൂണിറ്റുകൾക്ക്(ആടുവളർത്തൽ,കോഴി വളർത്തൽ,കൂൺ കൃഷി,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി,തേനീച്ച വളർത്തൽ ,കുട നിർമ്മാണ യൂണീറ്റ്,കറി പൗഡർ യൂണീറ്റ്) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ , കൂൺ കൃഷി, തേനീച്ച വളർത്തൽ,കുട നിർമ്മാണ യൂണീറ്റ് | 32 യൂണിറ്റുക ൾക്ക് |
| 7 | ഓണക്കൂർ നീർത്തടം 26 യൂണിറ്റുകൾക്ക് (ആടുവളർത്തൽ,കോഴി വളർത്തൽ,പാട്ട കൃഷി, തയ്യൽ യൂണീറ്റ്,വാഴ കൃഷി,ക്യാറ്ററിംഗ് സർവ്വീസ് ) | അംഗീകാരം നേടണം | ആടുവളർത്തൽ, തയ്യൽ | 26 യൂണിറ്റുക ൾക്ക് |

പട്ടിക നം: .37. *പദ്ധതി പ്രദേശത്തെ ജീവസന്ധാരണ പ്രവർത്തനത്തിന് വേണ്ടി അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം. | നീർത്തടത്തിന്റെ കോഡ് | സ്ഥലം (ഹെ) | നീർത്തടത്തിന്റെ പേര് | ജീവസന്ധാരണം 9% |
|---|---|---|---|---|
| 1 | 13M59j | 1066.6 | ഓണക്കൂർ | 1440180 |
| 2 | 13M60a | 1490.31 | പിറവം | 1861110 |
| 3 | 13M60b | 884.22 | മുളക്കുളം - വടക്കേക്കര | 1193494.5 |
| 4 | 13M60c | 404 | ഇലഞ്ഞി | 545400 |
| 5 | 13M60e | 364.67 | പെരുമ്പടവം | 492304.5 |
| 6 | 13M60f | 187.79 | മുളക്കുളം | 231592.5 |
| 7 | 13M64c | 158.31 | വലിയതോട് | 213718.5 |
| **ആകെ** | | | | **5977800** |

## ഭാഗം: 2

# മുളക്കുളം  വടക്കേക്കര നീർത്തടം (884.22 ഹെക്ടർ)

## നീർത്തട കോഡ് : 13M60b

**സ്ഥാനവും വ്യാപ്തിയും**

എറണാകുളം ജില്ലയുടെ തെക്കു കിഴക്ക് ഭാഗത്തായി മൂവ്വാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട ബ്ലോക്കു പഞ്ചായത്തിൽ ഇലഞ്ഞി, പിറവം വില്ലേജുകളിലായി വടക്ക് 9° 50'30" മുതൽ 9° 52'02" വരെ അക്ഷാംശത്തിലും കിഴക്ക് 76°30'19" മുതൽ 76°33'31" വരെ രേഖാംശത്തിലും സ്ഥിതി ചെയ്യുന്ന നീർത്തടമാണ് മുളക്കുളം  വടക്കേക്കര നീർത്തടം. ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ 3ാം വാർഡ് നാമ മാത്രമായും 1-ാം വാർഡിന്റെ 20% ഉം 2-ാം വാർഡിന്റെ 80% ഉം 13-ാം വാർഡിന്റെ 80% ഭാഗങ്ങളും പിറവം പഞ്ചായത്തിലെ 12-ാം വാർഡിന്റെ 20% ഉം 10-ാം വാർഡിന്റെ 10% ഉം 11-ാം വാർഡ് പൂർണ്ണമായും ഉൾപ്പെടുന്ന പ്രദേശമാണ് ഈ നീർത്തടത്തിൽ ഉൾപെടുന്നത്. നീർത്തടത്തിന്റെ ആകെ വിസ്തീർണ്ണം 884.22 ഹെക്ടർ ആണ്.

നീർത്തടത്തിന്റെ വടക്ക് ഭാഗം കണ്ണേറ്റുമല റോഡിലൂടെ ഇലഞ്ഞി കൂത്തട്ടുകുളം റോഡിലെ വല്യകരോട്ട് കുന്ന് ജംഗ്ഷനിൽ എത്തി കരമന ലക്ഷം വീട് കോളനി ഉൾപ്പെടുത്തി ഏരപ്പാം കുഴി അന്ത്യാൽ റോഡ് ഭാഗിച്ച് വടക്കോട്ട് തിരിഞ്ഞ് കുളങ്ങരപ്പടി റോഡ് മുറിച്ച് കടന്ന് ഇലഞ്ഞി 1-ാം വാർഡിലെ അഞ്ചേരിമല വഴി ഇലഞ്ഞി പഞ്ചായത്ത് അതിർത്തിയിൽ മുട്ടുന്നു. നീർത്തടത്തിന്റെ കിഴക്ക് ഭാഗം നെല്ലൂർ പാറയും, തെക്ക് ഭാഗം ഇലഞ്ഞി പഞ്ചായത്തിന്റെ 13-ാം വാർഡിലെ കുമാരപുരം അൽട്ടിച്ചർ റോഡ് വഴി പള്ളത്ത് വഴി കഴിഞ്ഞ് കിഴക്കോട്ട് മാറി മണ്ണാറക്കുന്ന് റോഡ് മുറിച്ച് കടന്ന് പേമലകുന്നിൽ നിന്ന് മില്ലുംപടി അലാട്ടു കണ്ടം റോഡ് വഴി പൈങ്കുറ്റി ചേലയ്കൽ റോഡ് മുറിച്ച് കടന്ന് കിഴക്കോട്ട് മാറി കുര്യത്തടം പ്രദേശങ്ങൾ ഉൾപ്പെടുത്തി കൂരുമല റോഡ് മുറിച്ച് കടന്ന് അവിടെ നിന്നും കിഴക്കോട്ട് മാറി കൂളത്തുംകൽ ഭാഗം ഉൾപ്പെടുത്തി ശംബല കാട് വഴി നെല്ലൂർ പാറ ചേലക്കൽ റോഡിൽ എത്തുന്നു. നീർത്തടത്തിന്റെ പടിഞ്ഞാറ് ഭാഗം പിറവം പഞ്ചായത്തിന്റെ 12-ാംവാർഡിന്റെ പെരുങ്ങാമലയിൽ ഭാഗം ഉൾപ്പെടുത്തി കല്ലുവെട്ടമല ജംഗ്ഷൻ വഴി വടക്കോട്ട് തിരുവീശാം കുളം ക്ഷേത്രം ഉൾപ്പെടുത്തി പിറവം ഇലഞ്ഞി റോഡ് മുറിച്ച് കടന്ന് കണ്ണേറ്റുമല ഭാഗത്തുകൂടി കടന്നു പോകുന്നു.

***ഭൂപ്രകൃതി ശാസ്ത്രം***

ഭൂമിശാസ്ത്രപരമായി ഉയർന്ന കുന്നിൻ പ്രദേശങ്ങൾ, ഇടത്തരം ചരിവോട് കൂടിയ പ്രദേശങ്ങൾ, സമതല പ്രദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് നീർത്തട പ്രദേശം. ചെരിവിന്റെ തരങ്ങളെക്കുറിച്ച് കൂടുതലായി ചുവടെ നല്കുന്നു.

***പട്ടിക നം: .38. നീർത്തടത്തിലെ ചെരിവിന്റെ തരത്തെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ.നം. | ചെരിവിന്റെ തരം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം (%) |
|---|---|---|---|
| 1 | താഴ്‌വര പ്രദേശം | 115.16 | 13.02 |
| 2 | നേരിയ ചെരിവ് | 339.43 | 38.39 |
| 3 | ഇടത്തരം ചെരിവ് | 136.75 | 15.47 |
| 4 | കുത്തനെയുള്ള ചെരിവ് | 172.94 | 19.56 |
| 5 | വളരെ കുത്തനെയുള്ള ചെരിവ് | 30.8 | 3.48 |
| 6 | കുന്നിൻ മുകൾ പ്രദേശം | 20.64 | 2.33 |
| 7 | നീർമറി പ്രദേശം | 68.5 | 7.75 |
| ആകെ | | 884.22 | 100 |

ഭൂമി ശാസ്ത്രപരമായി മധ്യഇടനാട് മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ നീർത്തടത്തിന്റെ 33.12 ശതമാനവും ചെരുവുകളോടുകൂടിയ പ്രദേശവും 15.47 ശതമാനം ഇടത്തരം ചെരുവോടുകൂടിയ പ്രദേശവും 51.41 ശതമാനം നേരിയ ചെരിവുകളോടുകൂടിയ താഴ്‌വര പ്രദേശവുമാകുന്നു.

**ഉയരവ്യത്യാസങ്ങളും തോടുകളും**

ഈ നീർത്തടത്തിലെ ഉയർന്ന പ്രദേശം കണ്ണേറ്റുമലയും മദ്ധ്യ പ്രദേശം ഇല്ലിക്കമുക്കടയും താഴ്ന്ന പ്രദേശം കാളികുളവുമാകുന്നു. ഈ നീർത്തട സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്.

***പട്ടിക നം: .39. നീർത്തടത്തിലെ ഉയര വ്യത്യാസങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ. നം. | ഉയരവ്യത്യാസങ്ങൾ (മീറ്ററിൽ) | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം (%) |
|---|---|---|---|
| 1 | 20 | 446.14 | 50.46 |
| 2 | 40 | 128.8 | 14.57 |
| 3 | 60 | 105.44 | 11.92 |
| 4 | 80 | 85.96 | 9.72 |
| 5 | 100 | 68.04 | 7.69 |
| 6 | 120 | 22.66 | 2.56 |
| 7 | 140 | 13.31 | 1.51 |
| 8 | 160 | 8.2 | 0.93 |
| 9 | 180 | 4 | 0.45 |
| 10 | 200 | 1.67 | 0.19 |
| ആകെ | | 884.22 | 100 |

ഈ നീർത്തടത്തിലെ പ്രധാന തോടുകളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ നല്കുന്നു.

***പട്ടിക നം: .40. നീർത്തടത്തിലെ പ്രധാന തോടുകളെ സംബന്ധിച്ച വിവരങ്ങൾ***

| നീർത്തടത്തിലെ പ്രധാന തോടുകളുടെ പേര് | ഒഴുകുന്ന പ്രദേശം | നീരൊഴുക്കുള്ള കാലയളവ് (മാസത്തിൽ) | പ്രധാന പ്രശ്നങ്ങൾ |
|---|---|---|---|
| പൈങ്കുറ്റി-കോതങ്കേരി | പൈങ്കുറ്റി | 11 | അരിക് ഇടിച്ചിൽ, മാലിന്യം നിക്ഷേപിക്കൽ |
| കാളികുളം -ഇടിയറ | കാളികുളം | 8 | അരിക് ഇടിച്ചിൽ |
| കാളികുളം - പട്ടിത്താഴം തോട് | കാളികുളം | 10 | അരിക് ഇടിച്ചിൽ |
| തിരുവീശാംകുളം- പെരിങ്ങാച്ചിറ | തിരയുവീശാംകുളം | 6 | അരിക് ഇടിച്ചിൽ |
| കൂര്-പൈങ്കുറ്റി തോട് | കൂര് | 6 | അരിക് ഇടിച്ചിൽ |
| പന്നിയിരി-കോതങ്ങേരി തോട് | പന്നിയിടി | 11 | അരിക് ഇടിച്ചിൽ |

**നീർത്തടത്തിന്റെ സ്വഭാവം.**

ഈ നീർത്തടത്തിലെ പ്രധാന തോട് മുളക്കുളം തോടാണ്. ഇതിന് 1.75 കിലോ മീറ്റർ നീളമുണ്ട്. ഈ നീർത്തടത്തിന്റെ ശരാശരി ചരിവ് 315% ൽ ഉൾക്കൊള്ളുന്നു. ഈ നീർത്തടത്തിന്റെ ചുറ്റളവ് 17.34 കിലോ മീറ്റർ ആണ്.

## ജലവിതരണവും ജലസേചന സൗകര്യങ്ങളും

നീർത്തടത്തിലെ പ്രധാന ജലസ്രോതസ്സ് പൈകുറ്റിത്തോടാണ്. കൂടാതെ നിരവധി ചെറുചാലുകൾ, കുളങ്ങൾ, കിണറുകൾ, പ്രകൃതി ദത്ത നീരുറവകൾ എന്നിവയും ജല ലഭ്യതയിൽ പ്രധാന പങ്കുവഹിക്കുന്നു. കുടിവെള്ളത്തിനായി പ്രധാനമായും പൊതുജലവിതരണ സമ്പ്രദായത്തേയും, കിണറുകളേയും, കുളങ്ങളേയും ആശ്രയിക്കുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണ് നിലവിലുള്ളത് എങ്കിലും ചിലർ കുളങ്ങളെയും കിണറുകളെയും ആശ്രയിക്കുന്നുണ്ട്. നീർത്തടത്തിലെ ഉയർന്ന പ്രദേശത്ത് വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. എം.വി.ഐ.പി. കനാൽ പൂർത്തീകരിക്കാത്തതും പൊതു കുളങ്ങൾ നവീകരിക്കാത്തതും ഈ പ്രദേശത്ത് ജല ലഭ്യത നന്നേ കുറച്ചിരിക്കുന്നു.

## കൃഷിയും ഭൂവിനിയോഗം

നീർത്തട പ്രദേശത്തെ പ്രധാനകൃഷി റബ്ബർ ആണ്. കൂടാതെ നെല്ല്, വാഴ, കപ്പ എന്നിവയും കൃഷിചെയ്യുന്നു. ഇടവിളയായി പൈനാപ്പിൾ, ജാതി, കവുങ്ങ്, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്ത് വരുന്നു. പാടങ്ങൾ നികത്തിയും ഭക്ഷ്യ വിളകളെ അവഗണിച്ചുമുള്ള കൃഷി രീതിയാണ് നിലവിലുള്ളത്. റബ്ബറിന് ഉണ്ടായ വില തകർച്ച ഈ പ്രദേശത്തെ കാർഷിക സമ്പത്ത് വ്യവസ്തയിൽ ചലനം സൃഷ്ടിച്ചു. ഉയർന്ന പ്രദേശങ്ങളിൽ കുറേയേറെ പ്രദേശം തരിശ്ശ് ഭൂമിയായി നില കൊള്ളുന്നു. പദ്ധതി പ്രദേശത്തെ നിലവിലുള്ള ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ നല്കിയിരിക്കുന്നു.

*പട്ടിക. 41 : പദ്ധതി പ്രദേശത്തെ നിലവിലുള്ള ഭൂവിനിയോഗം*

| ക്രമ. നം. | വിസ്തൃതി (ഹെക്ടറിൽ) | ഭൂവിനിയോഗം |
|---|---|---|
| 1 | നെല്ല് | 76.54 |
| 2 | വയൽ നികത്തി തെങ്ങ് കൃഷി | 6.83 |
| 3 | വയൽ നികത്തി മിശ്രിത കൃഷി | 14.01 |
| 4 | വയൽ നികത്തി റബ്ബർ | 2.91 |
| 5 | തരിശ് വയൽ | 2.36 |
| 6 | വാഴ കൃഷി | 3.13 |
| 7 | നിർമ്മിതി പ്രദ്ദേശം | 10.27 |
| 8 | തെങ്ങ് | 25.08 |
| 9 | കൃഷിക്ക് ഉപയുക്തമായ തരിശ്ശ് ഭൂമി | 12 |
| 10 | മിശ്രിത വിളകൾ | 515.26 |
| 11 | റബ്ബർ | 184.38 |
| 12 | കുളങ്ങൾ | 0.11 |
| 13 | ക്വാറി പ്രദ്ദേശം | 17.08 |
| 14 | പച്ചക്കറി കൃഷി | 0.71 |
| 15 | തരിശ്ശ് ഭൂമി | 15.91 |
| ആകെ | | 886.58 |

**നിലവിലുള്ള കൃഷി സമ്പ്രദായം**

തൊഴിലാളി ക്ഷാമവും മണ്ണിന്റെ ഘടനയിൽ ഉണ്ടായ മാറ്റവും കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവും പരിപാലന ത്തിലെ ശ്രദ്ധക്കുറവും കാരണം കാർഷിക ഉൽപ്പാദനം വളരെയധികം കുറഞ്ഞിരിക്കുന്നു. പ്രധാന കൃഷിയായ റബ്ബ റിനെ ഉൽപ്പാദനം കാര്യമായി ബാധിച്ചിട്ടില്ല എങ്കിലും മറ്റ് എല്ലാ വിളകളുടേയും ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട്. കന്നു കാലി വളർത്തലിൽ നിന്നും കർഷകർ പിൻതിരിഞ്ഞതൊടെ ജൈവവള ലഭ്യത കുറയുകയും രാസവള ഉപയോഗം കൂടുതലാകുകയും ഇത് മണ്ണിന്റെ ജൈവഘടന നഷ്ടപ്പെടുത്തുകയും ഉൽപ്പാദനത്തെ ബാധിക്കുകയും ഉൽപ്പാദന ചെലവ് കൂടുകയും ചെയ്തു. അശാസ്ത്രീയമായ കൃഷി രീതികളും ഉൽപ്പാദനത്തെ ബാധിക്കുന്നു. നിലവിൽ റബ്ബ റിന്റെ വിലയിടിവിലുണ്ടായ കുറവ് കൃഷിമേഖലയെ തന്നെ പ്രതിസന്ധിയിലാക്കുന്നു.

***ഉല്പ്പദനവും ഉല്പ്പദനക്ഷമതയും***

ഈ നീർത്തടത്തിൽ പ്രധാനമായും റബ്ബർ ആണ് ഉല്പ്പാദിപ്പിക്കുന്നത്. ഈ നീർത്തടത്തിൽ നെല്ലിന്റെ ഉല്പ്പാദനം വലരെക്കുറവാണ്. നെല്ലിന്റെ ഉല്പ്പാദന ക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. റബ്ബറിന് ഒരു വർഷം ഒരു ഏക്കറിൽ നിന്നും ഏകദേശം 1200 കിലോ വരെ ഉത്പാലനം ലഭിക്കുന്നുണ്ട്.

ഈ നീർത്തടത്തിലെ ഉല്പ്പദനത്തെ സംബന്ധിച്ച വിവരങ്ങൾ തഴെ ചുവടെ ചേർക്കുന്നു.

***പട്ടിക. 42 : പദ്ധതി പ്രദേശത്തെ ഉല്പ്പദനത്തേയും ഉല്പ്പാദനക്ഷമതയേയും സംബന്ധിച്ച വിവരങ്ങൾ***

| ക്രമ നം. | വിളകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉല്പ്പാദനം ടൺ | ഉല്പ്പാദന ക്ഷമത |
|---|---|---|---|---|
| 1 | നെല്ല് 1-ാം വിള | 76.54 | 229.62 ടൺ | 382.5 ടൺ |
| 2 | വാഴ | 3.13 | 53.21 ടൺ | 62.6 ടൺ |
| 3 | തെങ്ങ് | 25.08 | 90.28 | 105.33 |
| 4 | മരച്ചീനി | 4.2 | 84 | 126 |
| 5 | പച്ചക്കറി | 5.4 | 64.8 | 97.2 |
| 6 | റബ്ബർ | 184.38 | 4609 | 5900 |

***മൃഗ പരിപാലനവും പാലുല്പ്പാദനവും***

പശു, ആട്, കോഴി മുതലായവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. കൂടാതെ പന്നി വളർത്തൽ ചെറിയ തോതിൽ വീടുകൾ തോറും നടത്തിവരുന്നുണ്ട്. ഈ നീർത്തടത്തിലെ കൂടുതൽ ആളുകളും ആശ്രയി ക്കുന്നത് മുത്തോലപുരം മൃഗാശുപത്രിയെയാണ്. കാലിവളർത്തലിന് അനുയോജ്യമായ സാഹചര്യമാണ് ഇവിടുള്ളത്. വ്യാപകമായി പുൽകൃഷി ഇല്ല എങ്കിലും സ്വന്തം ആവശ്യത്തിന് പുൽകൃഷി ചെയ്യുന്ന കർഷകരുണ്ട്. ഈ നീർത്തടത്തിൽ ശരാശരി 1500 .ലിറ്റർ പാൽ ഉല്പ്പദിപ്പിക്കുന്നുണ്ട്. ഇവയിൽ കുറച്ചു മാത്രമേ പാൽ സംഭരണകേന്ദ്രത്തിൽ എത്തുന്നുള്ളു. കൂടുതൽ പാലും കർഷകർ അടുത്തപ്രദേശങ്ങളിൽ വിപണനം നടത്തുന്നു. പശുവിന് സാധാരണയായി കണ്ടുവരുന്ന രോഗം അകിടുവീക്കം തന്നെയാണ്. ചില സാഹചര്യ ങ്ങളിൽ കുളമ്പ് രോഗവും, കുരളടപ്പൻ രോഗവും കണ്ട് വരുന്നു.കാലിത്തീറ്റയുടെ വില വർധന സാധാരണ ജനങ്ങളെ അലട്ടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്

. നീർത്തടത്തിലെ മൃഗസമ്പത്തിനെയുറിച്ചുള്ള വിവരങ്ങൾ

*പട്ടിക. 43 : പദ്ധതി പ്രദേശത്തെ മൃഗ സമ്പത്തിനെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ.നം | വിഭാഗം | പദ്ധതി പ്രദ്ദേശത്തെ ആകെ മൃഗങ്ങളുടെ എണ്ണം | പാൽ ലഭ്യത ലിറ്റർ/വർഷം | പാൽ സംഭരണ കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | പശു | 240 | 91229 | illikkamukkada, vaayanasaaala, erappamkuzhy |
| 2 | എരുമ/പോത്ത് | 21 | | |
| 3 | ആട് | 470 | | |
| 4 | കോഴി/താറാവ്/മറ്റ് വളർത്തുപക്ഷികൾ | 1069 | ചത്ത | |
| 5 | പന്നി | 17 | | |

**2.15.6. പദ്ധതി പ്രദേശത്തെ നിലവിലുള്ള പ്രശ്നങ്ങൾ**

**2.15.6.1.വിള ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

***പ്രശ്നങ്ങൾ***

- തൊഴിലാളി ക്ഷാമം/വർദ്ധിച്ച കൂലിചെലവ്
- അശാസ്ത്രീയ കൃഷിരീതികൾ
- ഏകവിള കൃഷി സമ്പ്രദായം
- കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്
- വിപണന/സംഭരണ സൗകര്യക്കുറവ്
- ജൈവവള ലഭ്യതക്കുറവ്
- ഉള്ളിലുള്ള പാടശേഖരങ്ങളിലേയ്ക്ക് കാർഷിക മിഷനറികൾ എത്തിയ്ക്കുന്നതിനുള്ള പ്രയാസം.
- അമിത രാസവള/കീടനാശിനി പ്രയോഗം
- ജലസേചന സൗകര്യക്കുറവ്
- നെൽവയലുകൾ തരിശിടുന്നത്
- യന്ത്രവൽക്കരണത്തിന്റെ അഭാവം
- വിവിധതരം കൃഷിയെ ബാധിക്കുന്ന രോഗകീടബാധകൾ
- പരമ്പരാഗത തൊഴിലിൽ നിന്നുള്ള പിൻമാറ്റം
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാകുന്നില്ല.

***നിർദ്ദേശങ്ങൾ***

- ശാസ്ത്രീയ പരിശീലനം നൽകി തൊഴിൽസേന രൂപീകരിക്കുക
- ശാസ്ത്രീയകൃഷി രീതികൾ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടികളും മാതൃകാതോട്ടങ്ങളും നിർമ്മിക്കുക.
- ഇടവിള കൃഷികൾ വ്യാപനം ഉറപ്പുവരുത്തുക
- നീർത്തട സമിതിയുടെ നേതൃത്വത്തിൽ കർഷക കൂട്ടായ്മ രൂപീകരിച്ച് വിഎഫ്പിസി.കെ.എ യുടെ മാർക്കറ്റ്/സംഭരണ ശാഖകൾ ആരംഭിക്കുക. ഇതിനാവശ്യമായ പരിശീലന പരിപാടികൾ ഒരുക്കുക.
- പ്രാദേശികമായി ജൈവവളത്തെപ്പറ്റി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരമാവധി ജൈവ അവശിഷ്ടങ്ങളെ വളമാക്കി ഉപയോഗിക്കുക, കൂടാതെ മൃഗസംരക്ഷണമേഖല പ്രോത്സാഹിപ്പിക്കുക ജൈവവള ലഭ്യത ഉറപ്പാക്കുകയും ചെയ്യുക.
- അമിത രാസവള/കീടനാശിനി ഉപയോഗം മണ്ണിന്റെ ഘടനയിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയും മണ്ണ് പരിശോധന നടത്തി ആവശ്യമായ അളവിൽ വളപ്രയോഗ പ്രവർത്തനങ്ങൾ നടത്തുവാൻ കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക.
- പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ജലസേചന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക, അവയോടൊപ്പം ആധുനിക ജലസേചന രീതികളെപ്പറ്റി കർഷകർക്ക് അറിവ് പകർന്ന് നൽകുക.
- നീർത്തട സമിതിയുടെ നേതൃത്വത്തിൽ തരിശ് നിലങ്ങൾ പൂർണ്ണമായും കൂട്ടുത്തരവാദിത്വ സംഘങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുക.

- ലഘുയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെപ്പറ്റി കർഷക തൊഴിൽസേന, കർഷകർ എന്നിവർക്ക് പരിശീലനം നൽകുക. അതൊടൊപ്പം മറ്റ് ഗവൺമെന്റ് പദ്ധതികളുമായി ചേർന്ന് ബോധൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- തെങ്ങിന്റെ രോഗബാധയ്ക്കായി തെങ്ങിന്റെ മണ്ടവൃത്തിയാക്കൽ, ജൈവ കീടനാശിനികൾ, മിത്രകീടങ്ങൾ എന്നിവയ്ക്ക് പരിശീലനം സംഘടിപ്പിക്കുക.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനവും ടഒഏ/ഖഘഏ ആവശ്യമായ സാമ്പത്തിക സഹായവും നൽകുക.

2.15.6.2.**മണ്ണ്-ജല സംരക്ഷണം**

- മണ്ണൊലിപ്പ്
- അമിത രാസവളവും കീടനാശിനി പ്രയോഗവും മൂലം മണ്ണിന്റെ ഘടനയിലും വെള്ളത്തിന്റെ ഗുണമേന്മയിലും വന്ന മാറ്റങ്ങൾ
- ഭൂപ്രകൃതിക്ക് അനുസരിച്ചല്ലാത്ത കൃഷിരീതികൾ
- അശാസ്ത്രീയമായ കുന്നിടിക്കൽ, പാറഖനനം, വയൽ നികത്തൽ
- അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ
- പരമ്പരാഗത ജലസ്രോതസ്സുകൾ മലിനമാകുന്നതും സംരക്ഷിക്കാത്തതുമായ അവസ്ഥ
- തോടുകളുടേയും പുഴയുടേയും വശഭിത്തി ഇടിയുന്നത്.
- നെൽവയലുകൾ തരിശിടുന്നത്/ചതുപ്പ് രൂപപ്പെടുന്നത്

**നിർദ്ദേശങ്ങൾ**

- ചരിവിനനുസരിച്ച്, മണ്ണ്കയ്യാല, കല്ലുകയ്യാല, മഴക്കുഴി എന്നിവയുടെ നിർമ്മാണം.
- ജൈവവളപ്രയോഗം വർദ്ധിപ്പിക്കുക., കീടനാശിനി ഉപയോഗം നിയന്ത്രിക്കുക
- മണ്ണിന്റെ ഘടനയും വെള്ളത്തിന്റെ ഗുണമേന്മയും തിരിച്ചുകൊണ്ടുവരിക.
- ഭൂപ്രകൃതിക്ക് അനുസരിച്ച് ശാസ്ത്രീയ കൃഷിരീതികൾ വ്യാപിപ്പിക്കുക.
- അശാസ്ത്രീയമായ കുന്നിടിക്കൽ, പാറഖനനം എന്നിവ നിരോധിക്കുകയും അതിന്റെ ദോഷവശങ്ങളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- നെൽകൃഷി പ്രോത്സാഹിപ്പിക്കുകയും, വയൽ തരിശിടുന്നതും നികത്തുന്നതും തടയുകയും ചെയ്യുക.
- പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീരുറവകൾ എന്നിവ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കുകയും, തോടുകളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കാതെ സംരക്ഷിക്കുകയും ചെയ്യുക. അതൊടൊപ്പം ഉറവിട മാലിന്യ സംസ്കരണത്തിനായി പരിശീലനം സംഘടിപ്പിക്കുകയും ചെയ്യുക.
- തോടുകളുടേയും പുഴയുടേയും തീരങ്ങൾ ഇടിയുന്ന സ്ഥലങ്ങളിൽ ഈറ, മുള, കൈത, രാമച്ചം മുതലായവ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുക.

2.15.6.3.**മൃഗസരംക്ഷണം**

- കാലിതീറ്റയുടെ വിലവർദ്ധനവും പ്രാദേശിക കാലിതീറ്റ ലഭ്യതയിലുള്ളകുറവും
- ഉൽപ്പാദന ചെലവിന് അനുസരണമായ വില ലഭ്യമാകുന്നില്ല.
- പകർച്ചവ്യാധികളുടെ വ്യാപനം
- ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച തൊഴുത്തുകളുടെ അഭാവം
- അശാസ്ത്രീയ പരിപാലന രീതി
- ആവശ്യമായ തീറ്റലഭ്യതയിലുള്ള അഭാവം

**പരിഹാര നിർദ്ദേശങ്ങൾ**

- പ്രാദേശിക തലത്തിൽ കാലിത്തീറ്റ നിർമ്മാണം. തീറ്റപ്പുൽകൃഷി വ്യാപനം എന്നിവയിലൂടെ കാലിത്തീറ്റ കണ്ടെത്തുക.
- സ്വയംസഹായ സംഘങ്ങൾ, കുട്ടുത്തരവാദിത്ത സ്ഥലങ്ങൾ എന്നിവയിലൂടെ പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

- ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുകൾ നിർമ്മിച്ചും പരിപാലനത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകിയും ഒരു പരിധിവരെ പകർച്ചവ്യാധികൾ തടയുവാൻ സാധിക്കും.
- പ്രാദേശികമായി തീറ്റക്കാവശ്യമായ ചെടികൾ വെച്ചുപിടിപ്പിക്കുക.
- മുട്ടക്കോഴി, കാട വളർത്തൽ പ്രോത്സാഹിപ്പിക്കുക.

2.15.6.4. **സാമൂഹിക പ്രശ്നങ്ങൾ**

- പ്ലാസ്റ്റിക് മാലിന്യങ്ങളും ഗാർഹിക മാലിന്യങ്ങളും കംബോള മാലിന്യങ്ങളും തോടുകളിലും കനാലുകളിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നു.
- കളിമണ്ണ് ഖനനം, ചെകല്ല് ഖനനം, തുടങ്ങിയവ പ്രകൃതിയുടെ സംതുലിതാവസ്തയെ ബാധിക്കുന്നുണ്ട്.

**പരിഹാര നിർദേശങ്ങൾ**

- ബയോഗ്യാസ് പോലുള്ള ഗാർഹിക മാലിന്യ സംസ്കരണ പ്ലാന്റുകൾ പഞ്ചായത്ത് തലത്തിൽ തന്നെ സ്ഥാപിക്കുവാൻ പ്രോൽസാഹിപ്പിക്കുക.

**നീർത്തടത്തിലെ പദ്ധതി തുകയുടെ വിതരണത്തെ സംബന്ധിച്ച വിവരങ്ങൾ**

*പട്ടിക. 44 : നീർത്തടത്തിലെ പദ്ധതി തുകയുടെ വിതരണത്തെ സംബന്ധിച്ച വിവരങ്ങൾ*

| മുളക്കുളം-വടക്കേക്കര നീർത്തടം | | | |
|---|---|---|---|
| ക്രമ നം. | ഇനം | ശതമാനം | തുക |
| 1 | അഡ്മിനിസ്ട്രേഷൻ | 10% | 1326105 |
| 2 | വിലയിരുത്തൽ | 1% | 132610.5 |
| 3 | വിശകലനം | 1% | 132610.5 |
| 4 | എൻട്രി പോയിന്റ് പ്രവർത്തനം | 4% | 530442 |
| 5 | പരിശീലനം | 5% | 663052.5 |
| 6 | ഡി. പി.ആർ. | 1% | 132610.5 |
| 7 | പ്രകൃതി വിഭവ പരിപാലനം | 56% | 7426188 |
| 8 | ജീവസന്ധാരണം | 9% | 1193494.5 |
| 9 | ഉല്പ്പാദന വ്യവസ്ഥയും ചെറുകിട സംരഭവും | 10% | 1326105 |
| 10 | അന്തിമ പ്രവർത്തനം | 3% | 397831.5 |
| ആകെ തുക | | 100% | 13261050 |

**മുളക്കുളം-വടക്കേക്കര നീർത്തടത്തിലെ പ്രകൃതി വിഭവ സംരക്ഷണ പ്രവർത്തനങ്ങൾ**

*പട്ടിക. 45 : നീർത്തടത്തിലെ പ്രകൃതി വിഭവ പരിപാലനത്തെ സംബന്ധിച്ച വിവരങ്ങൾ*

| ഭാഗം: 1 : പ്രകൃതി വിഭവ സംരക്ഷണവും നിർവ്വഹണവും: 1-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ല്യുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | മൺ വരമ്പ് | RM | 2311 | 82.94 | 0 | 191674 | 0 | 191674 |
| 2 | കല്ല് കയ്യാല | m2 | 15723 | 256.25 | 1539238 | 2318627 | 171026 | 4028891 |
| 3 | കല്ല് കയ്യാല ഉയരം വയ്ക്കൽ | RM | 2155 | 76.88 | 0 | 165638 | 0 | 165638 |
| 4 | മഴക്കുഴി | Nos. | 3158 | 79.62 | 0 | 251400 | 0 | 251400 |
| 5 | കിണർ റീച്ചാർജ് | Nos. | 13 | 16000 | 187200 | 0 | 20800 | 208000 |
| 6 | തെങ്ങ് തടം തുറക്കൽ | Nos. | 1467 | 195.36 | 0 | 286642 | 0 | 286642 |
| 7 | പടുതാക്കുളം | Nos. | 0 | 7500 | 0 | 0 | 0 | 0 |
| 8 | ഡബ്ല്യൂ ആ യുടെ അറ്റകുറ്റപ്പണി | Nos. | 0 | 0 | 0 | 0 | 0 | 0 |
| 9 | തോട് നവീകരണം | Nos. | 0 | | 0 | 0 | 0 | 0 |
| 10 | കുളം പുനരുദ്ധാരണം | Nos. | 3 | | 130500 | 0 | 14500 | 145000 |
| 11 | കിണർ നിർമ്മാണം | Nos. | 0 | | 0 | 0 | 0 | 0 |
| | **ആകെ** | | | | 1856938 | 3213981 | 206326 | 5277245 |

| ഭാഗം: 1 : പ്രകൃതി വിഭവ സംരക്ഷണവും നിർവ്വഹണവും: 2-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ലുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | മൺ വരമ്പ് | RM | 2773 | 82.94 | 0 | 230009 | 0 | 230009 |
| 2 | കല്ല് കയ്യാല | m2 | 18867 | 256.25 | 1527272 | 3137700 | 169697 | 4834669 |
| 3 | കല്ല് കയ്യാല ഉയരം വയ്ക്കൽ | RM | 2585 | 76.88 | 89444 | 99383 | 9938 | 198766 |
| 4 | മഴക്കുഴി | Nos. | 3789 | 79.62 | 0 | 301680 | 0 | 301680 |
| 5 | കിണർ റീച്ചാർജ് | Nos. | 12 | 16000 | 172800 | 0 | 19200 | 192000 |
| 6 | തെങ്ങ് തടം തുറക്കൽ | Nos. | 1761 | 195.36 | 0 | 343970 | 0 | 343970 |
| 7 | പടുതാക്കുളം | Nos. | 5 | 7500 | 33750 | 0 | 3750 | 37500 |
| 8 | ഡ്വഇത്ര യുടെ അറ്റകുറ്റപ്പണി | Nos. | 0 | 35000 | 0 | 0 | 0 | 0 |
| 9 | തോട് നവീകരണം | Nos. | 0 | 0 | 0 | 0 | 0 | 0 |
| 10 | കുളം പുനരുദ്ധാരണം | Nos. | 2 | 2 | 274500 | 0 | 30500 | 305000 |
| 11 | കിണർ നിർമ്മാണം | Nos. | 1 | | 130500 | 0 | 14500 | 145000 |
| | **ആകെ** | | | | **2228266** | **4112743** | **247585** | **6588594** |

| ഭാഗം: 1 : പ്രകൃതി വിഭവ സംരക്ഷണവും നിർവ്വഹണവും: 3-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ലുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | മൺ വരമ്പ് | RM | 2773 | 82.94 | 0 | 230009 | 0 | 230009 |
| 2 | കല്ല് കയ്യാല | m2 | 18867 | 256.25 | 248354 | 4558720 | 27595 | 4834669 |
| 3 | കല്ല് കയ്യാല ഉയരം വയ്ക്കൽ | RM | 2585 | 76.88 | 59630 | 132510 | 6626 | 198766 |
| 4 | മഴക്കുഴി | Nos. | 3789 | 79.62 | 0 | 301680 | 0 | 301680 |
| 5 | കിണർ റീച്ചാർജ് | Nos. | 0 | 16000 | 0 | 0 | 0 | 0 |
| 6 | തെങ്ങ് തടം തുറക്കൽ | Nos. | 1761 | 195.36 | 0 | 343970 | 0 | 343970 |
| 7 | പടുതാക്കുളം | Nos. | 0 | 7500 | 0 | 0 | 0 | 0 |
| 8 | ഡ്വഇത്ര യുടെ അറ്റകുറ്റപ്പണി | Nos. | 5 | 10000 | 45000 | 0 | 5000 | 50000 |
| 9 | തോട് നവീകരണം | Nos. | 0 | 0 | 0 | 0 | 0 | 0 |
| 10 | കുളം പുനരുദ്ധാരണം | Nos. | 1 | | 1872000 | 0 | 208000 | 2080000 |
| 11 | കിണർ നിർമ്മാണം | Nos. | 0 | 0 | 0 | 0 | 0 | 0 |
| | **ആകെ** | | | | **2224984** | **5566890** | **247220** | **8039094** |

| ഭാഗം: 1 : പ്രകൃതി വിഭവ സംരക്ഷണവും നിർവ്വഹണവും: 4-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ലുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | മൺ വരമ്പ് | RM | 1387 | 82.94 | 0 | 115005 | 0 | 115005 |
| 2 | കല്ല് കയ്യാല | m2 | 9434 | 256.25 | 0 | 2417334 | 0 | 2417334 |
| 3 | കല്ല് കയ്യാല ഉയരം വയ്ക്കൽ | RM | 1293 | 76.88 | 0 | 99383 | 0 | 99383 |
| 4 | മഴക്കുഴി | Nos. | 1895 | 79.62 | 0 | 150840 | 0 | 150840 |
| 5 | കിണർ റീച്ചാർജ്ജ് | Nos. | 0 | 16000 | 0 | 0 | 0 | 0 |
| 6 | തെങ്ങ് തടം തുറക്കൽ | Nos. | 880 | 195.36 | 0 | 171985 | 0 | 171985 |
| 7 | പടുതാക്കുളം | Nos. | 0 | 7500 | 0 | 0 | 0 | 0 |
| 8 | ഡബ്ല്യൂ യുടെ അറ്റകുറ്റപ്പണി | Nos. | 0 | | | 0 | 0 | 0 |
| 9 | തോട് നവീകരണം | Nos. | 1 | | 261000 | 0 | 29000 | 290000 |
| 10 | കുളം പുനരുദ്ധാരണം | Nos. | 1 | | 855000 | 0 | 95000 | 950000 |
| 11 | കിണർ നിർമ്മാണം | Nos. | | | | | | |
| | **ആകെ** | | | | **1116000** | **2954547** | **124000** | **4194547** |

| സംഗ്രഹം പ്രകൃതി വിഭവ സംരക്ഷണവും നിർവ്വഹണവും | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ലുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | മൺ വരമ്പ് | RM | 9244 | 82.94 | 0 | 766697 | 0 | 766697 |
| 2 | കല്ല് കയ്യാല | m2 | 62890 | 256.25 | 3314864 | 12432381 | 368318 | 16115563 |
| 3 | കല്ല് കയ്യാല ഉയരം വയ്ക്കൽ | RM | 8618 | 76.88 | 149074 | 496914 | 16564 | 662552 |
| 4 | മഴക്കുഴി | Nos. | 12630 | 79.62 | 0 | 1005601 | 0 | 1005601 |
| 5 | കിണർ റീച്ചാർജ്ജ് | Nos. | 25 | 16000 | 360000 | 0 | 40000 | 400000 |
| 6 | തെങ്ങ് തടം തുറക്കൽ | Nos. | 5869 | 195.36 | 0 | 1146568 | 0 | 1146568 |
| 7 | പടുതാക്കുളം | Nos. | 5 | 7500 | 33750 | 0 | 3750 | 37500 |
| 8 | ഡബ്ല്യൂ യുടെ അറ്റകുറ്റപ്പണി | Nos. | 5 | | 45000 | 0 | 5000 | 50000 |
| 9 | തോട് നവീകരണം | Nos. | 1 | | 261000 | 0 | 29000 | 290000 |
| 10 | കുളം പുനരുദ്ധാരണം | Nos. | 7 | | 3132000 | 0 | 348000 | 3480000 |
| 11 | കിണർ നിർമ്മാണം | Nos. | 1 | | 130500 | 0 | 14500 | 145000 |
| | **ആകെ** | | | | **7426188** | **15848160** | **825132** | **24099480** |

**മുളക്കുളം-വടക്കേക്കര നീർത്തടത്തിലെ ഉല്പ്പാദന സംവിധാനവും ചെറുകിട സംരംഭവും**

*പട്ടിക.* **46** *: നീർത്തടത്തിലെ ഉല്പ്പാദന വ്യവസ്ഥയേയും ചെറുകിട സംരംഭത്തേയും സംബന്ധിച്ച വിവരങ്ങൾ*

| ഭാഗം: 3 : ഉൽപ്പാദന വ്യവസ്ഥയും ചെറുകിട സംരംഭവും 1-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *യൂണിറ്റ്* | *യൂണിറ്റുകളുടെ എണ്ണം* | *യൂണിറ്റ് നിരക്ക്* | *ഐഡബ്ലുഎംപി ഫണ്ട്* | *സംയോജനം* | *ശ്രമദാനം* | *ആകെ തുക* |
| 1 | ഗ്രോ ബാഗ് | 20Nos. | 75 | 2000 | 119470 | 0 | 30530 | 150000 |
| 2 | കിഴങ്ങുവർഗ്ഗ വിളകൾ | 5 Cent | 63 | 3000 | 150019 | 0 | 38981 | 189000 |
| 3 | ഫല വൃക്ഷ തൈ വിതരണം | 5 Nos. | 50 | 375 | 18800 | 0 | 4825 | 23625 |
| 4 | കുരുമുളക് വള്ളി മുറിച്ചത് | Rooted /Cutting | 5071 | 5 | 25356 | 0 | 6339 | 31695 |
| 5 | ജൈവ വളം(എണ്ണയുടെ അംശം ഇല്ലാത്ത വേപ്പിൻ പിണ്ണാക്ക്) | 1 Kg | 350 | 20 | 7008 | 0 | 1752 | 8760 |
| | **ആകെ** | | | | **320653** | **0** | **82427** | **403080** |

| ഭാഗം: 3 : ഉൽപ്പാദന വ്യവസ്ഥയും ചെറുകിട സംരംഭവും 2-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *യൂണിറ്റ്* | *യൂണിറ്റുകളുടെ എണ്ണം* | *യൂണിറ്റ് നിരക്ക്* | *ഐഡബ്ലുഎംപി ഫണ്ട്* | *സംയോജനം* | *ശ്രമദാനം* | *ആകെ തുക* |
| 1 | ബയോഗ്യാസ് | 1m3 | 50 | 15000 | 754182 | 0 | 190818 | 945000 |
| | **ആകെ** | | | | **754182** | **0** | **190818** | **945000** |

| ഭാഗം: 3 : ഉൽപ്പാദന വ്യവസ്ഥയും ചെറുകിട സംരംഭവും 3-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *യൂണിറ്റ്* | *യൂണിറ്റുകളുടെ എണ്ണം* | *യൂണിറ്റ് നിരക്ക്* | *ഐഡബ്ലുഎംപി ഫണ്ട്* | *സംയോജനം* | *ശ്രമദാനം* | *ആകെ തുക* |
| 1 | പച്ചക്കറി കൃഷി/അടുക്കളത്തോട്ടം | 5 Cent | 50 | 2000 | 100242 | 0 | 25758 | 126000 |
| 2 | തെങ്ങിന്റെ മ വൃത്തിയാക്കൽ | 1 Nos. | 500 | 60 | 30000 | 0 | 7500 | 37500 |
| | **ആകെ** | | | | **130242** | **0** | **33258** | **163500** |

| ഭാഗം: 3 : ഉൽപ്പാദന വ്യവസ്ഥയും ചെറുകിട സംരംഭവും 4-ാം വർഷ പദ്ധതി | | | | | | | | |
|---|---|---|---|---|---|---|---|---|
| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *യൂണിറ്റ്* | *യൂണിറ്റുകളുടെ എണ്ണം* | *യൂണിറ്റ് നിരക്ക്* | *ഐഡബ്ലുഎംപി ഫണ്ട്* | *സംയോജനം* | *ശ്രമദാനം* | *ആകെ തുക* |
| 1 | സങ്കരയിനം തെങ്ങിൻ തൈ | 1 Nos. | 250 | 500 | 125200 | 0 | 31300 | 156500 |
| | **ആകെ** | | | | **125200** | **0** | **31300** | **156500** |

| സംഗ്രഹം : ഉൽപ്പാദന വ്യവസ്ഥയും ചെറുകിട സംരംഭവും | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | യൂണിറ്റ് | യൂണിറ്റുകളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ഐഡബ്ലുഎംപി ഫണ്ട് | സംയോജനം | ശ്രമദാനം | ആകെ തുക |
| 1 | ഗ്രോ ബാഗ് | 20Nos. | 75 | 2000 | 119470 | 0 | 30530 | 150000 |
| 2 | കിഴങ്ങുവർഗ്ഗ വിളകൾ | 5 Cent | 63 | 3000 | 150019 | 0 | 38981 | 189000 |
| 3 | പച്ചക്കറി കൃഷി/അടുക്കളത്തോട്ടം | 5 Cent | 50 | 2000 | 100242 | 0 | 25758 | 126000 |
| 4 | ബയോഗ്യാസ് | 1m3 | 50 | 15000 | 754182 | 0 | 190818 | 945000 |
| 5 | തെങ്ങിന്റെ മ വൃത്തിയാക്കൽ | 1 Nos. | 500 | 60 | 30000 | 0 | 7500 | 37500 |
